ISSN-0971-8397

# യോജന

ഫെബ്രുവരി 2017 ഒരു വികസന പത്രിക ₹ 22

## പരിമിത കറൻസി സമ്പദ്‌വ്യവസ്ഥ


നോട്ട് അസാധുവാക്കൽ : ധീരം സുതാര്യം വികസനപരം
അരുൺ ജയ്റ്റ്‌ലി

പരിമിത കറൻസി സമ്പദ്‌വ്യവസ്ഥയ്ക്ക് ഒരു ആമുഖം
പ്രവാഹർ സാഹു, അമോഘ് അറോറ

കറൻസി രഹിത ഗ്രാമീണ സമ്പദ്‌വ്യവസ്ഥ: ഒരു പ്രായോഗിക വിശകലനം
സമീറ സൗരഭ്

പ്രത്യേക ലേഖനം
നോട്ട് അസാധുവാക്കൽ: തെരഞ്ഞെടുപ്പിലെ കള്ളപ്പണത്തിനു കടിഞ്ഞാൺ
എസ്.വൈ. ഖുറേഷി

ഫോക്കസ്
ഡിജിറ്റൽ എക്കണോമി: ആഗോള അനുഭവങ്ങളിൽ നിന്ന് പാഠമുൾക്കൊണ്ട് ഇന്ത്യ
അർപിത മുഖർജി, തനു എം. ഗോയൽ


എന്റെ മൊബൈൽ... എന്റെ ബാങ്ക്... എന്റെ വാലറ്റ്...



# വികസന പാത

## എൽഇഡി അധിഷ്ഠിത തെരുവ് വൈദ്യുതീകരണ പദ്ധതി

എൽഇഡി അടിസ്ഥാനമാക്കിയുള്ള ദേശീയ തെരുവ് വൈദ്യുതീകരണ പദ്ധതിയുടെ ഉദ്ഘാടനം ദക്ഷിണ ഡൽഹി മുനിസിപ്പൽ കോർപ്പറേഷനിൽ 2017 ജനുവരി 9 ന് നടന്നു. ലോകത്തിലെ തന്നെ ഏറ്റവും വലിയ തെരുവു വിളക്ക് പുനസ്ഥാപന പദ്ധതിയാണിത്. കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെയും എനർജി എഫിഷ്യൻസി സർവീസസ് ലിമിറ്റഡിന്റെയും സംയുക്ത സംരംഭമാണിത്.

രാജ്യത്ത് പഞ്ചാബ്, ഹിമാചൽ പ്രദേശ്, ഉത്തർ പ്രദേശ്, അസാം, ത്രിപുര, ജാർഖണ്ഡ്, ഛത്തിസ്ഗഡ്, തെലുങ്കാന, ആന്ധ്രാപ്രദേശ്, കേരളം, ഗോവ, മഹാരാഷ്ട്ര, ഗുജറാത്ത്, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങളിൽ ഇപ്പോൾ എൽ ഇ ഡി അധിഷ്ഠിത ദേശീയ തെരുവ് വൈദ്യുതീകരണ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഏതാണ്ട് 15.59 ലക്ഷം തെരുവുവിളക്കുകൾക്കു പകരം എൽഇഡി ബൾബുകൾ മാറ്റി സ്ഥാപിക്കപ്പെട്ടു കഴിഞ്ഞു. ഇതുവഴി 20.66 കോടി കിലോ വാട്സിന്റെ വൈദ്യുതിയാണ് ലാഭിക്കുന്നത്. തത്ഫലമായി പ്രതിവർഷം 1.71 ലക്ഷം ടൺ ഹരിതഗൃഹ വാതക ബഹിർഗമനവും കുറഞ്ഞു. ഇന്ത്യയിൽ ഫലപ്രദമായ ഊർജ്ജ വിപണിയുടെ സാധ്യത 12 ശതലക്ഷം അമേരിക്കൻ ഡോളറാണ്. ഇപ്പോഴത്തെ അവസ്ഥയെ അപേക്ഷിച്ച് ഇതുവഴി 20 ശതമാനം ഊർജ്ജം ലാഭിക്കാൻ സാധിക്കുമെന്നാണ് കണക്കു കൂട്ടൽ. അതിനു പുതിയ പദ്ധതികളും നടപടികളും വേണം.

എൽ ഇ ഡി അധിഷ്ഠിത തെരുവു വൈദ്യുതീകരണ പദ്ധതി നടപ്പിലാകുന്നതോടെ അടുത്ത ഏഴു വർഷം കൊണ്ട് മൊത്തം 135 കോടി രൂപ ലാഭിക്കാം. തുടർന്നുള്ള ഓരോ വർഷവും 50 കോടി രൂപ വീതവും. ഇങ്ങനെ ലഭിക്കുന്ന തുക മറ്റു സാമൂഹ്യ വികസന പദ്ധതികൾക്കായി വിനിയോഗിക്കാനാണ് ഉദ്ദേശിക്കുന്നത്.

## നക്സൽ ബാധിത മേഖലകളിൽ റോഡ് വികസന പദ്ധതി

നക്സൽ ബാധിത മേഖലകളിലെ കേന്ദ്രാവിഷ്കൃത പരിപാടിയായ റോഡ് വികസന പദ്ധതിക്ക് പ്രധാന മന്ത്രിയുടെ അധ്യക്ഷതയിലുള്ള കേന്ദ്ര മന്ത്രിസഭാ സാമ്പത്തിക കാര്യ ഉപസമിതി അനുമതി നല്കി. നക്സൽ ബാധിത ജില്ലകളിലെ റോഡുകൾ ജനങ്ങളുടെ സുരക്ഷയെ മുൻനിർത്തി നവീകരിക്കുക എന്നതാണ് ലക്ഷ്യം. രൂക്ഷമായ സുരക്ഷാ - വാർത്താവിനിമയ അപര്യാപ്തത നിലനില്ക്കുന്നതും നക്സൽ ബാധിതവുമായ 44 ജില്ലകളിലെയും സമീപ മേഖലകളിലെയും റോഡുകൾ പുനരുദ്ധരിക്കുന്നതിനുള്ള ഈ പദ്ധതി പ്രധാന മന്ത്രി ഗ്രാം സഡക് യോജനയുടെ (പിഎംജിഎസ് വൈ) കീഴിലാണ് നടപ്പാക്കുക. റോഡുകളുടെ പാലങ്ങൾ, അഴുക്കു ചാലുകൾ എന്നിവയാണ് ആദ്യം നിർമ്മിക്കുക. അതോടെ പ്രതികൂല കാലാവസ്ഥകളിൽ പോലും ഈ റോഡുകളിലൂടെ യാത്ര സാധ്യമാകും.

പദ്ധതിയുടെ കീഴിൽ 5,411.81 കിലോ മീറ്റർ റോഡാണ് നിർമ്മിക്കുകയോ പുതുക്കുകയോ ചെയ്യുക. ഈ റോഡുകളോടനുബന്ധിച്ചുള്ള 126 പാലങ്ങളും അതിനുള്ള അഴുക്കുചാലുകളും നിർമ്മിക്കും. പദ്ധതി ചെലവ് 11,724.53 കോടി രൂപയാണ്. ചെലവിന്റെ 60 ശതമാനം കേന്ദ്ര ഗവൺമെന്റു 40 ശതമാനം അതത് സംസ്ഥാന ഗവൺമെന്റുകളും വഹിക്കും. വടക്കേഇന്ത്യയിലെ എട്ടു സംസ്ഥാനങ്ങളിലും മൂന്ന് ഹിമാലയൻ സംസ്ഥാനങ്ങളിലും(ജമ്മുകാശ്മീർ, ഹിമാചൽ പ്രദേശ്, ഉത്തരാഖാണ്ഡ്) മാത്രം ഈ നിരക്ക് 90:10 എന്ന തോതിലായിരിക്കും. പദ്ധതി 2020 ൽ പൂർത്തീകരിക്കും.

രാജ്യത്തെ നക്സൽ ബാധിതമായ 35 ജില്ലകളിലും 9 സമീപ ജില്ലകളിലുമാണ് ജനജീവിതം ദുസഹമാക്കുന്ന ആക്രമണങ്ങളിൽ 90 ശതമാനവും സംഭവിക്കുന്നതെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇവിടെ ഗതാഗത മാർഗ്ഗങ്ങളും റോഡ് സൗകര്യങ്ങളും അപര്യാപ്തമാണ്. ഈ കുറവ് പരിഹരിക്കുക എന്ന ലക്ഷ്യത്തോടെയാണ് ആഭ്യന്തര മന്ത്രാലയം നക്സൽ ബാധിത മേഖലകളിലെ റോഡ് വികസന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നത്. അതീവ സുരക്ഷ ആവശ്യമുള്ള മേഖലകളിലെ ജില്ലാറോഡുകൾ, ഗ്രാമീണ റോഡുകൾ, നിലവിലുള്ള പ്രധാന ജില്ലാ റോഡുകളുടെ നവീകരണം എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. സുരക്ഷാ കാരണങ്ങളാൽ 100 മീറ്റർ വീതിയിലാണ് ഈ റോഡുകളുമായി ബന്ധപ്പെട്ട പാലങ്ങൾ നിർമ്മിക്കുക.

ഫെബ്രുവരി 2017

വാല്യം 45 | ലക്കം 07

# യോജന

മലയാളം പതിപ്പ്

*ചീഫ് എഡിറ്റർ:*
**ദീപിക കച്ചൽ**

*സീനിയർ എഡിറ്റർ:*
**ധന്യ സനൽ കെ.**

*എഡിറ്റർ ഇൻ ചാർജ്:*
**ജെ. മഹേഷ് കുമാർ**





**ഈ ലക്കത്തിൽ**

## പരിമിത കറൻസി സമ്പദ്‌വ്യവസ്ഥ


**മലയാളം പതിപ്പ് :** റ്റി.സി 25/139, ഗവണ്മെന്റ് പ്രസ് റോഡ്, തിരുവനന്തപുരം - 695 001. **ഫോൺ : 0471 - 2323826**
**ഇ-മെയിൽ** : yojanamal50@yahoo.co.in

**വെബ്സൈറ്റ്** : www.yojana.gov.in

**ഇ-മെയിൽ** : yojanace@gmail.com

വരിസംഖ്യ/ബിസിനസ് സംബന്ധമായ വിവരങ്ങൾക്ക് : pdjucir@gmail.com


ആസൂത്രണവും വികസനവും ലക്ഷ്യമാക്കി മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ബംഗാളി, തമിഴ്, അസമിയ, മറാഠി, തെലുങ്ക്, ഗുജറാത്തി, ഉറുദു, പഞ്ചാബി, കന്നട, ഒറിയ എന്നീ 13 ഭാഷകളിൽ പ്രസിദ്ധീകരിക്കുന്നത്.


ഇംഗ്ലീഷ് യോജനയുടെ വരിസംഖ്യാ സംബന്ധമായ അന്വേഷണങ്ങൾക്ക് എഴുതേണ്ട വിലാസം:
ബിസിനസ് മാനേജർ (സർക്കുലേഷൻ ആന്റ് അഡ്വർടൈസ്മെന്റ്) പബ്ലിക്കേഷൻസ് ഡിവിഷൻ, റൂം നം. 48-53, സൂചനാ ഭവൻ, സിജിഒ കോംപ്ലക്സ്, ലോധി റോഡ് ന്യൂഡൽഹി 110 003

**വരിസംഖ്യ: ഒരു വർഷം 230/-, രണ്ടു വർഷം 430/-, മൂന്നു വർഷം 610/-**



യോജനയിൽ അച്ചടിച്ചു വരുന്ന ലേഖനങ്ങളിലെ അഭിപ്രായം ലേഖകരുടേതായിരിക്കും; അവ സർക്കാരിന്റേതാകണമെന്നില്ല. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും യോജനയ്ക്ക് ഉത്തരവാദിത്തമില്ല.


യോജനയുടെ ഉദ്ദേശ്യം വികസനത്തിന്റെ സന്ദേശം നാടെങ്ങും എത്തിക്കുകയാണ്. പക്ഷേ ഇതിൽ ഔദ്യോഗികാഭിപ്രായങ്ങൾക്കു മാത്രമല്ല സ്ഥാനം നല്കപ്പെടുക. ജനാഭിലാഷങ്ങളുടെയും നൈരാശ്യങ്ങളുടെയും കണ്ണാടി കൂടിയാണ് യോജന.

കവർ : ജി.പി. ധോപെ




## ലേഖനങ്ങൾ ക്ഷണിക്കുന്നു

**സമ്പദ് വ്യവസ്ഥ, ആരോഗ്യ, വിദ്യാഭ്യാസ, സാമൂഹ്യക്ഷേമ മേഖലകളിലെ പ്രവണതകൾ എന്നിവ സ്ഥിതിവിവര കണക്കുകളോടെ വിശകലനം ചെയ്യുന്ന ലേഖനങ്ങൾ വിദഗ്ധരിൽനിന്നും ഗവേഷണ വിദ്യാർത്ഥികളിൽനിന്നും ക്ഷണിക്കുന്നു**

*വിലാസം:*

പത്രാധിപർ, യോജന, ഗവ. പ്രസ്സ് റോഡ്, തിരുവനന്തപുരം 695 001

ഇ-മെയിൽ :

yojanamal50@yahoo.co.in

☎ 0471- 2323826

## യോജന തപാലിൽ ലഭിക്കുവാൻ

**പത്രാധിപർ, യോജന**

**ഗവ. പ്രസ് റോഡ്, തിരുവനന്തപുരം – 695001**

**എന്ന വിലാസത്തിൽ നിശ്ചിത തുക മണിയോർഡർ ആയോ ഡിമാന്റ് ഡ്രാഫ്റ്റ് ആയോ അയക്കുക.**

**● ഒരു വർഷം–230 രൂപ ● രണ്ടുവർഷം–430 രൂപ ● മൂന്ന് വർഷം–610 രൂപ**

yojanamal50@yahoo.co.in

☎ 0471- 2323826

യോജന
●ഫെബ്രുവരി 2017 ●വാല്യം 45 ●ലക്കം ഏഴ്

# ഉള്ളടക്കം

## പരിമിത കറൻസി സമ്പദ്‌വ്യവസ്ഥ

7) നോട്ട് അസാധുവാക്കൽ: ധീരം സുതാര്യം വികസനപരം
അരുൺ ജയ്റ്റ്ലി

10) പരിമിത കറൻസി സമ്പദ്‌വ്യവസ്ഥയ്ക്ക് ഒരു ആമുഖം
പ്രവാഹർ സാഹു, അമോഘ് അറോറ

16) കറൻസി രഹിത ഗ്രാമീണ സമ്പദ്‌വ്യവസ്ഥ: ഒരു പ്രായോഗിക വിശകലനം
സമീറ സൗരഭ്

21) പ്രത്യേക ലേഖനം

നോട്ട് അസാധുവാക്കൽ: തെരഞ്ഞെടുപ്പിലെ കള്ളപ്പണത്തിനു കടിഞ്ഞാൺ
എസ്.വൈ. ഖുറേഷി

25) ഫോക്കസ്

ഡിജിറ്റൽ എക്കണോമി: ആഗോള അനുഭവങ്ങളിൽ നിന്ന് പാഠമുൾക്കൊണ്ട് ഇന്ത്യ
അർപിത മുഖർജി, തനു എം. ഗോയൽ

30) ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥയ്ക്ക് കളമൊരുങ്ങുന്നു
ഡി.എസ്. മാലിക്ക്

35) ഇ–ട്രാൻസാക്ഷൻസ്: കാലത്തിനൊത്ത ചുവടുമാറ്റം
ജി. രഘുരാജ്

38) കറൻസി രഹിത സമൂഹം: ഒരു പൊതു വീക്ഷണം
ഡോ. ശ്രീവൃന്ദാ നായർ

42) ഇന്ത്യൻ സാമ്പത്തിക രംഗത്തെ ഡിജിറ്റൽ പരിണാമം
സോണി പി.എ.

45) കറൻസി നോട്ട് പിൻവലിക്കലും റിസർവ് ബാങ്ക് ഇടപെടലും: ഒരു അവലോകനം
ഡോ. ദയാനന്ദൻ എം.എൻ.

48) കറൻസിരഹിത പണമിടപാടുകൾ: രീതികളും സാധ്യതകളും
പ്രഭിഷ എ.ടി

52) സഹകരണ മേഖലയിലെ പ്രതിസന്ധികളും ശാക്തീകരണ മാർഗങ്ങളും
ഡോ. ഇന്ദു എം.ആർ.

54) നിങ്ങൾക്കറിയാമോ?

## അടുത്ത ലക്കം

മാർച്ച് 2017

**കേന്ദ്ര ബജറ്റ് 2017–18**

2016 നവംബര്‍ 8 ന് 500, 1000 രൂപ നോട്ടുകളുടെ നാണയമൂല്യം ഇല്ലാതാക്കിക്കൊണ്ട് പ്രധാനമന്ത്രി പ്രഖ്യാപനം നടത്തിയപ്പോള്‍ രാജ്യത്താകമാനം ആദ്യമുണ്ടായ പ്രതികരണം അവിശ്വസനീയമായ എന്തോ കേട്ടതുപോലുള്ള ഒരുതരം ഞെട്ടലായിരുന്നു. കള്ളപ്പണം, അഴിമതി, കള്ളനോട്ട് ഉയര്‍ത്തുന്ന ഭീഷണി എന്നിവ തടയലായിരുന്നു ഈ നീക്കത്തിന്റെ മുഖ്യ ലക്ഷ്യം. അനുദിനം കുതിച്ചുയരുന്ന നാണ്യപ്പെരുപ്പവും കച്ചവട സാധനങ്ങളുടെ വിലവര്‍ധനവും മൂലം താരതമ്യേന മൂല്യം കുറഞ്ഞ 100, 50 രൂപ നോട്ടുകള്‍ വിപണിയില്‍ നിന്ന് ഫലത്തില്‍ അപ്രത്യക്ഷമായ അവസ്ഥയില്‍ ആയിരിത്തീര്‍ന്നിരുന്നു. പത്ത് രൂപ നോട്ട് സ്വീകരിക്കുന്ന രണ്ടേ രണ്ടുപേരേ ഉള്ളൂ, ദൈവവും യാചകരും എന്ന മട്ടില്‍ ഒരു തമാശ പോലും പ്രചരിച്ചിരുന്നു.

ഇന്ത്യയില്‍ മുമ്പ് രണ്ട് തവണ ഇത്തരത്തില്‍ നോട്ട് അസാധുവാക്കല്‍ നടത്തിയിട്ടുണ്ട്. ആദ്യം 1946 ലും പിന്നീട് 1978 ലും. എന്നാല്‍ ഈ രണ്ട് സമയത്തും ഇന്ത്യന്‍ സമ്പദ് വ്യവസ്ഥ ഇത്രത്തോളമൊന്നും വളര്‍ന്നിരുന്നില്ല. വളരെക്കുറച്ച് ആളുകള്‍ക്ക് മാത്രം ലഭ്യമായിരുന്ന ഉയര്‍ന്ന മൂല്യമുള്ള നോട്ടുകളുടെ നാണയമൂല്യമാണ് അന്ന് ഇല്ലാതാക്കിയത്. അതുകൊണ്ടുതന്നെ ആ നോട്ടുകള്‍ പിന്‍വലിച്ചതുകൊണ്ട് സാധാരണക്കാര്‍ക്ക് വലിയ പ്രയാസങ്ങളൊന്നും ഉണ്ടായില്ല. എന്നാല്‍ ഇത്തവണത്തെ നോട്ടുപിന്‍വലിക്കല്‍ പ്രഖ്യാപനത്തിന് വ്യാപകമായ പ്രത്യാഘാതങ്ങള്‍ ഉണ്ടായിരുന്നു. 500, 1000 രൂപ നോട്ടുകളാണ് നിലവില്‍ വ്യാപകമായി ഉപയോഗിക്കപ്പെട്ടുകൊണ്ടിരുന്നത് എന്നതുകൊണ്ടുതന്നെ, അവയുടെ നാണയമൂല്യം ഇല്ലാതാക്കിയപ്പോള്‍ പാലും ബ്രെഡും മുട്ടയും പച്ചക്കറികളും പഴങ്ങളും പോലുള്ള ദൈനംദിന അവശ്യവസ്തുക്കള്‍ വാങ്ങാന്‍ പോലും ജനങ്ങളുടെ കൈയില്‍ പണമില്ലാത്ത അവസ്ഥയുണ്ടായി. എങ്ങനെ ഫീസ് അടക്കും, ശമ്പളം കൊടുക്കും, വീട്ടുചെലവുകള്‍ നടത്തും തുടങ്ങിയവ സാധാരണക്കാരന്റെ ദൈനംദിന ആശങ്കകളായി മാറി. ബാങ്കുകളിലെയും എ. ടി എമ്മുകളിലെയും കറന്‍സി ഞെരുക്കം ജനങ്ങളുടെ ദുരിതം വീണ്ടും വര്‍ധിപ്പിച്ചു. ബാങ്ക് അക്കൗണ്ടില്‍ പണം നിക്ഷേപിക്കാനും പഴയ നോട്ട് മാറ്റി പുതിയത് വാങ്ങാനും എ. ടി എമ്മുകളില്‍ നിന്ന് ദുര്‍ലഭമായി കിട്ടുന്ന പണം പിന്‍വലിക്കാനുമുള്ള നെട്ടോട്ടമായിരുന്നു പിന്നീട് കണ്ടത്.

ഇതിനിടയില്‍ സാധാരണക്കാരന് യഥാര്‍ത്ഥത്തില്‍ ആശ്വാസം പകര്‍ന്ന ഏക സംഗതി ഡീമോണിറ്റൈസെഷന്റെ പ്രഖ്യാപിത ഉദ്ദേശ്യലക്ഷ്യമായിരുന്നു, കള്ളപ്പണം പുറത്തുകൊണ്ടുവരലും ഭീകരപ്രവര്‍ത്തനങ്ങള്‍ക്കുള്ള സാമ്പത്തിക ലഭ്യത തടയലും. അഴിമതിക്കും കള്ളപ്പണത്തിനും കള്ളനോട്ടിനും എതിരായ പോരാട്ടത്തില്‍ സാധാരണ പൗരന്റെ കരങ്ങള്‍ക്ക് ഈ നടപടി കരുത്ത് പകരുമെന്ന് പ്രധാനമന്ത്രി തന്റെ പ്രസംഗത്തില്‍ പ്രഖ്യാപിച്ചിരുന്നു. കള്ളപ്പണ സമ്പദ് വ്യവസ്ഥയുണ്ടാക്കുന്ന പ്രശ്നങ്ങളാലും കള്ളപ്പണ ധനസഹായത്തോടെ ഭീകരസംഘടനകള്‍ നടത്തുന്ന അക്രമപ്രവര്‍ത്തനങ്ങളാലും നിരാശരായിരുന്ന സാധാരണക്കാര്‍ ഇത്തരം പ്രവര്‍ത്തനങ്ങള്‍ക്ക് അന്ത്യം കുറിക്കാന്‍ ചില കര്‍ക്കശ നടപടികള്‍ എടുത്തതില്‍ സന്തുഷ്ടരായിരുന്നു.

ഡീമോണട്ടൈസേഷന് പിന്നിലെ സര്‍ക്കാരിന്റെ മറ്റൊരു ലക്ഷ്യം കറന്‍സിരഹിത സമ്പദ് വ്യവസ്ഥ സൃഷ്ടിക്കലായിരുന്നു. എല്ലാ പണമിടപാടുകളെയും പിന്തുടരാനാവുന്നതുകൊണ്ട് കറന്‍സി രഹിത പണമിടപാടുകള്‍ക്ക് സുതാര്യതയെന്ന ഗുണമുണ്ട്. ഭീകര സംഘടനകള്‍ക്കും ദേശവിരുദ്ധ പ്രവര്‍ത്തനങ്ങള്‍ക്കും ധനസഹായം നല്‍കുന്നത് കണ്ടെത്താന്‍ ഇത് സര്‍ക്കാരിനെ സഹായിക്കും. എന്നിരുന്നാലും, ജനസംഖ്യയുടെ വലിയൊരു വിഭാഗം നിരക്ഷരരും, ഡിജിറ്റല്‍ പണമിടപാടുകള്‍ക്ക് ആവശ്യമായത്ര അടിസ്ഥാന സൗകര്യങ്ങള്‍ ലഭ്യമല്ലാത്ത ഗ്രാമപ്രദേശങ്ങള്‍ ധാരാളമായുമുള്ള ഒരു രാജ്യത്ത് പൂര്‍ണമായും കറന്‍സിരഹിത സമ്പദ് വ്യവസ്ഥ സൃഷ്ടിക്കാന്‍ സാധ്യമല്ല. അതുകൊണ്ട് തന്നെ ഇപ്പോഴത്തെ ഈ പരിശ്രമം ഒരു പരിമിത കറന്‍സി സമ്പദ് വ്യവസ്ഥ - അതായത് പണമിടപാടുകളുടെ ഒരു ഭാഗം കറന്‍സിയും ബാക്കി ഡിജിറ്റല്‍ ഇടപാടുമായ സമ്പദ് വ്യവസ്ഥ - സൃഷ്ടിക്കാനാണ്. ഡിജിറ്റല്‍ പണിമിടപാട് നടത്തുന്നവര്‍ക്കും ഡിജിറ്റല്‍ പണമിടപാടിനുള്ള സൗകര്യങ്ങള്‍ ഒരുക്കി കൊടുക്കുന്നവര്‍ക്കും പ്രോത്സാഹന സമ്മാനങ്ങളും വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്.

സൈബര്‍ കുറ്റകൃത്യങ്ങള്‍ ഉയര്‍ത്തുന്ന അപകട ഭീഷണിയാണ് പരിമിത കറന്‍സി സമ്പദ് വ്യവസ്ഥയിലെ ആശങ്കയുളവാക്കുന്ന ഒരു പ്രധാന സംഗതി. ഡിജിറ്റല്‍ പണമിടപാട് രീതികള്‍ പണം കൊണ്ടുനടക്കുന്നത് മൂലമുള്ള അപകട സാധ്യതകള്‍ കുറയ്ക്കുമെങ്കിലും അവയ്ക്ക് സൈബര്‍ സുരക്ഷാ ഭീഷണികള്‍ക്കുള്ള സാധ്യതയേറെയാണ്. അതേസമയം തന്നെ ഇത്തരം സൈബര്‍ കുറ്റകൃത്യങ്ങള്‍ കൈകാര്യം ചെയ്യുന്നതിന് കൃത്യമായ പോംവഴികള്‍ ഉണ്ട് എന്നതും കാണാതെ പോകരുത്. പലപ്പോഴും സാങ്കേതികവിദ്യയുടെ കുഴപ്പമല്ല സൈബര്‍ സുരക്ഷ അപകടങ്ങള്‍ക്ക് ഇടയാക്കുന്നത്, ഉപഭോക്താക്കളുടെ ഭാഗത്ത് നിന്നുള്ള അശ്രദ്ധയാണ്. അതുകൊണ്ടുതന്നെ, ഉന്നതമായ സൈബര്‍ സുരക്ഷ നിലവാരം ഉറപ്പുവരുത്തുന്നതിനും അപകടസാധ്യത പരമാവധി കുറയ്ക്കുന്നതിന് ആവശ്യമായ മുന്‍കരുതലുകള്‍ എടുക്കുന്നതിനെക്കുറിച്ച് ജനങ്ങളെ ബോധവത്കരിക്കുന്നതിനും കര്‍ശനമായ നയങ്ങള്‍ ആവശ്യമാണ്.

സമ്പദ് വ്യവസ്ഥയെ ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള നടപടികള്‍ വിവിധ രാജ്യങ്ങള്‍ പലപ്പോഴായി എടുത്തിട്ടുണ്ട്. അവയില്‍ ചിലത് വിജയകരമായപ്പേള്‍ മറ്റു ചിലത് അത്രത്തോളം വിജയകരമായിട്ടില്ല. ഇതുവരെയുള്ളവയില്‍ ഏറ്റവുമധികം വിജയിച്ചത് സ്വീഡനിലാണ്. ഇന്ത്യയില്‍ ഇത് എത്രത്തോളം വിജയിക്കും എന്നത്, ഇവിടുത്തെ ബഹുഭൂരിപക്ഷം വരുന്ന നിരക്ഷരരെയും അര്‍ധ സാക്ഷരരെയും, ഇന്റര്‍നെറ്റ് ലഭ്യതയില്ലാത്തതോ ലഭ്യത കുറഞ്ഞതോ ആയ ഗ്രാമപ്രദേശങ്ങളിലുള്ളവരെയും എത്രത്തോളം ഇക്കാര്യത്തില്‍ ബോധവത്കരിക്കാനാവും എന്നതിനെ അനുസരിച്ചിരിക്കും. സൈബര്‍ സുരക്ഷാ പ്രശ്നങ്ങള്‍ നേരിടുന്നതിനുള്ള ഫലപ്രദമായ നയങ്ങളും പൊതുജനങ്ങള്‍ക്കായി വന്‍തോതിലുള്ള ബോധവത്കരണ കാമ്പയിനുകളും സര്‍ക്കാരിന്റെ ഭാഗത്ത് നിന്നുണ്ടായാലേ ഡിജിറ്റല്‍ സമ്പദ് വ്യവസ്ഥയുടെ കാര്യത്തില്‍ ഇന്ത്യ ലോകരാജ്യങ്ങള്‍ക്കിടയിലെ വന്‍ശക്തിയാവുമെന്ന പ്രതീക്ഷ വെച്ചുപുലര്‍ത്താനാവൂ.

# നോട്ട് അസാധുവാക്കല്‍:
# ധീരം സുതാര്യം വികസനപരം

അരുണ്‍ ജയ്റ്റ്‌ലി

ഉയര്‍ന്ന മൂല്യമുണ്ടായിരുന്ന കറന്‍സികള്‍ റദ്ദാക്കിക്കൊണ്ടുള്ള തീരുമാനം പ്രധാനമന്ത്രി പ്രഖ്യാപിച്ചിട്ട് രണ്ടുമാസത്തിലേറെയായി. രാജ്യത്തെ കറന്‍സിയുടെ 86 ശതമാനത്തോളം (ജിഡിപിയുടെ 12.2 ശതമാനം വിഹിതം) വരുന്ന ഉയര്‍ന്ന മൂല്യമുള്ള നോട്ടുകളെ ഒറ്റയടിക്ക് വിപണിയില്‍നിന്നു ബഹിഷ്കൃതമാക്കിയ നടപടിയായിരുന്നു അത്. പകരം പുതിയ കറന്‍സി എത്തുന്നതേയുള്ളു. ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥയിലും പൗരജീവിതത്തിലും ഈ തീരുമാനം ശക്തമായ ഉടച്ചുവാര്‍ക്കല്‍ നടത്തിയിട്ടുണ്ടെന്നത് വളരെ വ്യക്തമാണ്.

പുതിയ കറന്‍സികള്‍ വിപണിയിലേക്ക് എത്തിക്കൊണ്ടിരിക്കുന്ന സാഹചര്യത്തില്‍ ഈ തീരുമാനത്തിന്റേയും അതുണ്ടാക്കുന്ന പ്രത്യാഘാതങ്ങളുടേയും പിന്നിലുള്ള യുക്തിഭദ്രതയെക്കുറിച്ചു വിശദമായ വിശകലനം നടത്തുന്നത് തീര്‍ച്ചയായും പ്രയോജനമുള്ള കാര്യമാണ്.

## കള്ളപ്പണത്തിനെതിരേയുള്ള ചുവടുവയ്പുകള്‍

കള്ളപ്പണത്തിനും നിഴല്‍ സമ്പദ്ഘടനയ്ക്കും (സമാന്തര സമ്പദ്ഘടന) എതിരേയുള്ള നീക്കമാണിതെന്ന് അര്‍ത്ഥശങ്കയ്ക്കിടമില്ലാത്തവിധം ആദ്യദിവസം തന്നെ ഗവണ്‍മെന്റ് വ്യക്തമാക്കിയിരുന്നു. സുപ്രീംകോടതിയുടെ മാര്‍ഗനിര്‍ദ്ദേശത്തില്‍ പ്രത്യേക അന്വേഷണ സംഘം രൂപീകരിക്കുകയായിരുന്നു ഗവണ്‍മെന്റിന്റെ ആദ്യത്തെ തീരുമാനം. കള്ളപ്പണ നിക്ഷേപം സംബന്ധിച്ച വിവരങ്ങള്‍ പങ്കുവയ്ക്കുന്നതിനു രാജ്യാന്തര സഹകരണം വേണമെന്ന നിര്‍ദ്ദേശം ബ്രിസ്ബേനില്‍ നടന്ന ജി 20 അന്താരാഷ്ട്ര സമ്മേളനത്തില്‍ പ്രധാനമന്ത്രി മുന്നോട്ടുവച്ചു. യുഎസുമായി ഇക്കാര്യത്തിലുള്ള സഹകരണം കുറേക്കൂടി മുന്നോട്ടു കൊണ്ടുപോയി. ഇന്ത്യന്‍ പൗരന്മാരുടെ സ്വിറ്റ്സര്‍ലന്‍ഡിലെ നിക്ഷേപം സംബന്ധിച്ച വിവരങ്ങള്‍ 2019 മുതല്‍ പൂര്‍ണമായും പരസ്പരം കൈമാറുന്നതിനുള്ള കരാര്‍ ഗവണ്‍മെന്റ് പൂര്‍ത്തിയാക്കി. മൗറീഷ്യസുമായി 1996 മുതലുള്ള ഇരട്ടനികുതി ഒഴിവാക്കല്‍ കരാര്‍ ചര്‍ച്ച ചെയ്തു പരിഷ്കരിക്കാന്‍ തീരുമാനിച്ചിട്ടുണ്ട്. സൈപ്രസ്, സിംഗപ്പൂര്‍ തുടങ്ങിയ രാജ്യങ്ങളുമായുള്ള സമാനമായ കാരാറുകളിലും പുനഃചര്‍ച്ച നടത്തി. വിദേശത്തുള്ള നിയമപരമല്ലാത്ത ആസ്തികള്‍ കൈകാര്യം ചെയ്യുന്നതിനുള്ള കള്ളപ്പണ നിയന്ത്രണ നിയമം കേന്ദ്രഗവണ്മെന്റ് നടപ്പിലാക്കി. കള്ളപ്പണം കണ്ടെത്തിയാല്‍ 60 ശതമാനം നികുതിയും 10 വര്‍ഷം വരെ തടവും നല്‍കാന്‍ സാധിക്കുന്നവിധത്തിലുള്ള നിയമമാണ് പാസാക്കിയിട്ടുള്ളത്.

നാല്‍പ്പത്തിയഞ്ചു ശതമാനം നികുതിയോടെയുള്ള 2016-ലെ വരുമാനം വെളിപ്പെടുത്തല്‍ പദ്ധതി (Income Declaration Scheme) വന്‍ വിജയമായിരുന്നു. രണ്ടു ലക്ഷം രൂപയ്ക്കു മുകളില്‍ കാഷ് ഉപയോഗിച്ച് ഇടപാടു നടത്തുന്നതിനു പാന്‍ കാര്‍ഡ് നിര്‍ബന്ധമാക്കിയത് കള്ളപ്പണം ഉപയോഗിച്ചുള്ള സാമ്പത്തിക ഇടപാടുകള്‍ ബുദ്ധിമുട്ടാക്കി. 1988-ല്‍ പാസാക്കിയ ബിനാമി നിയമം ഇതുവരെയും നടപ്പാക്കിയിരുന്നില്ല. ഇതില്‍ ഭേദഗതി വരുത്തി നടപ്പാക്കാന്‍ ഇത്തവണ സര്‍ക്കാരിനായി. ഈ വര്‍ഷം നടപ്പാക്കാന്‍ ലക്ഷ്യമിട്ടിരിക്കുന്ന ജിഎസ്ടി (GST), പരോക്ഷനികുതി സംവിധാനം മെച്ചപ്പെടുത്തും. നികുതി വെട്ടിപ്പ് തടയുകയും ചെയ്യും. ഉയര്‍ന്ന മൂല്യമുള്ള നോട്ടുകളുടെ പിന്‍വലിക്കല്‍ ഈ വഴിക്കുള്ള ഏറ്റവും വലിയ ചുവടുവയ്പാണ്.

## പുതിയ 'സാധാരണ ക്രമം'

രാജ്യത്തെ 125 കോടി ജനസംഖ്യയില്‍ 2015-16 വര്‍ഷം നികുതി റിട്ടേണ്‍ നല്‍കിയത് 3.7 കോടിയാ

ളുകൾ മാത്രമാണ്. ഇതിൽ 99 ലക്ഷം പേരുടെ വാർഷിക വരുമാനം 2.5 ലക്ഷം രൂപയിൽ താഴെയായതിനാൽ നികുതിയൊന്നും നൽകേണ്ടതില്ല; 1.95 കോടിയാളുകൾ വെളിപ്പെടുത്തിയ വരുമാനം അഞ്ചു ലക്ഷം രൂപയിൽ താഴെയാണ്; 5-10 ലക്ഷം രൂപയ്ക്കിടയിൽ വരുമാനമുള്ളവർ 52 ലക്ഷമാണ്; പത്തു ലക്ഷം രൂപയ്ക്കു മുകളിൽ വരുമാനം വെളുപ്പെടുത്തിയവർ 24 ലക്ഷം പേരേയുള്ളു. പ്രത്യക്ഷ, പരോക്ഷ നികുതി ബാധ്യതകൾ പാലിക്കാത്ത സമൂഹമാണ് ഇന്ത്യയിലേതെന്നതിനു മറ്റു തെളിവുകളൊന്നും വേണ്ട.

നികുതി ബാധ്യതകൾ പാലിക്കാത്തതുമൂലം ദാരിദ്ര്യ നിർമാർജനം, ദേശീയ സുരക്ഷ, സാമ്പത്തിക വികസനം തുടങ്ങിയവയ്ക്ക് ആവശ്യമായ ചെലവുകളിൽ വിട്ടുവീഴ്ച നടത്തേണ്ട സ്ഥിതിയാണ്. കഴിഞ്ഞ ഏഴു ദശകങ്ങളായി ഇന്ത്യൻ ഇടപാടുകൾ ഭാഗികമായി പണത്തിലും ഭാഗികമായി ചെക്കിലുമാണ് നടക്കുന്നത്. ഇത് ഏതാണ്ട് സാധാരണപോലെയാണ്. 'പക്കാ' (Sure) അക്കൗണ്ടും 'കച്ചാ' (Imperfect) അക്കൗണ്ടും ഇന്ന് ബിസിനസ് ഭാഷയുടെ ഭാഗമാണ്. നികുതി വെട്ടിക്കുന്നതിനെ അധാർമികമായോ സദാചാരവിരുദ്ധമായോ കരുതുന്നതേയില്ല. സാധാരണ ജീവിതത്തിന്റെ ഭാഗമായാണ് ഇതിനെ കാണുന്നത്.

പുതിയൊരു 'സാധാരണ ക്രമം' സൃഷ്ടിക്കാനുള്ള ഇച്ഛയാണ് പ്രധാനമന്ത്രിയുടെ തീരുമാനത്തിലുള്ളത്. ഇന്ത്യയുടേയും ഇന്ത്യക്കാരുടേയും ചെലവുഘടനയിൽ മാറ്റം വരുത്തുവാൻ ഇതു ഉദ്ദേശിക്കുന്നു. ഇത് തീർച്ചയായും വ്യവസ്ഥാപരമായ ചില കീഴ്‌വഴക്കങ്ങളെ തച്ചുടക്കുന്നതാണ്. എല്ലാ പരിഷ്കാരങ്ങളും ഇത്തരം തച്ചുടക്കലുകൾക്ക് വിധേയവുമാണ്. അവ പുരോഗതിയെ പിന്നോട്ടു വലിക്കുന്ന മനഃസ്ഥിക്ക് മാറ്റം വരുത്തുന്നു. നോട്ട് പിൻവലിക്കൽ സത്യസന്ധതയ്ക്കു പ്രീമിയം നൽകലാണ്, വഞ്ചനയ്ക്കുള്ള ശിക്ഷയും.

## കറൻസിയുടെ പ്രതികൂല ഫലങ്ങൾ

കടലാസ് കറൻസി പലിശയില്ലാത്ത, ബെയറർ ബോണ്ടു മാത്രമാണ്. പേരോ അല്ലെങ്കിൽ ചരിത്രമോ ഒന്നും ഇതിനോട് ചേർത്തുണ്ടാവില്ല. അധിക കറൻസി ഒളിവ് സമ്പദ്ഘടനയുടെ കൈമാറ്റ മാധ്യമമായി മാറുകയാണ്. നികുതി നൽകാതിരിക്കുന്നതിലേക്കു നയിക്കുന്നുവെന്നു മാത്രമല്ല, ഇതു നികുതി വെട്ടിപ്പുകാർക്ക് അനുകൂലവുമാകുന്നു. പാവപ്പെട്ടവരേയും അശരണരേയും ഇതു പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു. ഹവാല വഴി കുന്നോളം കറൻസിയാണ് നികുതി നൽകേണ്ടാത്ത സ്ഥലങ്ങളിൽ എത്തിച്ചേരുന്നത്. കറൻസി ഇപാടുകളെ പിന്തുടരുക പ്രയാസമാണ്. കറൻസി മൂലമോ അതുമായി ബന്ധപ്പെട്ടോ കുറ്റകൃത്യങ്ങൾ ധാരാളമായി ഉണ്ടാകുന്നു. കൈക്കൂലി, കള്ളനോട്ട്, ഭീകര സംഘടനകൾക്കുള്ള ഫണ്ടിംഗ് തുടങ്ങിയവയ്ക്കെല്ലാം കറൻസിയാണ് മാധ്യമം. പടിഞ്ഞാറുള്ള വികസിത രാജ്യങ്ങൾ കാഷിന്റെ അധികോപയോഗം കുറയ്ക്കുന്നതിനായി സാങ്കേതികവിദ്യയുടെ സഹായത്തോടെ ഡിജിറ്റൽ ബാങ്കിംഗ് ഇടപാടിലേയ്ക്കു സ്ഥിരതയോടെ മാറിക്കൊണ്ടിരിക്കുകയാണ്.

നികുതി വെട്ടിപ്പുകാരിൽനിന്നു കൂടുതൽ നികുതി പിരിക്കാൻ ഗവൺമെന്റിനു കഴിയുമ്പോൾ മറ്റുള്ളവരിൽനിന്നു അതിൽ കുറവു നികുതി ശേഖരിച്ചാൽ മതിയാകും. പേപ്പർ കറൻസികൾ പല ദുർവാസനകളിലേക്കും വാതിൽ തുറക്കുന്നുവെന്നു പറയാം. കാഷിന്റെ ലഭ്യത കുറയുന്നത് കുറ്റകൃത്യങ്ങളേയും ഭീകരപ്രവർത്തനങ്ങളേയും അപ്പാടെ ഇല്ലാതാക്കുകയില്ലെങ്കിലും അവയുടെ മേൽ ശക്തമായ നിയന്ത്രണമേൽപ്പിക്കാൻ ഇതിനു കഴിയും.

## നോട്ട് അസാധുവാക്കലിന്റെ പ്രാധാന്യം

ഉയർന്ന മൂല്യമുള്ള നോട്ടുകൾ പിൻവലിക്കാനും പകരം നോട്ട് ഇറക്കാനുമുള്ള തീരുമാനം എടുക്കുവാൻ കരുത്തും ചങ്കൂറ്റവും ഒരുപോലെ വേണം. ഈ തീരുമാനം നടപ്പാക്കുന്നത് വേദനാജനകമാണെന്നതിൽ സംശയമില്ല. ഇത് താൽക്കാലികമായി അസൗകര്യങ്ങളും വിമർശനങ്ങളും കൊണ്ടുവന്നു. പഴയതിനു പകരം പുതിയ നോട്ടുകൾ എത്തുന്നതുവരെയുള്ള കാലയളവിൽ സാമ്പത്തിക പ്രവർത്തനങ്ങളിൽ കുറവുണ്ടായത് സമ്പദ്ഘടനയിൽ ആഘാതങ്ങളുണ്ടാക്കും. ഈ തീരുമാനം അതീവ രഹസ്യത്തോടെയുള്ളതായിരുന്നു. വലിയൊരു തുകയ്ക്കുള്ള പുതിയ നോട്ടുകൾ അച്ചടിച്ച്

ബാങ്കുകൾ, പോസ്റ്റോഫീസുകൾ, എടിഎമ്മുകൾ തുടങ്ങിയവയിൽ എത്തിക്കേണ്ട ചുമതലയും വലിയ രഹസ്യ സ്വഭാവത്തോടെ നടപ്പിലാക്കേണ്ടതാണ്.

റദ്ദാക്കിയ നോട്ടുകളിൽ നല്ലൊരു പങ്കും ബാങ്കുകളിൽ ഡിപ്പോസിറ്റ് ചെയ്തു എന്നതുകൊണ്ട് അതു നിമയപരമായ പണം ആയിരിക്കണമെന്നില്ല എന്നതാണ് വസ്തുത. ബാങ്കിൽ ഡിപ്പോസിറ്റ് ചെയ്തു എന്നതുകൊണ്ടു മാത്രം കള്ളപ്പണത്തിന്റെ നിറം മാറുന്നില്ല. അതേസമയം ഈ പണത്തിന്റെ അജ്ഞാതാവസ്ഥ ഇതോടെ ഇല്ലാതാവുകയാണ്. ഇപ്പോൾ ഈ പണത്തിന്റെ ഉടമസ്ഥൻ ആരാണെന്നു തിരിച്ചറിയാം. റവന്യു വകുപ്പിന് ഈ പണത്തിനുമേൽ നികുതി ഈടാക്കാം. ആദായനികുതി നിയമപ്രകാരം ഈ പണത്തിനു നികുതി ഒടുക്കാൻ ഉടമസ്ഥനു ബാധ്യത വരുന്നു. ആ പണം സ്വയം പ്രഖ്യാപിച്ചതായാലും അല്ലാതെ കണ്ടെത്തിയതായാലും വ്യത്യസ്തവും ഉയർന്നതുമായ നികുതിക്കും പിഴയ്ക്കും അത് വിധേയമാണ്.

## ഇപ്പോഴത്തെ സ്ഥിതി

നോട്ട് ലഭ്യത സംബന്ധിച്ച അസൗകര്യങ്ങളുടേയും വിഷമതകളുടേയും കാലഘട്ടം ഏതാണ്ട് അവസാനിച്ചിരിക്കുന്നു. സാമ്പത്തിക ക്രയവിക്രയങ്ങൾ പഴയ ഒഴുക്കിലേക്ക് തിരികെ വന്നിരിക്കുകയാണ്. വളർച്ചയ്ക്കു സഹായകമായ വിധത്തിൽ വായ്പ നൽകാൻ ബാങ്കുകളുടെ കൈവശം കൂടുതൽ പണം എത്തിച്ചേർന്നിരിക്കുന്നു. കുറഞ്ഞ ചെലവിൽ ബാങ്കുകളുടെ കൈവശം ഡിപ്പോസിറ്റായി ഈ പണം എത്തിയിട്ടുള്ളതിനാൽ പലിശ നിരക്ക് കുറയ്ക്കാൻ ബാങ്കുകൾ ബാധ്യസ്ഥരാണ്. ഈ രണ്ടു കാര്യങ്ങളും സംഭവിച്ചു കഴിഞ്ഞിരിക്കുന്നു. വിപണിയിൽ കറൻസിയായി കൈമാറ്റം ചെയ്യപ്പെട്ടിരുന്ന കോടിക്കണക്കിനു രൂപ ഇപ്പോൾ ബാങ്കിംഗ് സംവിധാനത്തിലേക്ക് എത്തപ്പെട്ടിരിക്കുന്നു. ഈ പണത്തിന്റെ അജ്ഞാതാവസ്ഥ ഇല്ലാതായി എന്നു മാത്രമല്ല, നികുതി നൽകിയശേഷം ഇതിന്റെ ഉടമസ്ഥർക്ക് അതു ഫലപ്രദമായി ഉപയോഗപ്പെടുത്തുവാനും സാധിച്ചിരിക്കുകയാണ്. ബാങ്കിംഗ് ഇടപാടുകളുടെ എണ്ണവും അതുവഴി സമ്പദ്ഘടനയുടെ വലുപ്പവും വർധിക്കുവാൻ ഇത് ഇടയാക്കും. മധ്യ, ദീർഘകാലത്തിൽ ജിഡിപി ശുദ്ധവും ബൃഹത്തുമായിത്തീരും. ബാങ്കിംഗ് സംവിധാനത്തിലേക്ക് പണം എത്തിച്ചേരുകയും ഔദ്യോഗികമായി മാത്രം അതു കൈകാര്യം ചെയ്യപ്പെടുകയും ചെയ്യുന്നത് ഉയർന്ന നികുതി വരുമാനത്തിനു വഴിതെളിക്കും. പ്രത്യക്ഷ, പരോക്ഷ നികുതി വരുമാനം വർധിപ്പിക്കുന്നതിൽ ഇത് വലിയ സാധ്യതയാണ് ഉണ്ടാക്കുന്നത്. കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്ക് ഒരുപോലെ ഇതു നേട്ടം നൽകും. കറൻസിക്കൊപ്പം ഡിജിറ്റൽ ഇടപാടുകളും ഇന്ത്യൻ സമ്പദ്ഘടനയിൽ നിർണായകമാകാൻ പോവുകയാണ്.

*(കേന്ദ്ര ധനകാര്യമന്ത്രിയാണ് ലേഖകൻ)*

*വിജ്ഞാനപാത*

## കള്ളപ്പണം തടയാൻ പ്രധാനമന്ത്രി ഗരീബ് കല്യാൺ യോജന

ആയിരത്തിന്റേയും അഞ്ഞൂറിന്റേയും നോട്ടുകൾ അസാധുവാക്കിയതിന് പിന്നാലെ കള്ളപ്പണം തടയാൻ കേന്ദ്രസർക്കാർ പുതിയ പദ്ധതി പ്രഖ്യാപിച്ചു. കള്ളപ്പണം സ്വമേധയാ വെളിപ്പെടുത്തി നിയമ നടപടികൾ ഒഴിവാക്കാൻ പൗരന്മാരെ സഹായിക്കുക എന്നതാണ് പുതിയ പദ്ധതിയായ ഗരീബ് കല്യാൺ യോജനയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. കള്ളപ്പണം സ്വമേധയാ വെളിപ്പെടുത്തി 50% നികുതി അടച്ചാൽ നിയമനടപടികൾ ഒഴിവാക്കും. നികുതിക്ക് പുറമെ 25% തുക 4 വർഷത്തേക്ക് മരവിപ്പിക്കുകയും ചെയ്യും. അതേസമയം ബാങ്കിലെ നിക്ഷേപം കള്ളപ്പണമെന്ന് ആദായനികുതി വകുപ്പിന്റെ അന്വേഷണത്തിൽ വ്യക്തമായാൽ 90% നികുതി ഈടാക്കും. റെയ്ഡിലൂടെ ആണ് പണം പിടിച്ചെടുക്കുന്നതെങ്കിൽ കള്ളപ്പണത്തിന്റെ 60 ശതമാനം നികുതി ആയി നൽകണം. മാർച്ച് 31 വരെയാണ് പദ്ധതിയുടെ കാലാവധി. ബാങ്കുകൾ വഴിയും ഹെഡ്/സബ് പോസ്റ്റ് ഓഫീസുകൾ വഴിയും പണം നിക്ഷേപിക്കാം. ഈ പദ്ധതിയിലൂടെ ലഭിക്കുന്ന പണം ജലസേചനം, ശൗചാലയ നിർമ്മാണം, അടിസ്ഥാന സൗകര്യ വികസനം, പ്രാഥമിക വിദ്യഭ്യാസം, ആരോഗ്യം തുടങ്ങിയ മേഖലകളിൽ ദരിദ്രജനങ്ങളുടെ വികസനത്തിനായി വിനിയോഗിക്കും.

# പരിമിത കറൻസി സമ്പദ് വ്യവസ്ഥയ്ക്ക് ഒരു ആമുഖം

പ്രവാഹർ സാഹു, അമോഘ് അറോറ

രാജ്യത്ത് പ്രചാരത്തിലിരുന്ന 500, 1000 എന്നീ മുല്യങ്ങളുടെ കറൻസി നോട്ടുകൾ അസാധുവാക്കിക്കൊണ്ട് 2016 നവംബർ 8-ന് കേന്ദ്ര ഗവൺമെന്റ് ഉത്തരവിറക്കി. രാജ്യത്ത് പ്രചാരത്തിലുണ്ടായിരുന്ന മൊത്തം ബാങ്ക് നോട്ടുകളിൽ 85 ശതമാനം മൂല്യവും ഈ കറൻസിയിലായിരുന്നു എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. നോട്ട് അസാധുവാക്കൽ മൂലം രാജ്യത്ത് പണത്തിന് വലിയ ഞെരുക്കം ഉണ്ടായ സാഹചര്യത്തിൽ ധനകാര്യ ഇടപാടുകൾ എല്ലാം ഇലക്ട്രോണിക്ക് സംവിധാനത്തിലേയ്ക്കു മാറ്റുവാൻ ഗവൺമെന്റ് മുൻകൈയ്യെടുക്കുകയുണ്ടായി. നോട്ട് അസാധുവാക്കലിന്റെ പ്രധാന ലക്ഷ്യങ്ങൾ രാജ്യത്തെ ഭീകര പ്രവർത്തനങ്ങൾക്കു ലഭിക്കുന്ന സാമ്പത്തിക സഹായം അവസാനിപ്പിക്കുക, കള്ളപ്പണം നിർമ്മാർജ്ജനം ചെയ്യുക എന്നിവയായിരുന്നു. അതിന് രാജ്യം കറൻസി രഹിത സമ്പദ് വ്യവസ്ഥയിലേയ്ക്കു ചുവടു മാറേണ്ടത് അനിവാര്യമായിരിക്കുന്നു.

'കറൻസി രഹിതമായ ഒരു സമൂഹമാണ് നമ്മുടെ സ്വപ്നം. എന്നാൽ 100 ശതമാനം കറൻസി രഹിതമായ സമൂഹം അസാധ്യമാണ്. പക്ഷെ പരിമിതമായി മാത്രം കറൻസി ഉപയോഗിക്കുന്ന സമൂഹമായി നമുക്ക് തുടക്കം കുറിക്കാം. അപ്പോൾ കറൻസി രഹിത സമൂഹം എന്ന ലക്ഷ്യം അധികം ദൂരത്തല്ലാതാകും' എന്ന് 2016 നവംബർ 27 ന് രാഷ്ട്രത്തെ അഭിസംബോധന ചെയ്തുകൊണ്ട് തന്റെ മൻ കി ബാത്ത് (Mann Ki Baat) എന്ന പ്രക്ഷേപണ പരിപാടിയിൽ പ്രധാനമന്ത്രി പ്രഖ്യാപിക്കുകയുണ്ടായി.

ഇന്ത്യയിൽ പണരഹിത സമ്പദ് വ്യവസ്ഥ സ്ഥാപിക്കാനുള്ള തയാറെടുപ്പ് ഗവൺമെന്റ് നേരത്തെ തന്നെ നടത്തിവരികയായിരുന്നു. ആദ്യം 2014 ൽ ഗവൺമെന്റ് ജൻ ധൻ യോജന ആരംഭിച്ചു. 2016 ഏപ്രിൽ 20 ആയപ്പോഴെയ്ക്കും രാജ്യത്ത് 220 ദശ ലക്ഷം അക്കൗണ്ടുകൾ ഈ ഇനത്തിൽ തുറന്നു കഴിഞ്ഞിരുന്നു. 2016 ഫെബ്രുവരിയിൽ എടിഎം കാർഡുകൾ വഴിയും ഡിജിറ്റൽ രൂപത്തിലും പണം കൈമാറ്റം ചെയ്യാനുള്ള മാർഗരേഖകൾക്ക് ഗവൺമെന്റ് അംഗീകാരം നല്കി. എപ്പോഴും കൈയിൽ പണവുമായി നടക്കുന്ന പരമ്പരാഗത ശീലത്തിൽ നിന്ന് ഡിജിറ്റൽ പണമിടപാട് സംവിധാനത്തിലേയ്ക്കുള്ള കൂട്ടത്തോടെയുള്ള മാറ്റം ഇന്ത്യയിലെ ധനവ്യവഹാര സംവിധാനത്തിന് പുതിയ ആവേശം നല്കി. അഴിമതിയും കള്ളപ്പണവും രാജ്യത്തു നിന്ന് ഉന്മൂലനം ചെയ്യാനുള്ള ഏറ്റവും മികച്ച മാർഗ്ഗമായിട്ടാണ് ഇലക്ട്രോണിക് ധനവ്യവഹാര സൗകര്യം വിലയിരുത്തപ്പെടുന്നത്.

ക്രെഡിറ്റ് കാർഡുകൾ, ഇലക്ട്രോണിക് ഫണ്ട് ട്രാൻസ്ഫർ, ഓൺലൈൻ വ്യാപാരം തുടങ്ങിയ മാർഗങ്ങളിലൂടെയാണ് കറൻസി രഹിത സമ്പദ് വ്യവസ്ഥ പ്രവർത്തിക്കുക. കറൻസി രഹിത സമ്പദ് വ്യവസ്ഥ യഥാർത്ഥത്തിൽ ഒരു വിപ്ലവം തന്നെയാണ്. യഥാർത്ഥ പണത്തിൽ നിന്ന് സാങ്കല്പിക പണത്തിലേയ്ക്കുള്ള മാറ്റം ലക്ഷ്യം വയ്ക്കുന്നത് കള്ളപ്പണത്തിന്റെ ഒഴുക്ക് തടയുക, സമൂഹത്തിൽ പ്രചരിക്കുന്ന പണത്തിന്റെ സുതാര്യത വർധിപ്പിക്കുക എന്നിവയാണ്. അപ്പോൾ വീട്ടിലേയ്ക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങുന്നതും ബസ് ടിക്കറ്റ് എടുക്കുന്നതും, ടാക്സി ചാർജ് നല്കുന്നതുമെല്ലാം കാർഡുകൾ വഴിയോ ഡിജിറ്റൽ സംവിധാനത്തിലോ മാത്രമാകുന്നു. സാധാരണ ഉപയോഗിക്കുന്ന പോക്കറ്റ് വാലറ്റുകളിലെ പോലെ ഇ-വാലറ്റുകളിൽ പണം ഭൗതിക രൂപത്തിൽ ആവശ്യമില്ല. ഇതിനെ ബാങ്ക് അക്കൗണ്ടുകളുമായി ബന്ധിപ്പിച്ചിരിക്കുന്നതിനാൽ ഇടപാടുകാരൻ നല്കേണ്ട പണം അക്കൗണ്ടിൽ നിന്ന് നേരിട്ട് കുറവു ചെയ്യും. ഇന്റർനെറ്റ് ബാങ്കിങ്ങും അടുത്ത കാലത്ത് ആരംഭിച്ച യുണിഫൈഡ് പെയ്മെന്റ് ഇന്റർഫേസുമാണ് ഇതു കൂടാതെ കറൻസി രഹിത പണമിടപാടുകൾക്ക് ഉപയോഗിക്കുന്നത്. എന്നാലും ഇ- വാലറ്റുകൾക്കാണ് കൂടുതൽ പ്രചാരം. വരും കാലങ്ങ

ളിൽ ക്രെഡിറ്റ്, ഡെബിറ്റ് കാർഡുകൾ പോലും പണമിടപാടിന് വേണ്ടിവരില്ല, പകരം സ്മാർട്ട് ഫോണുകൾ ആ സ്ഥാനം കൈയടക്കും. സാങ്കേതിക വിദ്യ അത്രയ്ക്ക് പുരോഗമിച്ചിരിക്കുന്നു. അപ്പോൾ എടിഎമ്മുകളിൽ നിന്നു പണം പിൻവലിക്കാൻ മൊബൈൽ ഫോണിന്റെ കോഡ് മാത്രം മതിയാകും.

## കറൻസി രഹിത സമ്പദ് വ്യവസ്ഥയുടെ പ്രയോജനങ്ങൾ

ലോകത്തിലെ ഏറ്റവും വേഗത്തിൽ വളരുന്ന സമ്പദ് വ്യവസ്ഥകളിൽ ഒന്നാണ് ഇന്ത്യൻ സമ്പദ് വ്യവസ്ഥ. പക്ഷെ കള്ളപ്പണം, അഴിമതി, ഭീകരപ്രവർത്തനം, നിയമവിരുദ്ധ സമ്പത്ത് തുടങ്ങിയ പ്രശ്നങ്ങൾ ഇന്ത്യയുടെ കുതിപ്പിനെ പിന്നോട്ടടിക്കുന്നു. അഴിമതി, കള്ളപ്പണം എന്നിവയുടെ പിടിയിൽ നിന്ന് വിമുക്തമാകുന്നതിന് ഓഡിറ്റിങ്, എൻഫോഴ്സ്മെന്റ് തുടങ്ങി പല മാർഗ്ഗങ്ങൾ ഉണ്ട്. പക്ഷെ കറൻസി രഹിത സമ്പദ് വ്യവസ്ഥയാണ് കൂടുതൽ യോജിച്ചത്. കാരണം എല്ലാ സാമ്പത്തിക ഇടപാടുകളും അതോടെ ഔദ്യോഗിക സംവിധാനത്തിന്റെ ഭാഗമാകുകയും പണം വരുന്നതും പോകുന്നതും കണ്ടുപിടിക്കുക എളുപ്പമായി തീരുകയും ചെയ്യുന്നു.

ഇന്ത്യയിലെ മൊത്തം ജനസംഖ്യയിൽ 10-15 ശതമാനം ആളുകൾ മാത്രമെ കറൻസി രഹിത പണമിടപാട് സംവിധാനം ഉപയോഗിക്കുന്നുള്ളു. അതേ സമയം ബ്രസീൽ, ചൈന തുടങ്ങിയ രാജ്യങ്ങളിൽ ജനസംഖ്യയുടെ 40 ശതമാനവും ഇത്തരം ആധുനിക സംവിധാനങ്ങൾ ഉപയോഗിക്കുന്നു. 2014 ൽ ഇന്ത്യയിലെ ബാങ്കുകൾക്കു പുറത്തുള്ള കറൻസിയുടെ നിരക്ക് മൊത്ത ആഭ്യന്തര ഉത്പാദനത്തിന്റെ 11.1 ശതമാനം ആയിരുന്നു. ഇത് റഷ്യ, മെക്സിക്കോ, ബ്രസീൽ തുടങ്ങി വികസ്വര സമ്പദ് വ്യവസ്ഥകളെ അപേക്ഷിച്ച് കൂടുതലാണ്. വിപണിയിൽ കറൻസി ഉപയോഗിക്കാത്തവരുടെ എണ്ണം കൂടുതൽ ശക്തിപ്പെടുത്താനുള്ള സാധ്യതയാണ് ഇത് നല്കുന്നത്. സൗകര്യപ്രദവും സുരക്ഷിതവും താങ്ങാവുന്നതുമായ പണമിടപാടു സംവിധാനത്തോടൊപ്പം സാമ്പത്തിക ഇടപാടുകൾക്ക് കറൻസി ഉപയോഗിക്കാത്തവരുടെ സംഖ്യ വിപുലമാക്കിയാൽ വായ്പകൾ, ഇൻഷുറൻസ് തുടങ്ങിയ ഇതര സാമ്പത്തിക സേവനങ്ങൾ കൂടി ഇതിൽ ഉൾപ്പെടുത്താനാവും. ബാങ്കുകളുടെ ഡിജിറ്റൽ അടിസ്ഥാന സൗകര്യങ്ങൾ ശക്തമാക്കി പണമിടപാടുകൾ സുരക്ഷിതമാക്കുക എന്നതാണ് വെല്ലുവിളി.

## കറൻസി രഹിതമാകുമ്പോഴുള്ള പ്രായോഗിക ഗുണഫലങ്ങൾ

**പണമടവ് വളരെ സൗകര്യമാകും:** പണം കൈയിൽ ഇല്ലാതെ ഇടപാടുകൾ നടത്തുന്നതിനു സാധിക്കുമ്പോൾ പിന്നെ പണമില്ലാതെ നടക്കാൻ അത് പ്രോത്സാഹനമാകും. കറൻസി രഹിത സമ്പദ് വ്യവസ്ഥയിൽ പണം കൈമാറുമ്പോൾ ഇടപാട് ചെലവ് ഒഴിവാകുന്നതു പോലുള്ള അനേകം ആനുകൂല്യങ്ങളാണ് ലഭ്യമാകുക.

**അപകടസാധ്യത കുറവ്:** കൃത്യമായ സൈബർ സുരക്ഷ വഴി ഓൺലൈൻ പെയ്മെന്റ് നടത്തുമ്പോൾ താരതമ്യേന അപകടസാധ്യത വളരെ കുറയുന്നു. എന്നാൽ കറൻസി കൈമാറ്റത്തിൽ എപ്പോഴും അപകട സാധ്യത കൂടുതലാണ്.

**കറൻസി അച്ചടിചെലവ് കുറയുന്നു:** പഴയതും ജീർണ്ണിച്ചതുമായ നോട്ടുകൾക്കു പകരമായി പുതിയ കറൻസി അച്ചടിക്കുക എന്നത് വലിയ ചെലവുള്ള പ്രക്രിയയാണ്. 2015 ൽ മാത്രം കറൻസി അച്ചടിക്കായി റിസർവ് ബാങ്ക് ചെലവഴിച്ചത് 29 ശതലക്ഷം രൂപയാണ്. കറൻസി രഹിത സമ്പദ് വ്യവസ്ഥയിലേയ്ക്കു മാറുന്നതോടെ ഈ ഭീമമായ ചെലവ് ഇല്ലാതാകുന്നു.

**കുറ്റകൃത്യങ്ങൾ കുറയുന്നു:** മയക്കുമരുന്ന് കടത്ത്, വേശ്യാവൃത്തി, ഭീകരപ്രവർത്തനങ്ങൾക്ക് സഹായം ചെയ്തുകൊടുക്കൽ, കള്ളപ്പണം വെളുപ്പിക്കൽ തുടങ്ങി ഒട്ടനേകം സാമൂഹ്യവിരുദ്ധ, വിധ്വംസക പ്രവർത്തനങ്ങൾ കറൻസിയിലൂടെ മാത്രമാണ് നടക്കുന്നത്. കറൻസി അപ്രത്യക്ഷമാകുന്നതോടെ ഇത്തരം പ്രവർത്തനങ്ങളും കുറയും.

**ബാങ്കിങ് മേഖലയ്ക്ക് അനുഗ്രഹം:** ഡിജിറ്റൽ സമ്പദ് വ്യവസ്ഥ ഏറ്റവും അനുഗ്രഹമാകുന്നത് ബാങ്കിങ് മേഖലയ്ക്കാണ്. ആളുകൾ ഡിജിറ്റൽ സംവിധാനത്തിലൂടെ പണമിടപാടുകൾ നടത്തി ശീലമായാൽ പിന്നെ കറൻസി രൂപത്തിലുള്ള പണത്തിനു

ള്ള ആവശ്യക്കാർ കുറയും. പണം പൂഴ്ത്തി വയ്ക്കുന്ന ശീലവും മാറും. ഇതുമൂലം ബാങ്കിൽ പണം കൂടുതലായി ശേഖരിക്കപ്പെടും. ജനങ്ങളുടെ സമ്പാദ്യ ശീലവും വർധിക്കും.

**സുതാര്യതയും നിരീക്ഷണ സൗകര്യവും:** കറൻസി രഹിതമായ പണമിടപാടുകൾ ഗവൺമെന്റിന് എപ്പോഴും നിരീക്ഷിക്കാൻ സാധിക്കും. അങ്ങനെ വരുമ്പോൾ നികുതി വെട്ടിപ്പ് ബുദ്ധിമുട്ടാകുകയും ഗവൺമെന്റിന്റെ വരുമാനം വർധിക്കുകയും ചെയ്യും.

കഴിഞ്ഞ രണ്ടുമാസം ഇന്ത്യയിലെമ്പാടും ഡിജിറ്റൽ പണമിടപാടുകളിൽ വൻ വർധനയാണ് ദൃശ്യമായത്. ചെറുതും വലുതുമായ വ്യാപാര സ്ഥാപനങ്ങളിൽ കൂടുതലായി സ്വൈപ്പിങ് മെഷീനുകൾ സ്ഥാപിക്കപ്പെട്ടു. പണത്തിന്റെ ഇ- ട്രാൻസ്ഫറുകളും വർധിച്ചു. പണം കൈമാറ്റം വളരെ വേഗത്തിലായി. മൊബൈൽ വാലറ്റുകൾ ഉപയോഗിക്കുന്നവരുടെ എണ്ണത്തിലും വൻ വർധന ഉണ്ടായി. ഇന്ത്യയിലെ അനേക ലക്ഷം ബാങ്ക് ഇടപാടുകാർ പണം ഒഴിവാക്കി മൊബൈൽ വാലറ്റുകൾ ഉപയോഗിച്ചു തുടങ്ങി. 2017 ആകുമ്പോഴേയ്ക്കും മൊബികിക്ക് പണമടയ്ക്കലുകൾ 10 ദശലക്ഷം ഡോളർ കടക്കും. രാജ്യത്തെ ദശലക്ഷത്തോളം വ്യാപാരികൾ വൈകാതെ ഈ നെറ്റ്‌വർക്ക് സംവിധാനത്തിന്റെ ഭാഗമാകും.

കറൻസി രഹിത സമ്പദ് വ്യവസ്ഥയിലേയ്ക്ക് അഥവാ ഇലക്ട്രോണിക് പണമിടപാടിലേയ്ക്ക് ഉള്ള പൊതു സമൂഹത്തിന്റെ മാറ്റം കള്ളപ്പണത്തിനു കടിഞ്ഞാണിടും. സമ്പദ് വ്യവസ്ഥയിലെ എല്ലാ പണമിടപാടുകളും സുതാര്യമാകും എന്നതിനാൽ നികുതി വെട്ടിപ്പും അതോടെ അവസാനിക്കും. ആത്യന്തികമായി പണം കൈയിൽ വയ്ക്കുമ്പോഴുണ്ടാകുന്ന അപകട സാധ്യത ഇല്ലാതാകും. വായ്പകളുടെ ഘടന കൂടുതൽ ആസൂത്രിതവും സാർവത്രികവുമാകും. വികസന പ്രവർത്തനങ്ങൾക്കുള്ള ഗവൺമെന്റ് വിഹിതം വർധിക്കും. ഖജനാവിലേയ്ക്കുള്ള പണത്തിന്റെ വരവും സുതാര്യതയും വർധിക്കും.

പക്ഷെ ഇന്ത്യയെ പോലുള്ള ഒരു വികസ്വര രാജ്യം കറൻസിരഹിത സമ്പദ് വ്യവസ്ഥയിലേയ്ക്ക് പൊടുന്നനെ ചുവടു മാറുമ്പോൾ അതിന് ചില ദൂഷ്യ വശങ്ങളുമുണ്ട്. പാവപ്പെട്ടവരെ സംബന്ധിച്ചിടത്തോളം കറൻസി രഹിത ഇടപാടുകൾ അത്ര പ്രായോഗികമല്ല. നോട്ട് അസാധുവാക്കൽ ഏറ്റവും ബാധിച്ചിരിക്കുന്നത് സമൂഹത്തിലെ താഴെ തട്ടിലുള്ളവരെയും ബാങ്ക് ഇടപാടുകൾ ഇല്ലാത്തവരെയുമാണ്. കറൻസി രഹിത സംവിധാനവുമായി പൊരുത്തപ്പെടാൻ ഈ വിഭാഗത്തിന് കൂടുതൽ സമയം വേണ്ടിവരും. ഈ സംവിധാനത്തിൽ പണമിടപാടുകൾ നടത്തുക അവരെ സംബന്ധിച്ചിടത്തോളം ആദ്യമൊക്കെ ബുദ്ധിമുട്ടായിരിക്കും. പക്ഷെ രാജ്യം സുതാര്യ സമ്പദ്‌വ്യവസ്ഥയിലേയ്ക്കു മാറുന്നതിനുള്ള ആദ്യപടിയാണ് ഇത്. കറൻസി ഇല്ലാതാകും എന്ന സത്യം ഇപ്പോൾ നമുക്ക് തമാശയായി തോന്നിയേക്കാം. പക്ഷെ കറൻസി സമൂഹത്തിൽ നിന്ന് ക്രമേണ അപ്രത്യക്ഷമാകുക തന്നെ ചെയ്യും.

## കറൻസി രഹിത സമൂഹത്തിനായുള്ള ഗവൺമെന്റ് നടപടികൾ

നോട്ട് അസാധുവാക്കിയതിനു ശേഷം ആളുകളെ പ്രചോദിപ്പിക്കുന്നതിനായി ഗവൺമെന്റ് വിവിധ നടപടികൾ സ്വീകരിക്കുകയുണ്ടായി. പണത്തിനു ഞെരുക്കം നേരിടുമ്പോൾ ബാങ്കിനും എടിഎം കൗണ്ടറുകൾക്കും മുന്നിൽ പോയി ക്യൂ നില്ക്കുന്നതിനു പകരം, ആധുനിക ഡിജിറ്റൽ സാങ്കേതിക സംവിധാനം ഉപയോഗപ്പെടുത്തുന്നതിനു ഗവൺമെന്റ് ജനങ്ങളോട് നിർദ്ദേശിക്കുകയുണ്ടായി. മറ്റുചില പ്രധാന തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

- **ലക്കി ഗ്രാഹക് യോജനയും ഡിജി ധൻ വ്യാപാർ യോജനയും**

ഡിജിറ്റൽ പണമിടപാടുകൾ കൂടുതൽ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 2016 ഡിസംബർ 25 ന് ഗവൺമെന്റ് ഡിജിറ്റൽ ലോട്ടറി പദ്ധതികൾ ആരംഭിക്കുകയുണ്ടായി. ഉപഭോക്താക്കൾക്കു വേണ്ടി ലക്കി ഗ്രാഹക് യോജനയും, വ്യാപാരികൾക്കായി ഡിജി ധൻ വ്യാപാർ യോജനയും. ഇത്തരം പ്രോത്സാഹന പദ്ധതികൾ വഴി ഡിജിറ്റൽ ഇന്ത്യ പദ്ധതി തീർച്ചയായും രാജ്യത്തിന്റെ സാമ്പത്തിക നട്ടെല്ലിനെ കുറെക്കൂടി ശക്തമാക്കും. റൂപെയ് കാർഡുകൾ, അൺസ്ട്രക്ച്ചേർഡ് സപ്ലിമെന്ററി സർവീസ് ഡേറ്റാ, യുപിഐ,ആധാർ എനേബിൾഡ് പെയ്മെന്റ് സിസ്റ്റം എന്നിവയെ മാത്രമെ ഈ പദ്ധതികളിൽ ഉൾ

പ്പെടുത്തുകയുള്ളു.

- **വിത്തിയ സാക്ഷരതാ അഭിയാൻ (Vittiya Saksharatha Abhiyan)**

ഡിജിറ്റൽ സമ്പദ് വ്യവസ്ഥയും, കറൻസി രഹിത പണമിടപാടുകളും പ്രോത്സാഹിപ്പിക്കുന്നതിനായി ആരംഭിച്ച പ്രചാരണ പദ്ധതിയാണ് വിത്തിയ സാക്ഷരതാ അഭിയാൻ. ജനങ്ങളിൽ ബോധവത്ക്കരണം നടത്തി അവരെ ഡിജിറ്റൽ പണമിടപാടുകൾക്ക് പ്രേരിപ്പിക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യം. പണം കൈമാറ്റം ചെയ്യുന്നതിന് കറൻസി രഹിത ഡിജിറ്റൽ സാമ്പത്തിക സംവിധാനം ഉപയോഗിക്കാൻ മനുഷ്യ വിഭവ വികസന മന്ത്രാലയം ജനങ്ങളോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കറൻസി രൂപത്തിലുള്ള പണമിടപാടുകൾ കുറച്ചുകൊണ്ട് കാമ്പസുകളെ (കാന്റീൻ ഉൾപ്പെടെയുള്ള എല്ലാ സേവനങ്ങളും) കറൻസി രഹിതമാക്കണമെന്നും എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോടും മന്ത്രാലയം അഭ്യർത്ഥിച്ചിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ, അധ്യാപകർ, ഓഫീസ് സ്റ്റാഫുകൾ എന്നിവരെല്ലാം ഈ വെല്ലുവിളി ഏറ്റെടുത്ത് പദ്ധതിയുമായി സഹകരിക്കുന്നുണ്ട്. അനേകം പേർ മന്ത്രാലത്തിന്റെ വെബ് പേജിൽ വളരെ അനുകൂലമായ പ്രതികരണങ്ങൾ കുറിക്കുകയും അഭിപ്രായങ്ങൾ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

- **BHIM (ഭാരത് ഇന്റർഫേസ് ഫോർ മണി)**

ഓൺലൈൻ പണമിടപാടുകൾ ലളിതമാക്കുന്നതിനായി 2016 ഡിസംബർ 30 ന് പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്ത പുതിയ ഇ-വാലറ്റ് ആപ് ആണ് ഭിം (ബിഎച്ച്ഐഎം). ആധാർ അടിസ്ഥാനമാക്കിയുള്ള ഈ ആപ്പ് ബാങ്ക് അക്കൗണ്ടിൽ നിന്നു നേരിട്ട് ഡിജിറ്റൽ പണമിടപാടുകൾ നടത്താൻ ആളുകൾക്ക് സൗകര്യം ഒരുക്കുന്നു. ഇടപാടുകാരുടെ ഫോൺ നമ്പരുകൾ ബാങ്ക് അക്കൗണ്ടുമായി ബന്ധിപ്പിക്കുകയും ഒരു ബട്ടൺ അമർത്തുക വഴി പണം കൈമാറ്റം സാധിക്കുകയും ചെയ്യുന്നു. പക്ഷെ യുപിഐ സംവിധാനം പ്രവർത്തിക്കുന്ന അക്കൗണ്ടുകൾ മാത്രമെ ഭീമുമായി ബന്ധപ്പെടുത്താനാവൂ. രണ്ട് അക്കൗണ്ടുകൾ ഉള്ള ഒരാൾക്ക് രണ്ടിലും പ്രത്യേകം പ്രത്യേകമായി യുപിഐ ഇടപാടുകൾ നടത്താം.

- **റുപെയ് (Ru Pay)**

അന്താരാഷ്ട്ര തലത്തിൽ ഉപയോഗിക്കുന്ന വിസ, മാസ്റ്റർ കാർഡ് തുടങ്ങിയ ഡെബിറ്റ്, ക്രെഡിറ്റ് കാർഡുകളുടെ ഇന്ത്യൻ പതിപ്പാണ് റൂപെയ്. നാഷണൽ പെയ്മെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യയാണ് ജൻധൻ പദ്ധതിയുടെ കീഴിൽ റൂപെയ് കാർഡുകൾ ആരംഭിച്ചത്. എല്ലാ അക്കൗണ്ട് ഉടമകൾക്കും ബാങ്ക് ഒരു ലക്ഷം രൂപയുടെ അപകട ഇൻഷുറൻസ് ഉറപ്പോടെ ഓരോ റൂപെയ് കാർഡ് വീതം ലഭ്യമാക്കുന്നു. എടിഎം, വ്യാപാര ആവശ്യം, ഓൺലൈൻ പർച്ചേസ് എന്നീ ആവശ്യങ്ങളിൽ ഇത് ഉപയോഗിക്കാം. ലോകത്തിലെ ഏഴാമത്തെ പണവിതരണ മാർഗ്ഗമാണ് ഇത്. ഇന്ന് കോടിക്കണക്കിന് പാവപ്പെട്ട ആളുകളുടെ പക്കൽ റൂപെയ് ഡെബിറ്റ് കാർഡ് ഉണ്ട്. താഴ്ന്ന വരുമാനക്കാർക്ക് കറൻസി രഹിത സമ്പദ് വ്യവസ്ഥയിലേയ്ക്കു കടന്നു വരാനുള്ള ഒരു പരിശ്രമം കൂടിയാണ് ഇത്. എന്നിരുന്നാലും റൂപെയ് കാർഡുകളുടെ ആത്യന്തിക ലക്ഷ്യം എല്ലാവരെയും ഉൾക്കൊള്ളുന്ന ഒരു സമ്പദ് വ്യവസ്ഥയാണ്. അതിനാൽ ലോക നിലവാരമുള്ള എല്ലാ ഡെബിറ്റ് ക്രെഡിറ്റ് കാർഡുകളുടെയും നയങ്ങളുമായി അതിന് ഒത്തു പോകേണ്ടതുണ്ട്.

- **ആധാർ പെയ്മെന്റ് ആപ്**

2016 ഡിസംബർ 25 നാണ് ഗവൺമെന്റ് ആധാർ പെയ്മെന്റ് ആപ്പ് ആരംഭിച്ചത്. വ്യക്തികളുടെ ബാങ്ക് അക്കൗണ്ടുമായി ആധാർ കാർഡിനെ ബന്ധിപ്പിച്ചാണ് ഇത് പ്രവർത്തിക്കുന്നത്. ആധാർ കാർഡ് നമ്പറിന്റെ സഹായത്തോടെ ഒരു ബാങ്കിനെ പണമിടപാടുകൾക്കായി ഉപഭോക്താവ് തെരഞ്ഞെടുക്കുന്നു. ആർക്കു വേണമെങ്കിലും ഇത് പ്രവർത്തിപ്പിക്കാം. ഫോണിന്റെ പോലും ആവശ്യമില്ല.

## അന്താരാഷ്ട്ര അനുഭവം: സ്വീഡന്റെ ഉദാഹരണം

ലോകത്തിൽ കറൻസി ഉപയോഗിക്കാത്ത അഞ്ചു സമ്പദ് വ്യവസ്ഥകളിൽ ഏറ്റവും മുന്നിൽ നില്ക്കുന്നത് സ്വീഡനാണ്. ഡിജിറ്റൽ സംവിധാനത്തിലൂ

ടെ മൊബൈൽ ഫോൺ, ഡെബിറ്റ്, ക്രെഡിറ്റ് കാർഡുകൾ എന്നിവയുടെ സഹായത്തോടെ പണം കൈമാറ്റം ചെയ്യാനുള്ള ഫലപ്രദമായ നയങ്ങൾ അവർ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. 2020 ആകുമ്പോഴേയ്ക്കും സ്വീഡൻ പൂർണമായും ആദ്യത്തെ കറൻസി രഹിത രാഷ്ട്രമാകും. ബാങ്കുകൾ, പൊതുഗതാഗതം, വഴിയോര കച്ചവടം, എന്തിന് ദേവാലയങ്ങളിലേയ്ക്കുള്ള കാണിക്ക പോലും കാർഡുപയോഗിച്ച് നടത്താനുള്ള സംവിധാനമാണ് അവർ ആലോചിക്കുന്നത്. സ്വീഡൻ സെൻട്രൽ ബാങ്ക്( റിക്സ്ബാങ്ക്) മുന്നോട്ടു വയ്ക്കുന്ന കണക്കുകൾ പ്രകാരം രാജ്യത്ത് 2016 മുതൽ രണ്ടു ശതമാനം കറൻസി കൈമാറ്റമേ നടക്കുന്നുള്ളു. 2020 ൽ ഇത് 0.5 ശതമാനമായി കുറയും. സ്വീഡനിലെ 1600 ബാങ്കുകളിൽ 900 ബാങ്കുകളിലും പണം നേരിട്ടു കൈകാര്യം ചെയ്യുന്നേയില്ല, പ്രത്യേകിച്ച് ഗ്രാമങ്ങളിൽ. എടിഎം പോലും ഇല്ല. സ്വീഡന്റെ കറൻസിയായ ക്രോണയുടെ പ്രചാരം 2009 ൽ 106 ശതലക്ഷമായിരുന്നു. 2016 ൽ ഇത് 80 ശതലക്ഷമായി കുറഞ്ഞു.

കറൻസിയിൽ നിന്ന് കറൻസി ഇല്ലായ്മയിലേയ്ക്കുള്ള മാറ്റത്തിൽ സാങ്കേതിക വിദ്യ അതി പ്രധാനമായ ഒരു പങ്ക് വഹിക്കുന്നുണ്ട്. സ്വീഡനിൽ സ്വിഷ് (SWISH) എന്ന മൊബൈൽ ആപ്ലിക്കേഷനാണ് വൻതോതിൽ ഉപയോഗിക്കപ്പെടുന്നത്. സ്വീഡനിലെയും ഡന്മാർക്കിലെയും പ്രധാന ബാങ്കുകളെല്ലാം ഇതുമായി സഹകരിക്കുന്നു. ഹോട്ടലിലാകട്ടെ, ടാക്സിയിലാകട്ടെ, ചന്തയിലാകട്ടെ എവിടെയും ഈ ആപ്പുപയോഗിച്ച് ഗുണഭോക്താക്കൾക്ക് തത്സമയ പണമിടപാടുകൾ നടത്താൻ സാധിക്കുന്നു. 1,20,000 ആളുകൾ മാസം തോറും ഈ ആപ്പ് ഉപയോഗിക്കുന്നു. 2014 ഡിസംബറിൽ ഈ ആപ്പിലൂടെ കൈമാറ്റം ചെയ്യപ്പെട്ടത് 1,69 ശതലക്ഷം ക്രോണറാണ്. 2017 ൽ മൂന്നു ദശലക്ഷം ആളുകൾ ഇതിന്റെ ഗുണഭോക്താക്കളായി മാറും എന്നു കരുതുന്നു.

എന്നിരുന്നാലും സ്വീഡനിലെ മറ്റു പല ഘടകങ്ങൾ തമ്മിൽ ഇന്ത്യക്ക് വലിയ അന്തരം ഉണ്ട്. 2015 ഡിസംബർ 31 ന് സ്വീഡന്റെ ജനസംഖ്യ 9.85 ദശലക്ഷം മാത്രമാണ്. സാക്ഷരത 100 ശതമാനം. അതെ സമയം ഇന്ത്യയുടെ ജനസംഖ്യ 1260 ദശലക്ഷമാണ്. സാക്ഷരതയാകട്ടെ 75 ശതമാനവും. ഇന്ത്യയിലെ നിരക്ഷരരായ ആളുകൾ തന്നെ സ്വീഡനിലെ മൊത്തം ജനസംഖ്യയുടെ 30 ഇരട്ടി വരും. സ്വീഡന്റെ ആളോഹരി വരുമാനം ലോകശരാശരിയുടെ 435 ശതമാനമാണ്. ഇന്ത്യയുടെത് 14 ഉം. ഇന്ത്യയിലെ 68 ശതമാനം ജനങ്ങളും ഗ്രാമങ്ങളിൽ ജീവിക്കുന്നു. സ്വീഡനിലെ ജനസംഖ്യയടെ 85.5 ശതമാനവും നഗരങ്ങളിലാണ്. അതുകൊണ്ട് പെട്ടെന്ന് സ്വീഡനെ പോലെയാകാം എന്ന് ഇന്ത്യ ചിന്തിച്ചിട്ടു കാര്യമില്ല. സാങ്കേതിക വിദ്യയുടെ കാര്യത്തിൽ ഇന്ത്യയിലെ മഹാഭൂരിപക്ഷവും വളരെ പിന്നിലാണ്. പക്ഷെ ഭീം (BHIM) എന്ന ആപ്പുമായി ഇന്ത്യയും ഈ മേഖലയിൽ എത്തിയിരിക്കുകയാണ്. ഇനി റിസർവ് ബാങ്കും ഇതര ധനകാര്യ സ്ഥാപനങ്ങളും പുത്തൻ ആശയങ്ങളുമായി മുന്നോട്ട് വന്ന് പണം ഇല്ലാതെയുള്ള സാമ്പത്തിക കൈമാറ്റ ഇടപാടുകൾ സുരക്ഷിതവും ലളിതവും സാർവത്രികവുമാക്കണം.

ഇന്ത്യയിൽ റിയൽ ടൈം ഗ്രോസ് സെറ്റിൽമെന്റ് സിസ്റ്റം (ആർടിജിഎസ്) നാഷണൽ ഇല്ക്ട്രോണിക് ഫണ്ട് ട്രാൻസ്ഫർ(എൻഇഎഫ്ടി) എന്നിവയിലൂടെ പണം കൈമാറ്റം നടത്തുന്നവരുടെ സംഖ്യ 2013 നെ അപേക്ഷിച്ച് 2016 ൽ മൂന്നു മടങ്ങ് വർധിച്ചിട്ടുണ്ട്. മൊബൈൽ ബാങ്കിങ് നടത്തുന്നവരുടെ എണ്ണം ഏഴുശതമാനവും വർധിച്ചു. എടിഎം, വ്യാപാര സ്ഥാപനങ്ങളിലെ സൈപ്പിങ് മെഷീൻ എന്നിവ വഴിയുള്ള ഇടപാടുകളും ഗണ്യമായി വർധിച്ചു. സൈപ്പിങ് മെഷീൻ ഉപയോഗമാണ് പെട്ടെന്ന് കൂടിയത്. വേഗത്തിൽ പണം കൈമാറ്റം ചെയ്യുന്നതിന് കറൻസി രഹിത ഇടപാടുകളാണ് ബാങ്കുകൾ വ്യാപകമായി സ്വീകരിച്ചിരിക്കുന്നത്. ഇപ്പോൾ ഇന്ത്യയിലെ 5 ശതമാനം പണ ഇടപാടുകൾ ഇലക്ട്രോണിക് സംവിധാനത്തിലൂടെയാണ് നടക്കുന്നത്.അതുകൊണ്ട് കറൻസിയുടെ ഉപയോഗം ഇന്ത്യയിൽ പെട്ടെന്ന് ഒഴിവാക്കാനാവില്ല.

## കറൻസി രഹിത സമ്പദ് വ്യവസ്ഥ എന്ന വെല്ലുവിളി

നോട്ട് അസാധുവാക്കൽ നടപടി സമ്പദ് വ്യവസ്ഥയെ കറൻസി രഹിതമാക്കുന്നതിന് പ്രോത്സാഹനം നല്കിയിട്ടുണ്ട്.പക്ഷെ ജനങ്ങൾക്കും ഗവൺമെന്റിനും വലിയ വെല്ലുവിളിയാണ് അത് ഉയർത്തുന്നത്. ഡിജിറ്റൽ സംവിധാനത്തിലേയ്ക്കു മാറുന്നതിന് ഒറ്റ

ക്കെട്ടായ ഒരു ധാരണ ഉണ്ടാകണം. അതിന് കൃത്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കണം. ഓർക്കുക, ഗ്രാമങ്ങളിൽ 20.8 ശതമാനം എടിഎം കൗണ്ടറുകൾ മാത്രമെ ഇപ്പോൾ ഉള്ളൂ.ഇതിൽ 8.5 ശതമാനം സ്വകാര്യ ബാങ്കുകളുടെതാണ്. പല ഗ്രാമങ്ങളിലും എടിഎം കൗണ്ടറുകൾ ഇല്ല. ഇ വാലറ്റുകളും മൊബൈൽ ഫോൺ സേവനങ്ങളും വഴിയുള്ള പണമിടപാടുകൾക്ക് സ്മാർട്ട് ഫോണുകളും ഇന്റർനെറ്റ് കണക്ക്ഷനുകളും രാജ്യത്ത് വ്യാപകമാകണം. നമ്മുടെ രാജ്യത്ത് 25 ശതമാനം ആളുകൾക്കു പോലും സ്മാർട്ട് ഫോണുകൾ ഇല്ല. അതിവേഗ ഇന്റർനെറ്റ് (വൈഫൈ) കണക്ക്ഷൻ ഇപ്പോൾ ചെലവേറിയതാണ്. മൊബൈൽ ബാറ്ററി ചാർജിംഗ് സ്റ്റേഷനുകളും ഇപ്പോൾ വ്യാപകമല്ല. ഇതിലെല്ലാം പ്രധാനം സൈബർ സുരക്ഷയാണ്. ചെറിയ വ്യാപാര സ്ഥാപനങ്ങളിൽ സ്വൈപ്പിങ് മെഷീൻ ഉപയോഗിക്കുമ്പോൾ നമ്മുടെ അക്കൗണ്ട് വിവരങ്ങൾ സുരക്ഷിതമാണ് എന്ന് എങ്ങനെ വിശ്വസിക്കാനാവും? കാർഡുകളുടെ ഡ്യൂപ്ലിക്കറ്റ് വഴി പണം തട്ടിയെടുക്കപ്പെട്ടാൽ വർഷങ്ങളോളം ഒരാൾ സമ്പാദിച്ച പണം മുഴുവൻ ഏതാനും നിമിഷങ്ങൾ കൊണ്ട് നഷ്ടമാകാം. 2016 ഒക്ടോബറിൽ രാജ്യത്തെ 30 ലക്ഷം ഡെബിറ്റ് കാർഡുകളുടെ വിവരങ്ങൾ ചോരുകയും ഉപഭോക്താക്കളോട് അവരുടെ രഹസ്യ പാസ്‌വേർഡ് അടിയന്തിരമായി മാറ്റാൻ നിർദ്ദേശിക്കുകയുമുണ്ടായി. വീണ്ടും ഒരു മാസം കഴിഞ്ഞപ്പോൾ നോട്ട് അസാധുവാക്കൽ നടപ്പിലായപ്പോൾ കാർഡുകളുടെ ഉപയോഗം കുത്തനെ ഉയർന്നു. അത് നെറ്റ് വർക്ക് ശേഷിക്കുമപ്പുറമായപ്പോൾ മെഷീനുകൾ പ്രവർത്തന രഹിതമായി. ആളുകൾ എടിഎം കൗണ്ടറുകൾക്കു മുന്നിൽ മണിക്കൂറുകളോളം ക്യൂവിൽ നിന്നു.

അഴിമതി നിർമ്മാർജ്ജനമാണ് നോട്ട് അസാധുവാക്കലിന്റെ പ്രധാന ലക്ഷ്യമെന്ന് ഗവൺമെന്റ് പ്രഖ്യാപിക്കുന്നു. ഒരു ജനാധിപത്യ രാജ്യത്ത് രാഷ്ട്രീയ പാർട്ടികളുടെ ധന സമാഹരണമാണ് അഴിമതിയുടെ മുഖ്യ സ്രോതസ്. എന്നാൽ രാഷ്ട്രീയ പാർട്ടികളുടെ പണമിടപാടുകൾ സുതാര്യമാക്കുന്നതു കൊണ്ടു മാത്രം അഴിമതി ഇല്ലാതാവുകയില്ല. ഗ്രാമങ്ങളിലെയും നഗരങ്ങളിലേയും ജനങ്ങളെ ഒന്നടങ്കം ബോധവത്ക്കരിക്കണം. അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കണം. അതിനുള്ള നയങ്ങൾ ആവിഷ്കരിക്കണം. എങ്കിൽ മാത്രമെ പണത്തിന്റെ ഒഴുക്ക് നിയന്ത്രിക്കാനാവൂ.ഒറ്റ രാത്രികൊണ്ട് രാജ്യത്തെ കറൻസി രഹിത സമൂഹമാക്കി മാറ്റാൻ സാധിക്കില്ല. ആദ്യം ജനങ്ങളുടെ പ്രശ്നങ്ങൾ മനസിലാക്കാനും അവ പരിഹരിക്കാനുമാണ് ഗവൺമെന്റ് ശ്രമിക്കേണ്ടത്.

100 ശതമാനം കറൻസി രഹിത സമൂഹം എന്ന സങ്കല്പം ഒരിക്കലും സാധ്യമല്ല. പക്ഷെ കറൻസിയുടെ ഉപയോഗം മെല്ലെ കുറച്ചുകൊണ്ടു വരാനും ഭൂരിഭാഗം ഇടപാടുകളും കറൻസി രഹിതമാക്കാനും സാധിക്കും. കറൻസി രഹിത സമൂഹത്തിലേയ്ക്കുള്ള നീക്കം ചെലവേറിയതാണ്. അപ്പോഴും ചില ഇടപാടുകളിൽ കറൻസി രൂപത്തിലുള്ള പണം പ്രധാന പങ്ക് വഹിക്കും, പ്രത്യേകിച്ച് ഗ്രാമീണ മേഖലകളിൽ. പുതിയ സാങ്കേതിക വിദ്യകളുടെ സഹാത്തോടെ ക്രയവിക്രയങ്ങളെ ബാങ്ക് അക്കൗണ്ടുകളുമായി ബന്ധിപ്പിക്കണം. കറൻസി നോട്ടുകൾ കുറയുമ്പോൾ ആളുകൾ സ്വാഭാവികമായും ഡിജിറ്റൽ ഇടപാടുകളെ ആശ്രയിക്കും. പിന്നെ പണം കൈയിൽ സൂക്ഷിക്കുന്ന സ്വഭാവും കാലക്രമേണ മാറും. സാമ്പത്തിക കൈമാറ്റം ഡിജിറ്റൽ സംവിധാനത്തിലേയ്ക്കു മാറുമ്പോൾ രാജ്യത്തെ സമാന്തര സമ്പദ് വ്യവസ്ഥ ഇല്ലാതാകും. കണക്കുകൾ കൈകാര്യം ചെയ്യുക, നികുതി പിരിവ് തുടങ്ങിയവ എളുപ്പമാകും. മോഷണം കുറയും. കള്ള നോട്ടുകൾ ഇല്ലാതാകും. കള്ളപ്പണവും നിലയ്ക്കും. പണമിടപാടുകൾ മുഴുവൻ സുതാര്യമാകും. അതിനായി സാമ്പത്തിക മേഖലയിൽ വിവര സാങ്കേതികവിദ്യ വ്യാപകമായി നവീകരിക്കണം. സ്വാതന്ത്ര്യം ലഭിച്ചിട്ട് 70 വർഷം പിന്നിടുമ്പോഴും നാം ഇപ്പോഴും അക്കാര്യത്തിൽ വേണ്ടവിധം മെച്ചപ്പെട്ടിട്ടില്ല എന്നത് യാഥാർത്ഥ്യമാണ്. കറൻസി രഹിത സമൂഹത്തിലേയ്ക്കുള്ള നീക്കത്തിനു മുന്നിൽ സൈബർ സുരക്ഷയാണ് പ്രധാന വെല്ലുവിളി. എല്ലാ സാമ്പത്തിക ഇടപാടുകളെയും സുതാര്യമാക്കുന്നതിന് ജനങ്ങളെ ബോധവത്ക്കരിക്കേണ്ടതും നിലവിലെ സംവിധാനം അഴിച്ചു പണിയേണ്ടതും അനിവാര്യമാണ്.

*(ലേഖകർ ന്യൂഡൽഹിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എക്കണോമിക് ഗ്രോത്തി (IEG) ൽ യഥാക്രമം പ്രൊഫസറും ഗവേഷക വിദ്യാർത്ഥിയുമാണ്)*



# കറൻസി രഹിത ഗ്രാമീണ സമ്പദ്‌വ്യവസ്ഥ: **ഒരു പ്രായോഗിക വിശകലനം**

**സമീറ സൗരഭ്**

കറൻസി രഹിത സമ്പദ് വ്യവസ്ഥയിലേക്കു മാറാനുള്ള സാധ്യതകൾ ആരായുന്നതിൽ ലോക വ്യാപകമായി തന്നെ നയരൂപകർത്താക്കൾക്കിടയിൽ വലിയ താല്പര്യം വളർന്നു വരികയാണ്. എങ്കിൽത്ത ന്നെയും ദൈനംദിന ഇടപാടുകളിൽ ഏറിയ പങ്കും ഇപ്പോഴും കറൻസി നോട്ടുകളിലൂടെയാണ് നിർവഹി ക്കപ്പെടുന്നത്. സാമ്പത്തിക ഇടപാടുകൾ രേഖാമൂല മാക്കുന്നതുകൊണ്ട് പല നേട്ടങ്ങളുമുണ്ട്. ഒന്നാമതാ യി, കൃത്യമായി നികുതി പിരിച്ചെടുക്കാൻ അത് ഗവൺമെന്റിനെ സഹായിക്കുന്നു. നിയമവിരുദ്ധ ഇട പാടുകൾ കണ്ടെത്തുവാനും തടയാനും സഹായിക്കു മെന്നതാണ് രണ്ടാമത്തെ ഗുണം. ഇന്ത്യയിലെ അതി വിപുലമായ അസംഘടിത മേഖലയുടെ സാമ്പത്തിക വ്യാപ്തിയെപ്പറ്റി മനസ്സിലാക്കുവാൻ സഹായിക്കു മെന്നത് മൂന്നാമത്തെ നേട്ടം. പല ഗവൺമെന്റ് പദ്ധ തികളിലും സംഭവിക്കുന്ന സാമ്പത്തിക ചോർച്ച തട യാൻ കഴിയുമെന്നതും വലിയ നേട്ടം തന്നെയാണ്.

കറൻസി രഹിത ഇടപാടുകൾ എല്ലാം തന്നെ ഡിജിറ്റൽ രൂപത്തിൽ രേഖപ്പെടുത്തുന്നു. കറൻസി രഹിത മാർഗങ്ങളിലൂടെ പണം കൈമാറ്റത്തിന് ഉപ ഭോക്താവിനെ പ്രോത്സാഹിപ്പിക്കുന്നതിലൂടെ സാമ്പ ത്തിക സുതാര്യത വർദ്ധിക്കുന്നു. അഴിമതി, കള്ള പ്പണം തുടങ്ങി ഇന്ത്യ നേരിടുന്ന പ്രശ്നങ്ങളിൽ പലതും ഉന്മൂലനം ചെയ്യാനുള്ള ഏറ്റവും പ്രത്യക്ഷ മായ ഉപാധി കൂടിയാണിത്. ഡിജിറ്റൽ രേഖകൾക്ക് മറ്റു നേട്ടങ്ങളുമുണ്ട്. പൊതുവിതരണ സമ്പ്രദായം കാര്യക്ഷമമാക്കാനും ഇതുവഴി കഴിയുന്നു. പൊതു വിതരണ സമ്പ്രദായത്തിലൂടെ ചെലവഴിക്കുന്ന പണ ത്തിന്റെ 27% മാത്രമേ അത് ലക്ഷ്യമിടുന്ന താഴ്ന്ന വരുമാനക്കാരിൽ എത്തുന്നുള്ളു എന്ന് 2009 ൽ ആസൂ ത്രണ കമ്മീഷൻ ചൂണ്ടിക്കാട്ടിയിരുന്നു. ഇടപാടുക ളുടെ ഡിജിറ്റൽവത്ക്കരണമാണ് കറൻസി രഹിത സമ്പദ് വ്യവസ്ഥയിലേക്കുള്ള മാറ്റത്തിനുള്ള മുഖ്യ മാർഗം. ഇലക്ട്രോണിക് രൂപത്തിലുള്ള പണമിടപാ ടുകൾ പ്രോത്സാഹിപ്പിച്ചും സാമ്പത്തിക അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചും ഡിജിറ്റൽ ഇടപാടുകൾ ജീവിതത്തിന്റെ ഭാഗമാക്കാൻ വേണ്ടിയുള്ള ശ്രമങ്ങൾ വ്യാപകമാക്കിയും കറൻസി രഹിത സമ്പദ് വ്യവസ്ഥ യാഥാർത്ഥ്യമാക്കാം. ഗവൺമെന്റ് പ്രഖ്യാപിച്ച നോട്ട് അസാധുവാക്കലും കറൻസി രഹിത സമ്പദ് വ്യവ സ്ഥയിലേക്കുള്ള മാറ്റത്തിന് പ്രോത്സാഹനം നൽകും എന്ന് പ്രതീക്ഷിക്കപ്പെടുന്നു. കറൻസി രഹിത സമ്പദ് വ്യവസ്ഥയിലേക്കുള്ള പ്രയാണത്തിൽ പല പരിമി തികളും അതുപോലെ തന്നെ സാധ്യതകളും നമ്മുടെ മുന്നിലുണ്ട്.

ഇപ്പോഴത്തെ സാഹചര്യത്തിൽ ലോകത്തിലെ ഏറ്റവും സാധ്യതയുള്ള സാമ്പത്തിക ശക്തിയായി വളരാൻ നമ്മുടെ രാഷ്ട്രം തയ്യാറെടുക്കുകയാണ്. കാർഷിക വൃത്തിയിൽ ഊന്നിയ ഗ്രാമീണ സമ്പദ് വ്യവസ്ഥയിൽ അധിഷ്ഠിതമായതും വിശാലമായ അസംഘടിത മേഖല ഉൾപ്പെടുന്നതുമായ രാജ്യമാണ് ഇന്ത്യ. നമ്മുടെ ജനസംഖ്യയിൽ 68.84% ഗ്രാമീണ മേഖ ലയിൽ വസിക്കുന്നു. മൊത്തം ആഭ്യന്തര ഉത്പാദന ത്തിന്റ 20% ഉം തൊഴിലവസരങ്ങളിൽ 80% ഉം നൽകുന്നത് അസംഘടിത മേഖലയാണ്. ഏതാണ്ട് 870 ദശലക്ഷം ജനങ്ങൾ വസിക്കുന്ന ഗ്രാമങ്ങളിൽ കറൻസി രഹിത ഇടപാടുകളുടെ സന്ദേശം എത്തി ക്കുകയെന്നതാണ് നമ്മുടെ മുന്നിലെ വെല്ലുവിളി. ഇന്റർനെറ്റ് ലഭ്യതയുള്ളവരുടെ എണ്ണം ഗ്രാമീണ മേഖ ലയിൽ 2015 ൽ 120 ദശലക്ഷം ആയിരുന്നത് 2020 ൽ

315 ദശലക്ഷം ആകുമെന്നാണ് പ്രതീക്ഷ. ഏകദേശം 160 ദശലക്ഷം ഗ്രാമീണരിൽ 30 ശതമാനത്തിനാണ് നിലവിൽ ഇന്റർനെറ്റ് ലഭ്യമായിരിക്കുന്നത്. ഗ്രാമീണ മേഖലയിലെ വളർച്ച നഗര പ്രദേശങ്ങളെ അപേക്ഷിച്ച് കൂടുതലായിരിക്കുമെന്നതാണ് താല്പര്യം ഉയർത്തുന്ന ഒരു കണക്ക്.

ഇന്ത്യയിലെ ഗ്രാമീണരിൽ 93% ഉം ഒരു ഡിജിറ്റൽ ഇടപാടും നടത്താത്തവരാണ്. അതിനാൽ തന്നെ ഈ മേഖലയിൽ ഭഗീരഥ ശ്രമം ആവശ്യമാണ്. സീറോ ബാലൻസ് അക്കൗണ്ടുകൾ ഉൾപ്പെടെ ഗവൺമെന്റ് പ്രോത്സാഹജനകമായ നിരവധി പദ്ധതികൾ ഇതിനകം പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ ബാങ്ക് ശാഖകളുടെ എണ്ണത്തിൽ വേണ്ടത്ര വർധനയില്ല. 2001ൽ ഗ്രാമീണ മേഖലയിൽ ഒരു ലക്ഷം പേർക്ക് 5.3 ബാങ്ക് ശാഖകൾ ഉണ്ടായിരുന്ന സ്ഥാനത്ത് നിലവിൽ 7.8 എണ്ണം ഉണ്ടെന്നാണ് റിസർവ് ബാങ്ക് നൽകുന്ന കണക്ക്.

ഇന്ത്യയിൽ കറൻസി രഹിത ഇടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെ മൂന്ന് സുപ്രധാന നേട്ടങ്ങളാണുള്ളത്.

(എ) രാജ്യത്തിന്റെ സാമ്പത്തിക നേട്ടങ്ങളിൽ എല്ലാവരെയും ഭാഗഭാക്കാക്കാനാവും.

(ബി) സാമ്പത്തിക ഇടപാടുകൾ രേഖാമൂലമാകുന്നതു വഴി സുതാര്യത ഉറപ്പു വരുത്താൻ സാധിക്കും.

(സി) രണ്ട് കക്ഷികൾ തമ്മിൽ നടത്തുന്ന സാമ്പത്തിക ഇടപാടുകളുടെ ചെലവുകൾ കുറയ്ക്കാനാവും.

ഇതിൽ അവസാനം പറഞ്ഞത് ഏത് സമ്പദ് വ്യവസ്ഥയ്ക്കും ബാധകമായിരിക്കുമെങ്കിലും ആദ്യം പറഞ്ഞ രണ്ടെണ്ണം ഇന്ത്യക്ക് പ്രത്യേകിച്ച് പ്രസക്തമാണ്. ഇന്ത്യൻ ജനസംഖ്യയിൽ പകുതിയിലധികവും സാമ്പത്തിക നേട്ടങ്ങളുടെ പ്രയോജനം അനുഭവിക്കുന്നില്ലെന്ന് പഠനങ്ങൾ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഒരു ലക്ഷം പേർക്ക് ഇന്ത്യയിൽ 7.8 ബാങ്ക് ശാഖകളാണ് ഇന്ത്യയിൽ ഉള്ളത്. 100 ചതുരശ്ര കിലോമീറ്ററിൽ മൂന്നെണ്ണത്തിൽ താഴെ മാത്രവും. ഗ്രാമീണ ഇന്ത്യയിൽ ഇത് ഒരെണ്ണം പോലും വരില്ല. ഗ്രാമീണ മേഖലയിൽ 45 ശതമാനം ആളുകളും നഗര പ്രദേശങ്ങളിൽ 28 ശതമാനവും മൊത്തം ഭവനങ്ങളിൽ 38 ശതമാനവും അഭിപ്രായപ്പെട്ടത് ബാങ്കുകളിൽ എത്തിച്ചേരാനുള്ള ബുദ്ധിമുട്ടുകളെക്കുറിച്ചാണ്. ഏവരെയും സാമ്പത്തിക നേട്ടങ്ങൾക്ക് പ്രാപ്തരാക്കുന്നതിൽ ബാങ്ക് സൗകര്യലഭ്യത അനിവാര്യം തന്നെയെങ്കിലും ബാങ്ക് അടുത്തുണ്ടെന്നത് കൊണ്ടു മാത്രം കാര്യമില്ലെന്നതും ശ്രദ്ധിക്കേണ്ടതാണ്. ഇന്ത്യയിലെ തൊഴിലാളികളിൽ 90 ശതമാനത്തിലധികവും അസംഘടിത മേഖലയിൽ ആണെന്നത് ഇവിടെ പ്രസക്തമാണ്. ബാങ്ക് സൗകര്യലഭ്യത അവർക്ക് ഏറെ പ്രയോജനം ചെയ്യും.

പ്രധാനമായും കറൻസിയെ ആശ്രയിച്ച് പ്രവർത്തിക്കുന്ന അസംഘടിത മേഖലയാണ് ഇന്ത്യയിലെ ഏറ്റവും വലിയ തൊഴിൽദായകർ. കറൻസിരഹിത ഇടപാടുകൾ പ്രോത്സാഹിപ്പിക്കുന്ന ഒരു എൻറോളിംഗ് സംവിധാനം അതുകൊണ്ടുതന്നെ സാമ്പത്തിക ഉൾപ്പെടുത്തൽ നടപടികൾക്ക് കരുത്ത് പകരും. ക്രെഡിറ്റ്/ഡെബിറ്റ് കാർഡ് ഇടപാടുകൾക്ക് സർവ്വീസ് ചാർജ് കുറയ്ക്കുതുൾപ്പെടെയുള്ള പ്രോത്സാഹനങ്ങൾ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. ഇ-പേയ്മെന്റുകൾ, പ്ലാസ്റ്റിക് പണമിടപാടുകൾ, കറൻസി രഹിത ഇടപാടുകൾ തുടങ്ങിയവ പ്രോത്സാഹിപ്പിക്കുന്നതിനായി ഗവൺമെന്റ് കഴിഞ്ഞ ഒരു വർഷത്തിനിടെ പല നടപടികളും പ്രഖ്യാപിച്ചു. ഗ്രാമീണ മേഖലയിൽ പ്രത്യേകിച്ചും കറൻസിയെ ആശ്രയിച്ച് കഴിയുന്ന ഇന്ത്യൻ സമ്പദ് വ്യവസ്ഥ ഇത്തരമൊരു ഉടച്ചുവാർക്കലിന് തയ്യാറാണോ എന്നതാണ് പ്രസക്തമായ കാര്യം.

2016 ജൂലൈയിൽ 697.2 ദശലക്ഷം ഡെബിറ്റ് കാർഡുകളും 25.9 ദശലക്ഷം ക്രെഡിറ്റ് കാർഡുകളും ബാങ്കുകൾ പുറത്തിറക്കിയെന്ന് റിസർവ് ബാങ്ക് പറയുന്നു. കാർഡുകളുടെ എണ്ണം അവ ഉപയോഗിക്കുന്ന വ്യക്തികളുടെ എണ്ണമല്ല സൂചിപ്പിക്കുന്നത് എന്നത് ശ്രദ്ധിക്കേണ്ടതുണ്ട്. നഗരപ്രദേശങ്ങളിൽ പലർക്കും ഒന്നിലധികം കാർഡുകൾ ഉള്ളതുപോലെ ഇപ്പോൾ ഗ്രാമീണ മേഖലയിലും പലർക്കും ഒന്നിലധികം കാർഡുകൾ ഉണ്ട്. മൂന്ന് പ്രാഥമിക കാര്യങ്ങൾക്കാണ് കാർഡുകൾ നല്കപ്പെടുന്നത്. എ.ടി.എമ്മിൽ നിന്ന് പണം പിൻവലിക്കുക, ഓൺലൈൻ പണമിടപാടുകൾ നടത്തുക, കടകളിലെയും വ്യാപാര സ്ഥാപന

ങ്ങളിലെയും പി.ഒ.എസ് ടെർമിനലുകളിൽ പണം നൽകാൻ ഉപയോഗിക്കുക എന്നിവയാണത്. ഇന്ത്യയിൽ വെറും 26% ആണ് ഇന്റർനെറ്റ് ലഭ്യത. ഡിജിറ്റൽ പണമിടപാടുകൾ നടത്തുന്നതോ വെറും 20 കോടിയും. എടിഎം സൗകര്യം ഗ്രാമീണ മേഖലയിൽ 18% മാത്രമാണ്. സ്ത്രീകളുടെ എണ്ണവും ഗ്രാമവാസികളുടെ എണ്ണവും കൂടുതലുള്ള സംസ്ഥാനങ്ങൾ സാമ്പത്തിക നേട്ടങ്ങൾ ഏവർക്കും എത്തിക്കുന്ന കാര്യത്തിൽ പിറകിലാണെന്ന് ആർ.ബി.ഐ ചൂണ്ടിക്കാട്ടുന്നു.

കഴിഞ്ഞ വർഷം ഇന്ത്യയിൽ നടന്ന സാമ്പത്തിക ഇടപാടുകളിൽ 75% ഉം കറൻസി ഉപയോഗിച്ചാണ് നടത്തിയതെന്ന് ഗുഗിൾ ഇന്ത്യയും ബോസ്റ്റൺ കൺസൾട്ടിംഗ് ഗ്രൂപ്പും നടത്തിയ പഠനം തെളിയിക്കുന്നു. യു.എസ്., ജപ്പാൻ, ഫ്രാൻസ്, ജർമ്മനി തുടങ്ങിയ വികസിത രാജ്യങ്ങളിൽ കേവലം 20-25% ഇടപാടുകൾ മാത്രമാണ് കറൻസി ഉപയോഗിച്ച് നടത്തുന്നത്. നോട്ട് അസാധുവാക്കൽ മൂലം മൊബൈൽ ഇ-വാലറ്റ് പെയ്മെന്റ് കമ്പനികൾക്ക് നാലിരട്ടി വരെ ഇടപാടുകളിൽ വർധന ഉണ്ടായി. രാജ്യത്ത് നടക്കുന്ന പണമിടപാടുകളിൽ ഏറിയ പങ്കും സാധനങ്ങൾക്കും സേവനങ്ങൾക്കും വേണ്ടിയുള്ള ചെറിയ ഇടപാടുകളാണ്. പി.ഒ.എസ് ടെർമിനലുകൾ രാജ്യത്ത് വേണ്ടത്ര പ്രചാരം നേടിയിട്ടുമില്ല. രാജ്യത്ത് ദശലക്ഷക്കണക്കിന് ജനങ്ങൾക്ക് ഇനിയും ബാങ്ക് അക്കൗണ്ടുകളോ പി.ഒ.എസ് സേവനങ്ങളോ ഇന്റർനെറ്റോ ഓൺലൈൻ സാമ്പത്തിക ഇടപാടുകളുടെ മെച്ചം മനസ്സിലാക്കാൻ ഉതകുന്ന മറ്റ് അടിസ്ഥാന സൗകര്യങ്ങളോ ലഭ്യമല്ല. ഗ്രാമീണ ഇന്ത്യയിലും ഇടത്തരം ചെറുപട്ടണങ്ങളിലും ഡിജിറ്റൽ സേവനങ്ങളും പി.ഒ.എസ് സേവനങ്ങളും ലഭ്യമാക്കാൻ വലിയ പ്രയത്നം വേണ്ടിവരും. ഇക്കൊല്ലം ജൂലൈയിൽ ഡെബിറ്റ് കാർഡുകൾ ഉപയോഗിച്ച് എടിഎമ്മുകളിലും പി.ഒ.എസ് ടെർമിനലുകളിലുമായി 881 ദശലക്ഷം ഇടപാടുകളാണ് നടത്തിയത്. ഇതിൽ 92% ഉം എടിഎമ്മുകളിൽ നിന്ന് പണം പിൻവലിക്കാൻ നടത്തിയ ഇടപാടുകൾ ആയിരുന്നു താനും. ഇന്ത്യൻ സാഹചര്യങ്ങളിൽ കാർഡിന്റെ പ്രാഥമിക ഉപയോഗം പണം പിൻവലിക്കാൻ വേണ്ടിയാണെന്ന് വ്യക്തം.

ഡിജിറ്റൽ ഇന്ത്യയുടെ പൂർത്തീകരിക്കാതെ ശേഷിക്കുന്ന ലക്ഷ്യങ്ങളാണ് മറ്റൊരു തടസ്സം. മൊബൈൽ ഇന്റർനെറ്റ് അടിസ്ഥാനമാക്കി പി.ഒ.എസ് ടെർമിനലുകൾ പ്രവർത്തിക്കുമെന്നതിനാൽ ഗ്രാമങ്ങളിൽ മൊബൈൽ ഇന്റർനെറ്റ് സേവനം ലഭ്യമാക്കുന്നത് സുപ്രധാനമാണ്. കാർഡ് സേവനങ്ങൾക്ക് ബാങ്കുകൾ നേരത്തെ പണം ഈടാക്കിയിരുന്നത് മറ്റൊരു തടസ്സമാണ്. കൂടാതെ കുറഞ്ഞ സാക്ഷരതാനിരക്കും ഇന്റർനെറ്റ് സേവനങ്ങളുടെ അഭാവവും മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ പോരായ്മയും തടസ്സങ്ങളായി തുടരുന്നു.

## കറൻസി രഹിത ഗ്രാമീണ സമ്പദ് വ്യവസ്ഥയിലേക്കുള്ള വെല്ലുവിളികൾ

- **കറൻസി ആധിപത്യമുള്ള സമ്പദ് വ്യവസ്ഥ:** ഉയർന്ന തലത്തിലുള്ള കറൻസി വ്യാപനം നമ്മുടെ രാജ്യത്തുണ്ട്. ഇന്ത്യയുടെ ജിഡിപിയുടെ 13% കറൻസിയായി പ്രചാരത്തിലുണ്ടെന്നാണ് കണക്ക്. അസംഘടിത മേഖലയിലെ സ്ഥാപനങ്ങളും തൊഴിലാളികളും കറൻസിയാണ് മുഖ്യഉപാധിയായി കാണുന്നത്. ഡിജിറ്റൽ ഇടപാടുകൾ നടത്താൻ അവർക്ക് താല്പര്യമോ പ്രാവീണ്യമോ ഇല്ല.
- **എ.ടി.എമ്മുകളുടെ ഓൺലൈൻ ഉപയോഗം പ്രയോജനപ്പെടുത്താതിരിക്കൽ:** എ.ടി.എമ്മുകൾ മുഖ്യമായും പണം പിൻവലിക്കാൻ വേണ്ടിയാണ് വിനിയോഗിക്കപ്പെടുന്നത്. അല്ലാതെ ഓൺലൈൻ ഇടപാടുകൾക്ക് അല്ല. 21 കോടി റുപേ കാർഡുകൾ ഉൾപ്പെടെ വൻതോതിലാണ് കാർഡുകൾ പ്രചാരത്തിലുള്ളത്. എന്നാൽ കാർഡുകളിൽ 92% ഉം പണം പിൻവലിക്കാൻ വേണ്ടി മാത്രം ഉപയോഗിക്കുന്നു.
- **പി.ഒ.എസ് ടെർമിനലുകളുടെ പരിമിതമായ ലഭ്യത:** ആർ.ബി.ഐ പുറത്തിറക്കിയ കണക്കനുസരിച്ച് കഴിഞ്ഞ ജൂലൈയിൽ വിവിധ ബാങ്കുകൾ രാജ്യത്തെമ്പാടുമായി 1.44 ദശലക്ഷം പി.ഒ.എസ്സ് ടെർമിനലുകൾ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ മിക്കതും നഗര-അർദ്ധനഗര മേഖലകളിലാണ്.
- **ഇന്റർനെറ്റ് കണക്ടിവിറ്റിയുടെ അഭാവം:** ഗ്രാമീണ ഇന്ത്യയിൽ മൊബൈൽ ഇന്റർനെറ്റ് വ്യാപനം വേഗത്തിലല്ല. ഡിജിറ്റൽ ഇടപാടുകൾ

യാഥാർത്ഥ്യമാക്കാൻ ഇന്റർനെറ്റ് കണക്ഷൻ ആവശ്യമാണ്. എന്നാൽ ഇന്ത്യയിലെ ഗ്രാമങ്ങളിൽ കണക്ടിവിറ്റി ഒട്ടും മെച്ചമല്ല. കൂടാതെ ഗ്രാമങ്ങളിലെ താഴ്ന്ന സാക്ഷരതാ നിരക്ക് ഡിജിറ്റൽ ഇടപാടുകൾ പ്രചരിപ്പിക്കാനുള്ള ഉദ്യമങ്ങൾക്ക് വിലങ്ങുതടി സൃഷ്ടിക്കുന്നുണ്ട്. പ്രധാനമന്ത്രി അടുത്തിടെ തുടക്കം കുറിച്ച BHIM (Bharat Interface for Money) മൊബൈൽ ഇന്റർനെറ്റ് ഇല്ലാതെ തന്നെ ഡിജിറ്റൽ പെയ്മെന്റിന് സാധ്യത ഒരുക്കുന്നതാണ്.

2014 സാമ്പത്തിക വർഷത്തിലെ വാർഷിക റിപ്പോർട്ട് അനുസരിച്ച് സ്വകാര്യബാങ്കുകൾ ഗ്രാമങ്ങളിലെ സാന്നിധ്യം മെച്ചപ്പെടുത്തി വരുകയാണ്. പുതിയ ശാഖകൾ തുറന്നതിൽ 50–65%വും ഗ്രാമീണ മേഖലയിൽ ആണെന്നാണ് ശരാശരി കണക്ക്. മുൻനിര ബാങ്കുകളായ ഐസിഐസിഐ ബാങ്ക്, ആക്സിസ് ബാങ്ക്, എച്ച്.ഡി.എഫ്.സി ബാങ്ക്, യെസ് ബാങ്ക് തുടങ്ങിയവ കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി ബാങ്ക് സേവന ലഭ്യത പരിമിതമായ പ്രദേശങ്ങളിൽ ശ്രദ്ധ ചെലുത്തി വരികയാണ്. 2013–2016 കാലത്ത് ടയർ-5, ടയർ-6 തട്ടുകളിൽ വരുന്ന പ്രദേശങ്ങളിൽ കൂടുതൽ ശാഖകൾ തുറക്കാൻ മുൻഗണന നൽകണമെന്ന് റിസർവ് ബാങ്ക് നിർദ്ദേശം നൽകിയിരുന്നു. പുതിയ ശാഖകളിൽ കാൽ ഭാഗമെങ്കിലും ഇത്തരം മേഖലകളിൽ തുറക്കണമെന്നായിരുന്നു നിർദ്ദേശം. 25% ൽ കൂടുതൽ തുറക്കുന്ന ശാഖകൾക്ക് ആർബിഐ വായ്പ ലഭ്യമാക്കുകയും ചെയ്യും. അർധനഗര- ഗ്രാമീണ വിപണികൾ ഇപ്പോൾ പ്രധാന കേന്ദ്രങ്ങളെക്കാൾ മികച്ച വളർച്ചയാണ് ദൃശ്യമാകുന്നത്. അതിനാൽതന്നെ, കഴിഞ്ഞ വർഷങ്ങളിൽ തുറന്ന പുതിയ ശാഖകളിൽ ഏറിയ പങ്കും ഗ്രാമ പ്രദേശങ്ങളിലോ അർധനഗര പ്രദേശങ്ങളിലോ ആണ്. ഓരോ ശാഖയെയും എല്ലാ സേവനങ്ങൾക്കുമുള്ള ഏകജാലക സംവിധാനമാക്കി മാറ്റുകയാണ് ഉദ്ദേശ്യം. ഏവർക്കും സാമ്പത്തിക വളർച്ചയുടെ ഗുണഫലങ്ങൾ ലഭ്യമാക്കുന്നതിനായി ഗ്രാമപ്രദേശങ്ങളിൽ സാങ്കേതിക വിദ്യയുടെ സഹായവും തേടിവരുന്നുണ്ട്. 'ബാങ്ക് ഓൺ വീൽസ്' എന്ന സംവിധാനം ഉദാഹരണം. വാഹനത്തിൽ സജ്ജീകരിക്കുന്ന ശാഖ വിദൂര പ്രദേശങ്ങളിൽ പോലും നേരിട്ട് എത്തി ഇടപാടുകാർക്ക് സേവനം ലഭ്യമാക്കുന്നു. വേണ്ടത്ര ഇടപാടുകാരെ ലഭിക്കാത്തതുമൂലം ഗ്രാമീണ ശാഖകൾക്ക് ലാഭക്ഷമത കൈവരിക്കാൻ കാത്തിരിക്കേണ്ടി വരുന്നുവെന്നതാണ് വെല്ലുവിളി. നഗരങ്ങളിൽ ശാഖയുടെ പ്രതിമാസ പ്രവർത്തനചെലവ് 9 ലക്ഷം രൂപയായി കണക്കാക്കുമ്പോൾ ഗ്രാമങ്ങളിൽ 4 ലക്ഷം രൂപയാണ് ചെലവ്. ഗ്രാമീണ ശാഖകൾ തുറക്കുന്നതിൽ പൊതുമേഖലാ ബാങ്കുകളും ഒട്ടും പിന്നിലല്ല. 2014 സാമ്പത്തിക വർഷം എസ്.ബി.ഐ 1053 പുതിയ ശാഖകൾ തുറന്നതിൽ 57% ഉം ഗ്രാമീണ മേഖലയിൽ ആയിരുന്നു. ഗ്രാമ പ്രദേശങ്ങളിൽ ഭൂമിവിലയും വാടകയും കുറവായിരിക്കുമെങ്കിലും സേവനങ്ങൾ ലഭ്യമാക്കാനുള്ള ചെലവ് നേട്ടങ്ങളെ കവച്ചുവയ്ക്കുന്നു.

## സാധ്യതകളും മുന്നോട്ടുള്ള വഴിയും

130 കോടി ജനങ്ങൾ വസിക്കുന്ന ഒരു രാജ്യത്തിലെ 86% കറൻസി നോട്ടുകളും മണിക്കൂറുകൾക്കിടെ അസാധുവായി പ്രഖ്യാപിച്ചാൽ അത് തീർച്ചയായും ദൈനംദിന ജീവിതത്തിൽ കുറച്ചുകാലത്തേക്ക് തടസ്സങ്ങൾ സൃഷ്ടിക്കും. ഇന്ത്യയിലെ സാമ്പത്തിക പ്രവർത്തനങ്ങളിൽ ഏറിയ പങ്കും രേഖകളുടെ അഭാവത്തിൽ നടക്കുമ്പോൾ അവിടെ പ്രത്യക്ഷ-പരോക്ഷ നികുതികൾ വെട്ടിക്കാനുള്ള സാധ്യതയുണ്ട്. എന്നു മാത്രമല്ല നമ്മുടെ സമ്പദ് വ്യവസ്ഥയെപ്പറ്റിയുള്ള യഥാർത്ഥ ചിത്രം മനസ്സിലാക്കാൻ തന്നെ കഴിയാതെ വരുന്നു. കാർഷിക വരുമാനത്തിന് നികുതി ചുമത്താത്തപ്പോൾ തന്നെ പല കൃഷിക്കാർക്കും കിസാൻ ക്രെഡിറ്റ് കാർഡും സീറോ ബാലൻസ് അക്കൗണ്ടുകളും ഉണ്ട്. കാർഷിക സമ്പദ് വ്യവസ്ഥ ഇപ്പോഴും ഇടനിലക്കാരുടെ പിടിയിലാണ്. കർഷകർക്ക് ഉൽപ്പന്ന വില പണമായി കൈമാറുന്ന ഇവർ വിപണി വിലയിലെ അന്തരം ലാഭമായി കൈപ്പറ്റുന്നു.

ഡിജിറ്റൽ ഇടപാടുകൾക്ക് പ്രചാരം നൽകാനാണ് ജൻധൻ ആധാർ മൊബൈൽ (JAM) സംവിധാനം. രാജ്യത്തിന്റെ ഓരോ വിദൂര കോണിലും എത്താൻ തക്കവണ്ണം ഇത് വ്യാപിക്കുകയാണ്. 2009 ൽ തുടക്കമിട്ട ആധാർ ഏഴ് വർഷത്തിനകം 107 കോടി ജനങ്ങളെ അഥവാ 88% പേരെ അതിന്റെ കുടക്കീഴിൽ കൊണ്ടുവന്നു. ഗവൺമെന്റ് സബ്സിഡികൾ ജാം

മുഖേന നൽകിവരുന്നു. ഡിജിറ്റൽ ഇടപാടുകളെപ്പറ്റി ബോധവാന്മാരാകാൻ പൗരന്മാരെ ഇത് സഹായിക്കും.

## കറൻസി രഹിത സമ്പദ് വ്യവസ്ഥയ്ക്കായി ഗവൺമെന്റിന്റെ നേരിട്ടുള്ള സംഭാവന

ഒരു പൗരനും ഗവൺമെന്റും തമ്മിൽ നടക്കുന്ന ഇടപാടുകൾക്ക് പല തലങ്ങളുമുണ്ട്. നിശ്ചിത പരിധിയിൽ കവിയുന്ന ചില ഇടപാടുകൾ നിയമപരമായി കറൻസിരഹിതമാക്കുക എന്നതാണ് ഗവൺമെന്റ് ഇപ്പോൾ ലക്ഷ്യമിടുന്നത്. ഇതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. ഉദാഹരണത്തിന് പാസ്പോർട്ടിനുള്ള ഫീസ് ഓൺലൈൻ വഴിയോ ബാങ്ക് ഡ്രാഫ്റ്റുകൾ വഴിയോ ആക്കാം. ആദായ നികുതി, വില്പന നികുതി, എക്സൈസ് തീരുവ തുടങ്ങിയവ കറൻസി രഹിതമാക്കാം. വീട്ടുജോലിക്കാർ, ശുചിയാക്കൽ ജോലിയിലേർപ്പെടുന്നവർ തുടങ്ങി അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് ഡിജിറ്റൽ രൂപത്തിൽ വേതനം കൈമാറുന്നവർക്ക് ഒന്നോ രണ്ടോ ശതമാനം നികുതി കിഴിവ് നൽകാം. ഇതിന് രണ്ട് ഗുണഫലങ്ങൾ ഉണ്ട്. ഒന്ന് കറൻസി രഹിത സമ്പ്രദായത്തിലേക്ക് മാറാൻ വീട്ടുകാർക്ക് പ്രോത്സാഹനം ലഭിക്കുന്നു. മറ്റൊന്ന് വലിയൊരു വിഭാഗം ഉൾക്കൊള്ളുന്ന അസംഘടിത മേഖല സാമ്പത്തിക പ്രക്രിയയുടെ ഭാഗമാകുകയും ചെയ്യുന്നു. മേല്പറഞ്ഞതു കൂടാതെ കറൻസി രഹിത ഇടപാടുകൾ പ്രോത്സാഹിപ്പിക്കാൻ പല ഗവൺമെന്റ് പരിപാടികളും ഉദ്യമങ്ങളും നിലവിലുണ്ട്.

ഡിജിറ്റൽ പേയ്മെന്റിനോടുള്ള സ്വീകാര്യത കുറവ്, ഉയർന്ന ഉപഭോക്തൃ നിരക്കുകൾ തുടങ്ങിയവയാണ് നേരിടേണ്ട പ്രധാന കടമ്പകൾ. ഈ രണ്ട് തടസ്സങ്ങൾ നീക്കിയാലും ഡിജിറ്റൽ ഇടപാടുകൾ തനിയെ സ്വീകാര്യമാവില്ല എന്നതും ശ്രദ്ധിക്കണം. കറൻസി രഹിത ഇടപാടുകളിലൂടെ ഏവരെയും സാമ്പത്തിക മുന്നേറ്റത്തിന്റെ ഭാഗമാക്കുന്നതിനുള്ള ചട്ടക്കൂടിൽ അഞ്ച് കാര്യങ്ങൾ കണക്കിലെടുക്കേണ്ടതുണ്ട്. അടിസ്ഥാന സൗകര്യ ലഭ്യത, എളുപ്പത്തിൽ കാര്യം സാധിക്കുക, സ്വീകാര്യത, താങ്ങാവുന്ന ചെലവ്, ബോധവത്കരണം എന്നിവയാണവ.

ഗ്രാമങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാകുന്നുവെന്ന് ഗവൺമെന്റ് ഉറപ്പാക്കണം. സ്കൂൾ, കോളേജ്, പഞ്ചായത്തുകൾ തുടങ്ങിയവയിലൂടെ നടത്തുന്ന പ്രചാരണ പരിപാടികൾ കറൻസി രഹിത ഇടപാടുകളെപ്പറ്റി അവബോധം സൃഷ്ടിക്കും. കൂടുതൽ പേരെ ഡിജിറ്റൽ ഇടപാടുകളിലേക്ക് ആകർഷിക്കുന്നതിന് സാമ്പത്തിക സാക്ഷരത അനിവാര്യമാണ്. ഡിജിറ്റൽ പണമിടപാടുകൾ, ബാങ്ക് മുഖേനയുള്ള ഇടപാടുകൾ എന്നിവ പ്രോത്സാഹിപ്പിക്കണം. എല്ലാ ക്ഷേമപദ്ധതികളും ബാങ്ക് അക്കൗണ്ടുകളുമായി ബന്ധിപ്പിക്കുകയെന്നതും സുപ്രധാനമാണ്. ശക്തമായ ബാങ്കിംഗ് സംവിധാനമാണ് കറൻസി രഹിത സമൂഹത്തിന് വേണ്ടിയുള്ള പ്രധാന ഘടകം. സാമ്പത്തിക സാക്ഷരതക്കായി ദേശവ്യാപകമായ പ്രചാരണം, ഇലക്ട്രോണിക് ഇടപാടുകൾ ജനകീയമാക്കാൻ വേണ്ടിയുള്ള ഇടക്കാല തന്ത്രങ്ങൾ എന്നിവയും പ്രധാനമാണ്. ലക്ഷ്യ കേന്ദ്രീകൃതമായ സാമ്പത്തിക ബോധവൽക്കരണ പരിപാടിയിലൂടെ ധനകാര്യ പ്രാവീണ്യവും വായ്പാ മാനേജ്മെന്റും മെച്ചപ്പെടും. അങ്ങനെ ഗ്രാമീണ ഇന്ത്യയിലെ ബാങ്ക് അക്കൗണ്ട് ഉടമകളുടെ എണ്ണം വർദ്ധിക്കുകയും ചെയ്യും.

*(കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിനു കീഴിൽ പദ്ധതി, നയരൂപീകരണ വിഭാഗം ഡയറക്ടറാണ് ലേഖിക)*

**വിജ്ഞാനപാത**

### ഉഡാൻ വിമാന സർവീസ് പദ്ധതി (Ude Desh Ka Aam Naagrik - UDAN)

വിമാനയാത്ര സാധാരണക്കാരനും സാധ്യമാക്കുന്ന ഉഡാൻ വിമാന സർവീസ് പദ്ധതി കേന്ദ്ര സർക്കാർ പ്രാബല്യത്തിൽ കൊണ്ടുവരുന്നു. പദ്ധതി പ്രകാരം ഒരു മണിക്കൂർ വിമാനയാത്രയ്ക്ക് 2500 രൂപ നൽകിയാൽ മതിയാകും. ഒരു വിമാനത്തിൽ കുറഞ്ഞത് 9 സീറ്റും, പരമാവധി 40 സീറ്റും ആയിരിക്കും ഇപ്രകാരമുള്ള കുറഞ്ഞ നിരക്കിനായി മാറ്റിവെക്കുന്നത്. ഉഡാനിൻ പങ്കാളികളാകാൻ താൽപര്യമുള്ള വിമാനക്കമ്പനികളിൽ നിന്നും വ്യോമയാന മന്ത്രാലയം അപേക്ഷ ക്ഷണിച്ചിട്ടുണ്ട്.

പ്രത്യേക ലേഖനം

# നോട്ട് അസാധുവാക്കൽ: തെരഞ്ഞെടുപ്പിലെ കള്ളപ്പണത്തിനു കടിഞ്ഞാൺ

എസ് വൈ ഖുറേഷി

പണത്തിലൂടെ വോട്ടർമാരെ സ്വാധീനിച്ച് തെരഞ്ഞെടുപ്പിൽ വിജയിക്കുന്ന രീതി വളരെ നാളുകളായി ഇന്ത്യൻ രാഷ്ട്രീയത്തിൽ വ്യാപകമായി കണ്ടുവരുന്ന ദൃശ്യമാണ്. അതായത് തെരഞ്ഞെടുപ്പിന്റെ തലേ രാത്രിയിൽ വിതരണം ചെയ്യുന്ന പണത്തിന്റെയും മറ്റും പ്രേരണയിൽ വിജയം കയ്യാളുന്നത് നിഷേധിക്കാനാവാത്തതും നിർഭാഗ്യകരവുമായ സംഭവമായി നിലകൊള്ളുന്നു. ഇന്ത്യയിൽ സ്വതന്ത്രവും നീതിപൂർവവുമായി നടക്കേണ്ട തെരഞ്ഞെടുപ്പ്, പണംകൊണ്ട് കുതിരക്കച്ചവടത്തിലൂടെ രാഷ്ട്രീയ പാർട്ടികൾ തീറുവാങ്ങിയ സംഭവങ്ങൾക്ക് ധാരാളം തെളിവുകളുണ്ട്.

അസോസിയേഷൻ ഓഫ് ഡെമോക്രാറ്റിക്ക് റിഫോംസ് (എഡിആർ) നടത്തിയ ഒരു വിശകലനത്തിൽ 2011 ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ തമിഴ്നാട്, ബംഗാൾ, കേരളം, പുതുച്ചേരി, അസാം എന്നീ സംസ്ഥാനങ്ങളിൽ നിന്നു മത്സരിച്ച 576 സ്ഥാനാർത്ഥികൾ (3,547 ൽ 16 ശതമാനം) നല്കിയ സത്യവാങ്മൂലം അനുസരിച്ച് അവർ കോടീശ്വരന്മാരായിരുന്നു. എന്നിട്ടും 50 ശതമാനം സ്ഥാനാർത്ഥികൾ ഒരിക്കൽ പോലും നികുതി റിട്ടേണുകൾ സമർപ്പിക്കാത്തവരായിരുന്നു. മറ്റു സംസ്ഥാനങ്ങളിലെ സ്ഥിതിയും ഇതിൽ നിന്നു മെച്ചമായിരുന്നില്ല.

തെരഞ്ഞെടുപ്പു കാലത്ത് വിതയ്ക്കപ്പെടുന്ന അഴിമതിയുടെ വിത്തുകൾ സാവകാശം രാജ്യഭരണത്തിൽ മുളയ്ക്കുന്നു, വളരുന്നു. രാഷ്ട്രീയ പാർട്ടികളും സ്ഥാനാർത്ഥികളും തെരഞ്ഞെടുപ്പ് പ്രചാരണങ്ങൾക്കായി ചെലവഴിക്കുന്ന കോടികൾ, അധികാരത്തിൽ എത്തിയാലുടൻ എങ്ങിനെയും തിരിച്ചു പിടിക്കും. ഈ ധനസമാഹരണ യജ്ഞം രാഷ്ട്രീയ-ഉദ്യോഗസ്ഥതലത്തിൽ തെറ്റായ കൂട്ടുകെട്ടിലേയ്ക്കു നയിക്കുന്നു. ഗവൺമെന്റിലെ രണ്ടു ശക്തമായ വിഭാഗങ്ങൾ ഇത്തരം അവിശുദ്ധ ബന്ധത്തിലൂടെ കൈകോർക്കുമ്പോൾ രാജ്യത്ത് പൊതുജീവിതത്തിന്റെ എല്ലാ മേഖലകളിലേയ്ക്കും, അഴിമതി ഊറിയിറങ്ങുന്നു. ഭരണത്തിന്റെ ഏറ്റവും താഴെതട്ടിലുള്ള ഒരു സാദാ പോലീസുകാരനെ സമീപിച്ചാൽ പോലും അയാളുടെ പക്കൽ സ്ഥിരം ഉത്തരമുണ്ട് - മുകളിലുള്ളവർക്ക് മാമൂൽ കൊടുക്കണം.

തെരഞ്ഞെടുപ്പിനു വൻ തുകകൾ ചെലവഴിക്കുന്നതിൽ രാഷ്ട്രീയ നേതാക്കൾ അത്ര സന്തുഷ്ടരാണ് എന്നു കരുതരുത്. പലപ്പോഴും അവർ അതു സംബന്ധിച്ച ആശങ്കകൾ പ്രകടിപ്പിച്ചിട്ടുമുണ്ട്. പക്ഷെ, ഇതിന് ഒരു പരിഹാരം കാണാനുള്ള ഗൗരവതരമായ ചർച്ച നടക്കാത്തിടത്തോളം കാലം അവർ പ്രകടിപ്പിക്കുന്ന ആശങ്ക വെറും അധരവ്യായാമം മാത്രം എന്നാണ് കരുതേണ്ടത്. ഈ പ്രശ്നം എത്രയോ തവണ പാർലമെന്റിൽ ചർച്ച ചെയ്യപ്പെട്ടതാണ്. എത്രയോ സമിതികൾ ഇതിനായി രൂപീകൃതമായി. അവരുടേതായി ഒടുവിൽ നാം കേൾക്കുന്ന ഒരു മുടന്തൻ ന്യായമുണ്ട്- തെരഞ്ഞെടുപ്പു ചെലവുകൾക്ക് രാജ്യം പണം നല്കണം. അതാണ് പരിഹാരമത്രെ.

ഈ വിഷയം കൂടുതലായി പഠിച്ചത് 1999 ൽ രൂപീകരിക്കപ്പെട്ട ഇന്ദ്രജിത് ഗുപ്ത കമ്മിറ്റിയാണ്. ഡോ. മൻമോഹൻ സിങ്, സോമനാഥ് ചാറ്റർജി തുടങ്ങി രാഷ്ട്രീയത്തിലെ പ്രഗത്ഭർ അതിൽ അംഗങ്ങളായിരുന്നു. പൊതുഖജനാവിൽ നിന്നു ഭാഗികമായി മാത്രം തെരഞ്ഞെടുപ്പു ചലവുകൾ വഹിക്കണമെന്ന് അവരും നിർദ്ദേശിച്ചു. അതും ഉൾപാർട്ടി ജനാധിപത്യമുണ്ടെങ്കിൽ മാത്രം. പക്ഷെ ആരും ചെവിക്കൊണ്ടില്ല.

തെരഞ്ഞെടുപ്പിനു തൊട്ടു മുമ്പുള്ള ദിവസങ്ങളിൽ വോട്ടുകൾ വാങ്ങാൻ കോഴ നല്കുന്ന ഭീമമായ തുകയെക്കുറിച്ച് ഇന്ത്യൻ തെരഞ്ഞെടുപ്പ് കമ്മിഷന് വലിയ ഉത്ക്കണ്ഠയുണ്ട്. മുഖ്യ തെരഞ്ഞെടുപ്പ് കമ്മിഷണറായ ശേഷം നടത്തിയ ആദ്യ പത്ര സമ്മേളനത്തിൽ തന്നെ തെരഞ്ഞെടുപ്പ് കമ്മീഷൻ നേരിടുന്ന രണ്ടു പ്രധാന വെല്ലുവിളികൾ ഞാൻ സൂചിപ്പിച്ചിരുന്നു. പണത്തിന്റെ ദുരുപയോഗവും വോട്ടർമാരുടെ നിർവികാരതയും. ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ രണ്ടു പുതിയ വകുപ്പുകൾ തന്നെ ആരംഭിച്ചു. രണ്ടും നിർണായകമായ വിജയം നേടി. ബൂത്തുകളിലേയ്ക്ക് അതുവരെ ഉണ്ടാകാത്ത തരത്തിൽ വോട്ടർമാരുടെ ഒഴുക്ക് ദൃശ്യമായി. വോട്ടർമാരെ സ്വാധീനിക്കാൻ കരുതിയിരുന്ന കോടിക്കണക്കിനു രൂപയും വൻ തോതിലുള്ള മദ്യശേഖരവും പിടികൂടി. ഞങ്ങൾ സ്വീകരിച്ച ശക്തമായ നടപടികളെ തുടർന്ന് ഉത്തർ പ്രദേശിലെ ഒരു സിറ്റിങ് എംഎൽഎയ്ക്കു സീറ്റു നഷ്ടപ്പെട്ടു. രാജ്യസഭാ തെരഞ്ഞെടുപ്പിൽ ജാർക്കണ്ഡിലെ രണ്ടു സ്ഥാനാർത്ഥികളും അയോഗ്യരായി.

പണം പറ്റി വോട്ട് നല്കരുത് എന്ന് വോട്ടർമാരെ ബോധവത്ക്കരിക്കാൻ ഞങ്ങൾക്കു സാധിച്ചു. ലോകത്തിലെ ഏറ്റവും വലിയ വോട്ടർ പട്ടികയിൽ പേരു ചേർക്കൽ പരിപാടിയുടെ ഭാഗമായി 2011 മുതൽ എല്ലാ വർഷവും ജനുവരി 25 ദേശീയ തലത്തിൽ സമ്മതിദാന ദിനമായി ആചരിച്ചു വരുന്നു. ധാർമികത കൈവെടിയില്ല എന്ന് പുതിയ വോട്ടർമാർ പ്രത്യേകിച്ച് യുവാക്കൾ ഈ ദിവസം പ്രതിജ്ഞ എടുക്കുന്നു.ഇതുവരെ 140 ദശലക്ഷം വോട്ടർമാർ ഈ പ്രതിജ്ഞ എടുത്തു കഴിഞ്ഞു.

കമ്മീഷനിൽ ശക്തമായ ചെലവ് നിയന്ത്രണ വിഭാഗവും സമ്മതിദായക ബോധവത്ക്കരണ വിഭാഗവും, അതോടൊപ്പം രാജ്യത്ത് ജാഗ്രതയുള്ള മാധ്യമങ്ങളും പൊതു സമൂഹവും നിലവിലുള്ളതിനാൽ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടങ്ങൾ ലംഘിക്കുക ഇപ്പോൾ വളരെ ബുദ്ധിമുട്ടാണ്. എന്നാലും തെരഞ്ഞെടുപ്പിൽ കള്ളപ്പണം യഥേഷ്ടം ഉപയോഗിക്കപ്പെടുന്നു എന്നത് ഖേദകരമായ വസ്തുതയാണ്. പണം ഒഴിവാക്കി ജനാധിപത്യ രീതിയിൽ തെരഞ്ഞെടുപ്പ് ഏറെക്കുറെ അസാധ്യമാണ്. പക്ഷെ പണം ഈ സംവിധാനത്തിനുമുപരിയാകാൻ പാടില്ല. അതായത് പണമുള്ളവൻ രാഷ്ട്രീയ പാർട്ടികളെ വിലയ്ക്കുവാങ്ങി ഇവിടെ സ്ഥാനാർത്ഥിയാകുന്ന  ഏർപ്പാട് അവസാനിക്കണം.

അതുകൊണ്ടാണ് സ്ഥാനാർത്ഥികൾക്ക് തെരഞ്ഞെടുപ്പിനു ചെലവഴിക്കാവുന്ന പണത്തിന്  പരിധി നിശ്ചയിച്ചിരിക്കുന്നത്. പക്ഷെ പാർട്ടികൾക്ക് ഇതു ബാധകമല്ല എന്നതാണ് രസകരം. അതോടെ ഈ സാമ്പത്തിക അച്ചടക്കത്തിന്റെ എല്ലാ യുക്തിയും ഇല്ലാതായി എന്നു പറയാം. എതിരാളികളെ തോല്പ്പിക്കാൻ എല്ലാ രാഷ്ട്രീയ പാർട്ടികളും ആയിരക്കണക്കിനു കോടികൾ ചെലവഴിക്കുന്നു. 2014 ലെ പൊതു തെരഞ്ഞെടുപ്പ് പ്രചാരണത്തിനായി രാജ്യത്ത് ചെലവഴിക്കപ്പെട്ടത് ഏകദേശം 30,000 കോടി രൂപയാണ്.

എവിടെ നിന്നാണ് ഈ പണമത്രയും വരുന്നത്?  വൻ കമ്പനികകളുടെ വിഹിതം, ചെറുതും വലുതുമായ സംഭാവനകൾ, പാർട്ടി അംഗത്വ ഫീസ് എന്നിവ കൂടാതെ നിക്ഷേപങ്ങളുടെ പലിശ, വാടക, ഇതര വരുമാന മാർഗങ്ങൾ എന്നിവയിലൂടെ ആയിരിക്കാം. സംഭാവനകൾക്ക് ഒരു സുതാര്യതയും ഇല്ല. കണക്കുകളിൽ കാണുന്നത് 75–80 ശതമാനം പണവും സംഭാവനയായി നേരിട്ടു ലഭിക്കുന്നു എന്നാണ്. പക്ഷെ സ്രോതസ് വെളിപ്പെടുത്തുന്നുമില്ല. ഇത് വളരെ ഗുരുതരമായ കുറ്റമാണ്. കാരണം ഇത് വിദേശത്തു നിന്ന് കൊണ്ടുവരുന്നതോ, കുറ്റവാളി – മയക്കുമരുന്ന് – റിയൽ എസ്റ്റേറ്റ് മാഫിയയുടെ പക്കൽ നിന്നോ  ആവാം.

വിക്കിലീക്ക്സ് രേഖകൾ പ്രകാരം നമ്മുടെ രാജ്യത്തെ തെരഞ്ഞെടുപ്പിലെ സാധാരണ പ്രതിഭാസമായി മാറിയിരിക്കുന്ന സമവാക്യമാണ് വോട്ടിനു നോട്ട്. തമിഴ്നാട്ടിൽ നിന്നുള്ള് ഒരു കേന്ദ്ര മന്ത്രി 2009 ൽ നടന്ന ഒരു ഉപതെരഞ്ഞെടുപ്പിൽ ഓരോ വോട്ടർക്കും 5000 രൂപ വീതം വിതരണം ചെയ്തതായി വിശ്വസനീയ കേന്ദ്രങ്ങളെ ഉദ്ധരിച്ച് വികിലീക്സ് രേഖകൾ സാക്ഷ്യപ്പെടുത്തുന്നു. വിജയത്തിനു ശേഷം അദ്ദേഹം തന്റെ തെരഞ്ഞെടുപ്പു തന്ത്രം വളരെ കൃത്യമായിരുന്നു എന്ന് വെളിപ്പെടുത്തുകയുമുണ്ടായി. ഇതാണ് – കുപ്രസിദ്ധമായ തിരുമംഗലം സമവാക്യം – നമ്മുടെ ഏറ്റവും വലിയ വെല്ലുവിളിയും.

കണക്കിൽപ്പെടാത്ത ഏകദേശം 300 കോടി രൂപയാണ് 2014 ലെ തെരഞ്ഞെടുപ്പിൽ കമ്മിഷൻ പിടികൂടിയത്. 2014 നു ശേഷം എല്ലാ നിയമസഭാ തെരഞ്ഞെടുപ്പുകളിലും വൻ തുകകളാണ് പിടിച്ചെടുത്തത്. ഉദാഹരണത്തിന് 2015 ൽ നടന്ന ബീഹാർ നിയമസഭാ തെരഞ്ഞെടുപ്പിൽ പിടിച്ചെടുത്തത് ഏകദേശം 19 കോടി രൂപയാണ്. തമിഴ്നാട്ടിൽ തുക 100 കോടിക്കും മേലെയാണ്.

പൊതുജനത്തിന് രാഷ്ട്രീയക്കാരെ കുറിച്ചുള്ള കാഴ്ച്ചപ്പാട് അവർ മൊത്തം അഴിമതിക്കാരാണ് എന്നത്രെ. രാഷ്ട്രീയക്കാരുടെ ഈ പ്രതിച്ഛായ ജനാധിപത്യത്തിന് ഭൂഷണമല്ല. നമ്മുടെ രാജ്യത്തിന് സത്യസന്ധരായ ഒരു രാഷ്ട്രീയ നിരയുടെ സമ്പന്നമായ പാരമ്പര്യം ഉണ്ട്. അവരുടെ സത്യസന്ധതയുടെ തണലിലാണ് ഇന്ത്യ ഇത്രയും വലിയ ലോക ശക്തിയായി വളർന്നതു പോലും.

വൻ തോതിലുള്ള (പ്രത്യേകിച്ച് റിയൽ എസ്റ്റേറ്റ് മേഖലയിലെ) കള്ളപ്പണം മൂലമാണ് 2008 ലെ ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ ആഘാതം ഉൾപ്പെടെയുള്ള പല തിരിച്ചടികളും രാജ്യത്തിന് നേരിടേണ്ടി വന്നത് എന്ന് ഒരു വാദമുണ്ട്. എന്നാൽ തെരഞ്ഞെടുപ്പിലെ പണാധികാരത്തിന് ഇന്ത്യയിൽ അത്രയധികം സ്വാധീനം ഇല്ല. രാജ്യത്ത് 500, 1000 കറൻസി നോട്ടുകൾ അസാധുവാക്കിയ പ്രധാനമന്ത്രിയുടെ പ്രഖ്യാപനം കൃത്യ സമയത്തു തന്നെയാണ് നടന്നത്. അഞ്ച് സംസ്ഥാനങ്ങളിലെ തെരഞ്ഞെടുപ്പിനു തൊട്ടു മുമ്പ്. ചാക്കിൽ പണവും കെട്ടി സൂക്ഷിച്ച് തെരഞ്ഞെടുപ്പിനെ നേരിടാൻ തയാറായി ഇരുന്ന പാർട്ടികളും സ്ഥാനാർത്ഥികളും പണം എന്തു ചെയ്യണം എന്നറിയാതെ ഇതികർത്തവ്യതാ മൂഢരായിപ്പോയി.

അടുത്ത് നടക്കുന്ന തെരഞ്ഞെടുപ്പുകളിൽ ഈ നടപടി വലിയ സ്വാധീനം ചെലുത്തും എന്ന് എനിക്ക് തോന്നുന്നു. കാരണം ഈ സമയത്താണ് കള്ളപ്പണം വിതരണ ലൈനിൽ എത്തുന്നത്. അയൽ രാജ്യത്തു നിന്നു വരുന്ന കള്ളനോട്ടു പോലും തെരഞ്ഞെടുപ്പു വേളകളിലാണ് അതിന്റെ നീരാളിക്കൈകൾ വിരിക്കുന്നത്. നേരത്തെ പോളിങ്ങിനു തൊട്ടു തലേദിവസങ്ങളിലാണ് വിവിധ മേഖലകളിലേയ്ക്കുള്ള പണം വിതരണം ചെയ്തിരുന്നത്. പെരുമാറ്റച്ചട്ടം നിലവിൽ വന്നതോടെ പണ വിതരണ ദിവസവും സമയവും പാർട്ടികൾ മാറ്റി. അതുകൊണ്ടാണ് തെരഞ്ഞെടുപ്പിന് ഏതാനും ആഴ്ച്ച മുന്നേ നടത്തിയ നോട്ട് അസാധുവാക്കൽ പ്രഖ്യാപനം യഥാസമയത്തായി എന്നു സൂചിപ്പിച്ചത്.

'ഇന്ത്യൻ പൊതു തെരഞ്ഞെടുപ്പ് നടത്തിപ്പ്: രേഖപ്പെടുത്താതെ പോയ അത്ഭുതം' എന്ന എന്റെ പുസ്തകത്തിൽ തെരഞ്ഞെടുപ്പിൽ കള്ളപ്പണം വിതരണം ചെയ്യപ്പെടുന്ന 40 വ്യത്യസ്ത രീതികൾ വിവരിച്ചിട്ടുണ്ട്. പുതിയ വഴികൾ കണ്ടെത്തപ്പെടും എന്ന കാര്യത്തിൽ എനിക്കു സംശയമില്ല. പക്ഷെ അതിനു സമയം എടുക്കും. എന്നാൽ അതിനു മുന്നേ നടക്കുന്ന ഈ തെരഞ്ഞടുപ്പുകളിൽ കള്ളപ്പണത്തിന്റെ ഒഴുക്ക് ഉണ്ടാകാൻ സാധ്യത ഇല്ല.

നോട്ട് അസാധുവാക്കലിന്റെ നേട്ടങ്ങൾ കൂട്ടിവായിക്കുമ്പോൾ തെരഞ്ഞെടുപ്പുകളിൽ നിന്ന് പഠിച്ച പാഠങ്ങൾ ഓർമ്മിക്കുന്നു. ബാങ്ക് ഉദ്യോഗസ്ഥരുടെ ഒത്താശയോടെ രാജ്യത്ത് സാമ്പത്തിക പൂഴ്ത്തിവയ്പ് വ്യവസായത്തിനു നീക്കമുണ്ടാകും എന്ന എന്റെ ആശങ്ക നോട്ട് അസാധുവാക്കൽ പ്രഖ്യാപനം വന്ന് ഏതാനും ദിനങ്ങൾ കഴിഞ്ഞപ്പോൾ ഒരു ലേഖനത്തിലൂടെ ഞാൻ വെളിപ്പെടുത്തുകയുണ്ടായി. ഇത് വളരെ കൃത്യമായ പ്രവചനമായി. ബാങ്കുകളെ ശ്രദ്ധിക്കണമെന്ന് ഞാൻ ഗവൺമെന്റിനു മുന്നറിയിപ്പു നല്കിയതായിരുന്നു. മുൻകാല അനുഭവങ്ങളുടെ പശ്ചാത്തലത്തിലായിരുന്നു ഈ ഉപദേശം. ഒരിക്കൽ തെരഞ്ഞെടുപ്പു കമ്മിഷന്റെ സംഘം ഒരു വാഹനത്തിൽ കടത്തിക്കൊണ്ടു പോയ രണ്ടു കോടി രൂപ പിടികൂടി. എടിഎമ്മുകളിൽ നിറയ്ക്കാൻ കൊണ്ടുപോകുന്നു എന്നാണ് അവർ നല്കിയ വിശദീകരണം. ക്ഷമാപണം ചെയ്ത് ഞങ്ങൾ പിൻവാങ്ങി. പിറ്റെ ദിവസം കമ്മിഷന്റെ മറ്റൊരു സംഘം ഇതിന്റെ ഇരട്ടി തുക പിടിച്ചു. അപ്പോഴും ലഭിച്ചത് ഇതേ വിശദീകരണം തന്നെ. മൂന്നാം തവണ പിടിച്ചത് 11 കോടിയാണ്. ഞങ്ങൾ വിട്ടില്ല. അന്വേഷണം തുടങ്ങി. വാഹനത്തിന് സായുധ സേനയുടെ അകമ്പടി ഉണ്ടായിരുന്നില്ല. നടപടികൾ ഒന്നും പാലിച്ചിരുന്നുമില്ല. ഞാൻ ഉടൻ റിസർവ് ബാങ്ക് ഗവർണറുമായി സംസാരിച്ചു. ഈ സാമ്പത്തിക കുതിരക്കച്ചവട കഥ കേട്ട് ഡി.സുബ്ബറാവു ഞെട്ടിപ്പോയി. ഉടൻ അന്വേഷണത്തിന് ഉത്തരവിടുകയും ചെയ്തു.

2016 മെയ് മാസത്തിൽ അവസാനിച്ച നിയമസഭാ തെരഞ്ഞെടുപ്പിൽ ഇന്നുവരെ ഉണ്ടാകാത്ത ചില നടപടികളിലേയ്ക്ക് തെരഞ്ഞെടുപ്പ് കമ്മിഷൻ നീങ്ങി. അനിയന്ത്രിതമായ പണത്തിന്റെ കുത്തൊഴുക്കിനെ തുടർന്ന് തമിഴ്നാട്ടിലെ അരുവാക്കുറിച്ചി, തഞ്ചാവൂർ അസംബ്ലി സീറ്റുകളിലെ തരഞ്ഞെടുപ്പ് റദ്ദാക്കപ്പെട്ടു. ഇവിടെ കള്ളപ്പണം ഉപയോഗിച്ചതിന്റെ വിശ്വസനീയമായ തെളിവുകൾ കമ്മിഷനു ലഭിച്ചു. ഇതിനെതിരെ സ്ഥിരം നിയമ നടപടി ഉണ്ടാകണമെന്ന് കമ്മിഷൻ ശുപാർശ ചെയ്തെങ്കിലും നിയമ മന്ത്രാലയം അതു തള്ളിക്കളഞ്ഞു. കള്ളപ്പണത്തിനെതിരെയുള്ള പോരാട്ടത്തിൽ പ്രധാനമന്ത്രി ഈ ശുപാർശ പരിഗണിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

തെരഞ്ഞെടുപ്പു സമയത്തു തന്നെ നോട്ട് അസാധുവാക്കൽ പ്രഖ്യാപനം ഉണ്ടായത് തെരഞ്ഞെടുപ്പിനുള്ള ധനസഹായത്തെ ബാധിക്കുമെന്ന് ബിജെപിയുടെ ഇല്ക്ട്രോണിക്ക് വിഭാഗം തലവൻ ഗോപാൽ കൃഷ്ണ അഗർവാൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. തെരഞ്ഞെടുപ്പിനായി ചെലവഴിക്കുന്ന പണത്തിന്റെ കണക്ക് വ്യക്തമാക്കണമെന്ന് രാഷ്ട്രീയ പാർട്ടികൾക്കു മേൽ സമ്മർദ്ദം ഉണ്ടെങ്കിലും ഈ നിയന്ത്രണം ഫലപ്രദമല്ല. ഇത് പണത്തിന്റെ വരവിനെ തടയും. അത് ചെലവ് കുത്തനെ കുറയ്ക്കും. അദ്ദേഹം പറഞ്ഞു. ഈ അവകാശവാദങ്ങൾ ശരിയാണ് എന്ന് തെളിയണമെങ്കിൽ ദീർഘകാലമായി തീരുമാനം കാത്തു കഴിയുന്ന തെരഞ്ഞെടുപ്പു പരിഷ്കാര നിർദ്ദേശങ്ങളിന്മേൽ തുടർനടപടികളുണ്ടാകണം. അത് ഇനിയും വൈകരുത്.

തെരഞ്ഞെടുപ്പ് നിരീക്ഷണ സംവിധാനമായ അസോസിയേഷൻ ഓഫ് ഡമോക്രാറ്റിക് റൈറ്റ്സിലെ ഡോ.ത്രിലോചൻ ശാസ്ത്രി, പറയും പ്രകാരം വിതരണം ചെയ്യാനുള്ള പണത്തെ തടയുമ്പോഴും കാര്യങ്ങൾ മെച്ചപ്പെട്ട തരത്തിൽ നടത്തിക്കൊണ്ടു പോകാൻ പാർട്ടികൾ ഖജനാവിൽ നിന്ന് ആനുകൂല്യങ്ങൾ വാഗ്ദാനം ചെയ്യുന്ന പ്രവണത വർധിക്കും. ഇതു സംബന്ധിച്ച സുപ്രിം കോടതിയുടെ നിർദ്ദേശങ്ങൾ ഉണ്ട്. പക്ഷെ ഇത് കൃത്യമായി നിരീക്ഷിക്കണം - അദ്ദേഹം വ്യക്തമാക്കുന്നു.

യഥാർത്ഥത്തിൽ ഉദ്ദേശിക്കപ്പെട്ടിട്ടില്ലെങ്കിലും നോട്ട് അസാധുവാക്കലും തുടർന്നുള്ള സംഭവ വികാസങ്ങളും ഉയർത്തിപ്പിടിക്കുന്നത് തെരഞ്ഞെടുപ്പ് പരിഷ്കാരങ്ങൾ തന്നെയാണ്. നോട്ട് അസാധുവാക്കൽ ഗവൺമെന്റിനു വലിയ വെല്ലുവിളിയാണ് ഉയർത്തിയത്. വലിയ പ്രചാരണം വേണ്ടിവന്നെങ്കിൽ പോലും ഇ-ബാങ്കിങ്, ഇ-വാലറ്റ് തുടങ്ങിയ പദങ്ങൾ ഇന്ന് എല്ലാവർക്കും സുപരിചിതമാണ്. കള്ളപ്പണം അവസാനിപ്പിക്കാനുള്ള അനുകൂലമായ നടപടിയാണ് ഇത്. ഓട്ടോറിക്ഷക്കാരനും പച്ചക്കറി വ്യാപാരിയും പോലും കറൻസി ഇടപാട് അവസാനിപ്പിക്കുമ്പോൾ ശക്തമായ ഒരു ബാങ്കിങ് സംവിധാനത്തിലേയ്ക്കും സമ്പദ് വ്യവസ്ഥയിലേയ്ക്കും ഇതു രാജ്യത്തെ നയിക്കും. രാഷ്ട്രീയ പാർട്ടികൾക്കു പണമായി നല്കാവുന്ന സംഭാവന പരമാവധി 20000 രൂപയായി നിശ്ചയിച്ചിരിക്കുന്നു. എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും 80 ശതമാനം സാമ്പത്തിക ഇടപാടുകളെയും ഇത് സുതാര്യമാക്കും. പ്രതിവർഷം ഇത്തരത്തിൽ കൈകാര്യം ചെയ്യപ്പെട്ടിരുന്നത് 1000 കോടി രൂപയാണ്.

പ്രധാനമന്ത്രി അദ്ദേഹത്തിന്റെ തന്നെ പാർട്ടിയിലെ ജനപ്രതിനിധികളോട് 2016 നവംബർ 8 വരെയുള്ള അവരുടെ പണമിടപാടുകൾ വെളിപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നതാണ് മറ്റൊരു സംഭവ വികാസം. ഇതിനെതിരെ ചോദ്യങ്ങൾ പലതും ഉയർന്നിരുന്നു. ഇതിനെ വിമർശിക്കുന്നതിനു പകരം അദ്ദേഹം കുറച്ചു കൂടി ശക്തമായ നടപടി സ്വീകരിക്കണമായിരുന്നു എന്നതാണ് എന്റെ അഭിപ്രായം. രാഷ്ട്രീയ പ്രവർത്തകരുടെ സാമ്പത്തിക സുതാര്യതയ്ക്കായുള്ള നടപടി എന്ന നിലയിൽ എന്തുകൊണ്ട് അതിനെ സ്വാഗതം ചെയ്യുന്നില്ല. വസ്തുവഹകൾ സംബന്ധിച്ച ബിനാമി ഇടപാട് അവസാനിപ്പിച്ചതാണ് മറ്റൊരു ധീരമായ നടപടി. നിയമപരമല്ലാത്ത തെരഞ്ഞെടുപ്പ് സംഭാവനകളെയും കള്ളപ്പണത്തിന്റെ ഒഴുക്കിനെയും ഇത് ഫലപ്രദമായി തടഞ്ഞു. ഈ നോട്ട് അസാധുവാക്കൽ നടപടി, സ്വതന്ത്രവും നീതിപൂർവകവുമായ തെരഞ്ഞെടുപ്പ് നടത്തിപ്പിന് സഹായകമായി മാറും. തെരഞ്ഞെടുപ്പിലെ പണമിടപാട് സുതാര്യമാകും. ഇതിലൂടെ, ദീർഘനാളായി കാത്തിരുന്ന തെരഞ്ഞെടുപ്പ് പരിഷ്കാരങ്ങൾ ഒടുവിൽ വന്നെത്തിയതായി ഞാൻ കരുതുന്നു.

*(ഇന്ത്യയുടെ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണറായിരുന്നു ലേഖകൻ)*

ഫോക്കസ്



# ഡിജിറ്റൽ എക്കണോമി: ആഗോള അനുഭവങ്ങളിൽ നിന്ന് പാഠമുൾക്കൊണ്ട് ഇന്ത്യ

**അർപിത മുഖർജി, തനു എം ഗോയൽ**

റിസർവ് ബാങ്ക് ഓഫ് ഇന്ത്യ 2016 ജൂണിൽ 'പെയ്മെന്റ് ആൻഡ് സെറ്റിൽമെന്റ് സിസ്റ്റം ഇൻ ഇന്ത്യ - വിഷൻ 2018' എന്ന പേരിൽ ഒരു റിപ്പോർട്ട് പുറത്തുവിടുകയുണ്ടായി. മികച്ച ഒരു ധനകാര്യ ക്രയവിക്രയ സംവിധാനം രൂപീകരിച്ചുകൊണ്ട് ഇന്ത്യയെ പരിമിത കറൻസി സമ്പദ് വ്യവസ്ഥയാക്കി മാറ്റുക എന്നതാണ് അതിലെ കാഴ്ച്ചപ്പാട്. ഇലക്ട്രോണിക് പണമിടപാടുകൾ നടത്തുന്നതിന് സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും പ്രോത്സാഹിപ്പിക്കുക എന്നതാണ് ഇതിലൂടെ ബാങ്ക് ലക്ഷ്യമിടുന്നത്. ഇതു വഴി അനൗപചാരിക വിഭാഗങ്ങളെ കൂടി മുഖ്യധാരാ സമ്പദ് വ്യവസ്ഥയിലേക്ക് കൊണ്ടുവരാനും, നികുതി വരുമാനം വർധിപ്പിക്കാനും, കള്ളപ്പണം കുറയ്ക്കാനും, ഭീകര പ്രവർത്തനത്തിനു പണം നൽകുന്നത് തടയാനും, തെരെഞ്ഞെടുപ്പിനു നല്കുന്ന സംഭാവനകൾ ഇല്ലാതാക്കാനും സാധിക്കുമെന്ന് കണക്കു കൂട്ടുന്നു. നോട്ടുകളുടെ കൈമാറ്റം കുറച്ചുകൊണ്ട് ഇന്ത്യ സാവകാശത്തിൽ കറൻസി രഹിത സമൂഹത്തിലേക്ക് ചുവടു മാറണം എന്ന് ഇന്ത്യൻ പ്രധാന മന്ത്രി ആവർത്തിച്ചു പ്രസ്താവിച്ചിരുന്നു. സ്വീഡൻ, കെനിയ, ബ്രസീൽ, തുടങ്ങി നിരവധി രാജ്യങ്ങൾ ഇന്ന് പരിമിത കറൻസി സമ്പദ് വ്യവസ്ഥയായി പ്രവർത്തിക്കുന്നുണ്ട്. അവരുടെ അനുഭവം വച്ചു നോക്കുമ്പോൾ കറൻസി രഹിത സമ്പദ് വ്യവസ്ഥയിൽ ഓൺലൈൻ പണമിടപാടിന്റെ സുരക്ഷ ഉറപ്പാക്കുന്നതിനു സഹായകരമായ നിയമങ്ങളും ശക്തമായ അടിസ്ഥാന സൗകര്യങ്ങളും ഉപഭോക്തൃ കേന്ദ്രീകരണവും ആവശ്യമാണ്.

### ഡിജിറ്റൽ എക്കണോമി: ഇന്ത്യയും ഇതര രാജ്യങ്ങളും

ഇന്ത്യയിൽ പ്രചാരത്തിലുള്ള കറൻസിയുടെ തോത് ലോകത്തിലെ മറ്റുപല വികസിത-വികസ്വര രാജ്യങ്ങളിലേതിനെ അപേക്ഷിച്ച് വളരെ കൂടുതലാണ്. 2015 ൽ ഇന്ത്യൻ സമ്പദ് വ്യവസ്ഥയിലെ കറൻസി മൊത്ത ആഭ്യന്തര ഉത്പാദനത്തിന്റെ 12.3 ശതമാനമായിരുന്നു. ബ്രസീലിൽ ഇത് 3.8 ശതമാനവും ദക്ഷിണ കൊറിയയിൽ 5.6 ശതമാനവും സ്വീഡനിൽ 1.7 ശതമാനവും മാത്രമായിരുന്നു.

2016 ൽ രാജ്യത്തെ 68 ശതമാനം ഇടപാടുകളും പണം ഉപയോഗിച്ചാണ് നടത്തിയത്. ഇത് വളരെ കൂടുതലാണ്. ഇക്കാര്യത്തിൽ ഇന്തോനേഷ്യയും റഷ്യയും മാത്രമാണ് ഇന്ത്യയുടെ മുന്നിലുള്ള രാജ്യങ്ങൾ. അതേ സമയം ഇന്ത്യയുമായി താരതമ്യം ചെയ്യുമ്പോൾ തായ്ലൻഡ്, ബ്രസീൽ, ചൈന പോലുള്ള വികസ്വര രാജ്യങ്ങൾ പണമിടപാടുകൾക്കു വളരെ കുറച്ചു കറൻസി മാത്രമേ ഉപയോഗിക്കുന്നുള്ളു. മറ്റ് അനേകം വികസിത, വികസ്വര രാജ്യങ്ങളെ അപേക്ഷിച്ച് ഇന്ത്യയിൽ ഡെബിറ്റ്/ക്രെഡിറ്റ് കാർഡുകളുടെ ഉപയോഗം വളരെ താഴെയാണ്.

ലോകത്തിൽ ഏറ്റവും കുറച്ച് കറൻസി ഉപയോഗിക്കുന്ന രാജ്യം സ്വീഡനാണ്. അവിടെ ബസ് ടിക്കറ്റ്, ദാനധർമ്മങ്ങൾ ഉൾപ്പെടെയുള്ള എല്ലാ പണമിടപാടുകളും ഇലക്ട്രോണിക് സംവിധാനത്തിലൂടെ മാത്രമാണ് നടത്തുന്നത്. കറൻസി നോട്ടുകളും നാണയങ്ങളും സ്വീകരിക്കാൻ അവിടുത്തെ ചെറുകിട കച്ചവടക്കാർക്കു പോലും നിയമപരമായ നിരോധനമുണ്ട്. യൂറോപ്പിലെ ശരാശരി ഡെബിറ്റ് കാർഡ് ഉപയോഗത്തേക്കാൾ മൂന്നിരട്ടിയാണ് സ്വീഡനിൽ ഡെബിറ്റ് കാർഡ് ഉപയോഗിക്കുന്നവരുടെ സംഖ്യ. യാദൃശ്ചികമായി സ്വീഡനും ഈ വർഷം അവരുടെ ഏതാനും കറൻസി നോട്ടുകൾ (20,50,100 ക്രോണ) അസാധുവായി പ്രഖ്യാപിക്കുകയുണ്ടായി. മറ്റ് ഏതാനും കറൻസികൾ കൂടി 2017 ജൂലൈ മാസത്തോടെ വീണ്ടും അസാധുവാക്കുമെന്ന് അവർ പ്രഖ്യാപിക്കുകയും ചെയ്തു കഴിഞ്ഞു.

വികസ്വര രാജ്യങ്ങളുടെ ഗണത്തിൽ കെനിയ അടുത്ത കാലത്ത് ഗവൺമെന്റ് സേവനങ്ങളുടെ ഫീസുകൾ എല്ലാം ഓൺലൈൻ ആയി മാറ്റിയിട്ടുണ്ട്. പാർക്കിങ് ഫീസ്, നിർമ്മാണ അനുമതി ഫീസ്, ഭൂനികുതി, ഡ്രൈവിങ് ലൈസൻസ് ഫീസ്, പാസ്പോർട്ട് ഫീസ് തുടങ്ങിയവയുടെ അടവ് ഓൺലൈൻ വഴിയാക്കിയതോടെ ഗവൺമെന്റിലേയ്ക്കുള്ള വരവ് വർധിക്കുകയും പണമിടപാട് തട്ടിപ്പുകൾ കുറയുകയും ചെയ്തു. ലോകബാങ്കിന്റെ ഗ്ലോബൽ ഫിൻഡെക്സ് റിപ്പോർട്ട് (Global Findex Report) പ്രകാരം കെനിയയിലെ 58 ശതമാനം പ്രായപൂർത്തിയായവരും 2014 മുതൽ മുഴുവൻ പണമിടപാടുകളും മൊബൈൽ ഫോൺ വഴിയാണ് നടത്തുന്നത്. ഇത് ലോക റിക്കാർഡാണ്. കെനിയൻ സെൻട്രൽ ബാങ്കിന്റെ 2015-ലെ റിപ്പോർട്ടു പ്രകാരം 31 ദശലക്ഷം മൊബൈൽ അക്കൗണ്ട് ഉടമകളും അവരെ സഹായിക്കാൻ 144000 സ്ഥാപനങ്ങളും രാജ്യത്ത് ഉണ്ട്. മികച്ച മൊബൈൽ സാങ്കേതിക വിദ്യയിലും സ്മാർട്ട് ഫോൺ ഉപയോഗിക്കുന്നവരുടെ സംഖ്യയിലും കെനിയ ഒന്നാമതാണ്. ഇതാണ് ഓൺ ലൈൻ പണമിടപാടുകൾ അവിടെ കൂടുതൽ ഉയരാൻ കാരണം. അതേ സമയം ക്രെഡിറ്റു കാർഡുകളും ഇന്റർനെറ്റും ഉപയോഗിച്ച് പണമിടപാടുകൾ നടത്തുന്നവരുടെ സംഖ്യ വളരെ കുറവുമാണ്.

## നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ

ഇലക്ട്രോണിക് പണമിടപാടുകളുടെ സ്വീകാര്യതയ്ക്ക് അപ്പുറം ഈ പണമിടപാട് ഉപകരണങ്ങൾ നമ്മുടെ സമൂഹത്തിൽ വളരെയധികം പ്രചാരത്തിലായി എന്നതാണ് പ്രധാനം. 2015 ൽ ഇന്ത്യയിലെ പകുതി ജനങ്ങൾക്കു മാത്രമെ ഒരു എടിഎം കാർഡ് എങ്കിലും ഉണ്ടായിരുന്നുള്ളു. അതെ സമയം സ്വീഡനിൽ ഓരോരുത്തർക്കും ശരാശരി 2.5 ഉം, ദക്ഷിണ കൊറിയയിൽ 5.5 ഉം, ബ്രസീലിൽ 4.1 ഉം ചൈനയിൽ 4 ഉം കാർഡുകൾ വീതം ഉണ്ടായിരുന്നു. ഈ മേഖലയിൽ മത്സരിക്കുന്ന രാജ്യങ്ങളിൽ കാർഡുപയോഗിച്ച് ഏറ്റവുമധികം ധനകാര്യ ഇടപാടുകൾ നടത്തുന്ന രാജ്യം ദക്ഷിണ കൊറിയയാണ്. കാർഡുകൾ ഉപയോഗിച്ച് ധനകാര്യ ഇടപാടുകൾ നടത്തുന്ന ഉപഭോക്താക്കൾക്ക് ചില പ്രത്യേക നികുതി ആനുകൂല്യങ്ങൾ വരെ ദക്ഷിണ കൊറിയ പ്രഖ്യാപിച്ചു. അങ്ങനെയാണ് അവർ പ്ലാസ്റ്റിക്ക് പണം പ്രോത്സാഹിപ്പിച്ചത്. ഇന്ത്യയിൽ നിലവിൽ ബാങ്ക് കാർഡുപയോഗിച്ച് ധനകാര്യ ഇടപാടുകൾ നടത്തുമ്പോൾ ബാങ്കുചാർജുകൾ ഇളവു ചെയ്തിട്ടുണ്ട്. അങ്ങനെ കറൻസി കൈമാറ്റത്തിൽ നിന്ന് ഉപഭോക്താക്കളെ പിന്തിരിപ്പിക്കുകയാണ്. കൂടാതെ ബ്രസീൽ, ചൈന തുടങ്ങിയ വികസ്വര രാജ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വളരെ ഉയർന്ന ജനസംഖ്യയുള്ള ഇന്ത്യ എടിഎം കൗണ്ടറുകൾ പോലുള്ള കറൻസി രഹിത പണമിടപാടു കേന്ദ്രങ്ങളുടെ എണ്ണത്തിന്റെ കാര്യത്തിൽ വളരെ പിന്നിലാണ് (പട്ടിക കാണുക).

കറൻസി കൈമാറ്റം വളരെ കുറച്ചു മാത്രം നടത്തുന്ന രാജ്യങ്ങളിലെല്ലാം ധനകാര്യ ഇടപാടുകൾക്കായി ഇലക്ട്രോണിക് മണി ടെർമിനൽ, മൊബൈൽ ഫോൺ മണി ട്രാൻസ്ഫർ തുടങ്ങി മറ്റ് പല മാർഗങ്ങളും ഉണ്ട്. ഇന്ത്യയിൽ നിലവിൽ ഇതിനുള്ള അടിസ്ഥാന സൗകര്യം വളരെ പരിമിതമാണ്. 2016 ജൂൺ 30 ലെ കണക്കു പ്രകാരം ഇവിടെ ഒരു ശതലക്ഷം ആളുകൾ മൊബൈൽ ഉപഭോക്താക്കളായുണ്ട്. എന്നിട്ടും മൊബൈൽ ഫോൺ വഴി നടത്താൻ സാധിക്കുന്ന ഇലക്ട്രോണിക് പണം കൈമാറ്റം നടക്കുന്നത് കേവലം 0.05 ശതമാനം മാത്രം. ഇതിന് ഒരു കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത് മറ്റ് രാജ്യങ്ങ

| 2011 മുതൽ 2015 വരെ വിവിധ രാജ്യങ്ങളിൽ ദശലക്ഷം ആളുകളുടെ നിരക്കിൽ നല്കപ്പെട്ടിരുന്ന പോയിന്റ് ഓഫ് സെയിൽ (POS) ടെർമിനലുകൾ | | | | | |
|---|---|---|---|---|---|
| രാജ്യം | 2011 | 2012 | 2013 | 2014 | 2015 |
| ബ്രസീൽ | 17,811 | 20,561 | 22,146 | 24,837 | 25,241 |
| ചൈന | 3,592 | 5,270 | 7,814 | 11,650 | 16,602 |
| ഇന്ത്യ | 550 | 695 | 865 | 889 | 1,080 |
| സ്വീഡൻ | 22,167 | 20,837 | 20,380 | 20,304 | 18,660 |
| ഇംഗ്ലണ്ട് | 21,499 | 25,732 | 25,800 | 26,346 | 30,078 |

ളെ അപേക്ഷിച്ച് സ്മാർട്ട് ഫോൺ, ഇന്റർനെറ്റ് എന്നിവ ഉപയോഗിക്കുന്നവർ ഇവിടെ കുറവാണ് എന്നതത്രെ. ഇന്ത്യയിൽ പ്രായപൂർത്തിയായവരിൽ 17 ശതമാനം മാത്രമേ സ്മാർട്ട് ഫോൺ ഉപയോഗിക്കുന്നുള്ളു. 2016 ലെ കണക്കാണിത്. തത്സ്ഥാനത്ത് ദക്ഷിണ കൊറിയയിൽ 88 ശതമാനവും കെനിയയിൽ 26 ശതമാനവും പേർ സ്മാർട്ട് ഫോൺ ഉപയോഗിക്കുന്നു. ഇന്ത്യയിൽ 26 ശതമാനം ആളുകൾ ഇന്റർനെറ്റ് ഉപയോഗിക്കുമ്പോൾ ബ്രസീലിൽ അത് 59.08 ശതമാനവും, ചൈനയിൽ 50 ശതമാനവും ദക്ഷിണ കൊറിയയിലും സ്വീഡനിലും 90 ശതമാനവുമാണ് ഇന്റർനെറ്റ് ഉപഭോക്താക്കളുടെ സംഖ്യ. ഇന്ത്യയിൽ 100ൽ 1.34 പേർ മാത്രം ഇന്റർനെറ്റ് ഉപയോഗിക്കുമ്പോൾ സ്വീഡനിൽ അത് 36.07 ഉം, കൊറിയയിൽ 40.25 ഉം ആകുന്നു. അങ്ങനെ നോക്കുമ്പോൾ ഇന്ത്യാ ഗവൺമെന്റ് ആവിഷ്കരിച്ചിരിക്കുന്ന കറൻസി രഹിത സമ്പദ് വ്യവസ്ഥയെ പിന്തുണക്കുന്നതിന് നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ പ്രത്യേകിച്ച് സാങ്കേതിക സൗകര്യങ്ങൾ അടിയന്തരമായി നവീകരിക്കേണ്ടതുണ്ട്. അതോടൊപ്പം ഓൺലൈൻ പണമിടപാടുകളുടെ സുരക്ഷിതത്വം ഉറപ്പാക്കാനുള്ള കൃത്യമായ നയങ്ങളും രൂപീകരിക്കണം.

## ആഗോള അനുഭവങ്ങളിൽ നിന്ന് ഉൾക്കൊള്ളേണ്ട പാഠവും മുന്നോട്ടുള്ള വഴികളും

കെനിയ പോലുള്ള രാഷ്ട്രങ്ങൾക്ക് കറൻസി രഹിത സമ്പദ് വ്യവസ്ഥയിലേയ്ക്ക് വിജയകരമായി മാറാമെങ്കിൽ സാങ്കേതിക വിദ്യാധിഷ്ഠിതമായി കുറച്ചു പരിഷ്കാരങ്ങൾ കൊണ്ടുവന്നാൽ ഇന്ത്യയ്ക്കും അതിനു സാധിക്കും. ഓൺലൈനായി പണം കൈമാറുന്നതിനുള്ള ഏറ്റവും പ്രധാന ബദൽ സംവിധാനം മൊബൈൽ ഫോൺ വഴിയുള്ള ധനകാര്യ ഇടപാടുകളും അതിനു സഹായകമാകുന്ന ആപ്ലിക്കേഷനുകളുമാണ്. കാർഡുകൾ സ്വീകരിക്കാനുള്ള സംവിധാനമില്ലാത്ത ചെറിയ കച്ചവടക്കാർക്കാണ് ഇത് കൂടുതൽ ഉപകാരപ്രദം. സ്വീഡനിൽ വഴിയോര കച്ചവടക്കാരും ചെറുകിട വ്യാപാരികളും ഐസെറ്റിൽ (iZettle) എന്ന കമ്പനി വികസിപ്പിച്ച് പുറത്തിറക്കിയിട്ടുള്ള കാർഡ് റീഡർ ആണ് പണമിടപാടുകൾക്ക് ഉപയോഗിക്കുന്നത്. ആഫ്രിക്കയിൽ ഏറ്റവും കൂടുതൽ മൊബൈൽ പണമിടപാടു നടക്കുന്ന കെനിയയിൽ എം പെസാ (M-Pesa) വഴിയാണ് ഫീസ്, ബില്ലുകൾ, എന്തിനു ശമ്പളം പോലും കൊടുക്കുന്നതും സ്വീകരിക്കുന്നതും. ഇന്ത്യയിൽ പേടിഎം (Paytm), സിസി അവന്യൂ (CCAvenue), പേയു (PuyU) തുടങ്ങിയ മാർഗങ്ങൾ കൂടുതലായി ഉപയോഗപ്പെടുത്തേണ്ടിയിരിക്കുന്നു.

വളരെ അടിയന്തിരമായി ശ്രദ്ധിക്കേണ്ട മേഖല ചെറുകിട, വൻകിട വ്യാപാരികളുടെ പണം കൈമാറ്റം, അനൗപചാരിക മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെയും കർഷക തൊഴിലാളികളുടെയും കൂലി എന്നിവയാണ്. അനൗപചാരിക മേഖലയിൽ കൂലി പണമായി നല്കുന്നതിനു കാരണം നികുതി ഒഴിവാക്കുന്നതിനാണ്. അല്ലെങ്കിൽ നിയമാനുസൃത നിരക്കിൽ കുറഞ്ഞ കൂലി കൊടുക്കാൻ വേണ്ടി

യാണ്. അതിനാൽ അനൗപചാരിക മേഖലയെ കൂടി ഔപചാരിക മേഖലയിലേയ്ക്ക് കൊണ്ടുവരാനും അവർക്കും കറൻസി രഹിത ഇടപാടിലൂടെ കൂലി വിതരണം ചെയ്യാനും ലഭിക്കാനുമുള്ള നടപടികൾ പുരോഗമിച്ചു വരുകയാണ്. മൊബൈൽ ആപ്ലിക്കേഷൻ വഴി രണ്ട് ബാങ്ക് അക്കൗണ്ടുടമകൾക്കു തമ്മിൽ പരസ്പരം പണം കൈമാറ്റം ചെയ്യുന്നതിനുള്ള യുണിഫൈഡ് പേയ്മെന്റ് ഇന്റർഫെയ്സ് സംവിധാനത്തിന് 2016 ഓഗസ്റ്റിൽ നാഷണൽ പെയ്മെന്റ്സ് കോർപ്പറേഷൻ ഓഫ് ഇന്ത്യ തുടക്കമിട്ടു കഴിഞ്ഞു. വ്യാപാരികൾക്കു പണം നല്കാനും ഇത് ഉപയോഗിക്കാം. എടിഎം കാർഡുകളുടെ വിശദാംശങ്ങളോ, മറ്റ് രഹസ്യ കോഡുകളോ, പാസ്‌വേർഡുകളോ ഇതിന് ആവശ്യവുമില്ല. ശമ്പള വിതരണ നിയമത്തിലെ 6-ാം വകുപ്പ് ഭേദഗതി ചെയ്തു കൊണ്ട് 2016 ഡിസംബറിൽ കേന്ദ്ര ഗവൺമെന്റ് ഇതു സംബന്ധിച്ച് ഒരു ഓർഡിനൻസ് പാസാക്കിയിട്ടുണ്ട്. തൊഴിലാളികൾക്ക് ബാങ്ക് അക്കൗണ്ടിലൂടെയോ ചെക്ക് വഴിയോ ശമ്പളം വിതരണം ചെയ്യുന്നതിനും അങ്ങനെ കറൻസി രഹിത പണമിടപാട് നടപ്പാക്കുന്നതിനും ഇതോടെ നിയമ പ്രാബല്യമായി. സ്വീഡൻ 1960 കളിൽ തന്നെ ഇത്തരം കറൻസി രഹിത ഡിജിറ്റൽ പണമിടപാടു സംവിധാനം രാജ്യത്ത് നടപ്പാക്കിയിരുന്നു എന്ന കാര്യം പ്രത്യേകം എടുത്തു പറയേണ്ടതാണ്.

ഇന്ത്യയിൽ തെലുങ്കാനാ സംസ്ഥാനത്തെ ഇബ്രാഹിംപൂർ പൂർണമായും കറൻസി രഹിത ഗ്രാമമായി മാറി. ഗ്രാമീണർക്കെല്ലാം ബാങ്ക് അക്കൗണ്ടുകൾ ഉണ്ട്. കാർഡുകൾ മാത്രം ഉപയോഗിച്ചുള്ള പണമിടപാടാണ് ഇവിടെ നടക്കുന്നത്. ഈ വിജയഗാഥ മറ്റ് ഗ്രാമങ്ങൾക്കും അനുവർത്തിക്കാവുന്നതാണ്. ചില മേഖലകളെ ഡിജിറ്റൽ സംവിധാനത്തിലേയ്ക്ക് കൊണ്ടുവരാൻ ബാങ്കുകൾ തന്നെ മുൻകൈ എടുക്കുന്നുണ്ട്. ഉദാഹരണത്തിന് 2015 ൽ ഗുജറാത്തിലെ അകോദ്ര എന്ന ഗ്രാമത്തെ പൂർണമായും കറൻസി രഹിതമാക്കിയത് രാജ്യത്തെ ഒരു സ്വകാര്യ ബാങ്കാണ്. ബാങ്ക് നേരിട്ട് ഇതിനാവശ്യമായ സംവിധാനങ്ങൾ ആ ഗ്രാമത്തിൽ സ്ഥാപിക്കുകയായിരുന്നു. എല്ലാ വീടുകളിലും ഇന്റർനെറ്റും കാർഡ് ഉപയോഗിക്കുന്നതിനുള്ള ഉപകരണവും ബാങ്കിന്റെ ചെലവിൽ സ്ഥാപിച്ചുകൊണ്ട് ആ ഗ്രാമത്തെ ആധുനിക ബാങ്കിങ് സംവിധാനത്തിലേയ്ക്ക് ആനയിച്ചു. ഇന്ത്യയിൽ ഇപ്പോൾ നടപ്പാക്കി വരുന്ന മറ്റൊരു പരിഷ്കാരം മെട്രോ പൊലുള്ള പൊതു ഗതാഗത സംവിധാനത്തിൽ ഇലക്ട്രോണിക് പെയ്മെന്റ് സംവിധാനം ഏർപ്പെടുത്തി വരുന്നു എന്നതാണ്. ഡൽഹി മെട്രോയുടെ സ്റ്റേഷനുകൾ 2017-ഓടെ കറൻസി രഹിത ഇടപാടുകൾക്ക് പൂർണമായും സജ്ജമാകും.

## പരിമിത കറൻസി സമ്പദ് വ്യവസ്ഥയ്ക്കു വേണ്ട മുന്നൊരുക്കങ്ങൾ

**പണമിടപാടിൽ നിഷ്പക്ഷത** - കാർഡുകൾ വഴിയുള്ള പണമിടപാടുകൾ ചെലവ് കൂടുതലുള്ളവയാകരുത്. പലപ്പോഴും ബാങ്കുകൾ ഓൺലൈൻ, ഇലക്ട്രോണിക് പണമിടപാടുകൾക്ക് നിശ്ചിത തുക സർവീസ് ചാർജ് എന്ന പേരിൽ ഇടപാടുകാരിൽ നിന്ന് ഈടാക്കി വരുന്നു. ഇത് നിരുത്സാഹപ്പെടുത്തണം. പണം അയക്കുന്നത് ചെലവു കൂടിയ ഇടപാടാണ് എന്ന് തോന്നിപ്പിക്കുന്നത് ആളുകളെ ഇത്തരം സംവിധാനത്തിൽ നിന്ന് അകന്നു പോകുന്നതിന് പ്രേരിപ്പിക്കും.

**വിവരങ്ങളുടെ സുരക്ഷ** - ഇലക്ട്രോണിക് സംവിധാനത്തിലൂടെയുള്ള പണമിടപാടിൽ ഉപഭോക്താവിനെ സംബന്ധിക്കുന്ന എല്ലാ വിവരങ്ങളും കൃത്യമായി രേഖപ്പെടുത്തപ്പെടുന്നു. ഇത് സ്വകാര്യതയ്ക്കു ഭീഷണിയാണ്. സ്വീഡനിൽ പണമിടപാടുകൾ ഡിജിറ്റൽ സംവിധാനത്തിലേയ്ക്ക് മാറ്റിയപ്പോൾ ബാങ്കു കൊള്ളകൾ കുറഞ്ഞു. പക്ഷെ, ഓൺലൈൻ ഇടപാടുകളിലെ തട്ടിപ്പുകൾ വർധിച്ചു. അതിനാൽ ഉപഭോക്താക്കളുടെ അക്കൗണ്ട് വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതിൽ വീഴ്ചയുണ്ടാകാൻ പാടില്ല. ഇത് പരമ പ്രധാനമാണ്. സ്മാർട്ട് കാർഡുകൾ പോലുള്ള പ്രി-പെയ്മെന്റ് ഉപകരണങ്ങളുമായി ബന്ധപ്പെട്ട നയങ്ങൾ റിസർവ് ബാങ്ക് പുനഃപരിശോധിച്ചു വരികയാണ്. തട്ടിപ്പ് സാധ്യതകൾ പരമാവധി ഒഴിവാക്കാനും പരാതികൾ അതിവേഗത്തിൽ പരിഹരിക്കാനുമുള്ള ശക്തമായ സംവിധാനം ഉണ്ടാകണം.

**വേണ്ടത്ര സാങ്കേതിക, ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കണം** - പണം ഇടപാടുകൾ നിശ്ചയിക്കപ്പെടുന്നത് അതിനുള്ള സൗകര്യങ്ങ

ളുടെ ലഭ്യതയനുസരിച്ചാണ്. നിലവിൽ കറൻസി രഹിത പണമിടപാടുകൾ നടത്തുന്നതിന് ഇന്ത്യയിലുള്ള സംവിധാനങ്ങൾ വളരെ അപര്യാപ്തമാണ്. അതിനാൽ അതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ, സ്മാർട്ട് ഫോണുകൾ, ഇന്റർനെറ്റ്, ബ്രോഡ് ബാൻഡ്, തുടങ്ങിയ സംവിധാനങ്ങൾ അടിയന്തിരമായി സ്ഥാപിക്കേണ്ടതുണ്ട്. കറൻസി രഹിത പണമിടപാടുകൾ ഭൂരിഭാഗവും സാങ്കേതിക വിദ്യയുടെ സഹായത്തോടെ മാത്രം നടക്കുന്നവയാകയാൽ ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാക്കൽ അതിനുള്ള അടിയന്തര മുന്നൊരുക്കമാണ്.

**നികുതി കുറയ്ക്കുക** – സ്മാർട്ട് ഫോണുകൾ, ടാബ്‌ലറ്റുകൾ തുടങ്ങിയ ഉപകരണങ്ങളിന്മേലുള്ള വിവര സാങ്കേതിക വിദ്യാ നികുതികളിൽ ഇളവനുവദിക്കുക എന്നത് പ്രധാനപ്പെട്ട കാര്യമാണ്. ഇത് ആളുകളെ ഇത്തരം ഉപകരണങ്ങൾ വ്യാപകമായി ഉപയോഗിക്കുന്നതിനും പണമിടപാടുകൾ അതുവഴി നടത്തുന്നതിനും പ്രേരിപ്പിക്കും. ധനമന്ത്രി പുറത്തിറക്കിയിരിക്കുന്ന ചരക്കു സേവന നികുതി മാനദണ്ഡങ്ങളനുസരിച്ച് ഇലക്ട്രോണിക്ക് ഉപകരണങ്ങളുടെ നികുതി 28 ശതമാനമാണ്. ഇത് വളരെ കൂടുതലാണ്. സ്മാർട്ട് ഫോണുകൾ സാധാരണക്കാരന് താങ്ങാവുന്ന വിലക്ക് ലഭ്യമാകണം. ലോകത്തിൽ ഏറ്റവും അധികം കോർപ്പറേറ്റ് നികുതി ഈടാക്കുന്ന രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യ. 2016 ൽ ഇന്ത്യയുടെ ആഭ്യന്തര കമ്പനികൾക്കുള്ള കോർപ്പറേറ്റ് നികുതി 30 ശതമാനവും വിദേശകമ്പനികളുടെത് 40 ശതമാനവും ആയിരുന്നു. ഇതു കൂടാതെ മറ്റ് നികുതികളും. സ്വീഡനിൽ ഇത് രണ്ടു വിഭാഗങ്ങൾക്കും കൂടി 22 ശതമാനവും ചൈനയിൽ 25 ശതമാനവും മാത്രമാണ്. വലിയ തോതിൽ നികുതി ഏർപ്പെടുത്തിയാൽ നികുതി വെട്ടിപ്പിനുള്ള സാധ്യതയും കൂടും.

**ശക്തമായ ഇ-കോമേഴ്സ് നയം**: കറൻസി രഹിത ഇടപാടുകളിൽ ഉപഭോക്താവിന് പരിരക്ഷ നല്കുന്ന വിധത്തിലുള്ള ശക്തമായ ഇ-കൊമേഴ്സ് നിയമങ്ങളും ചട്ടങ്ങളും രാജ്യം ഉറപ്പാക്കണം.

പരിമിത കറൻസി സമ്പദ് വ്യവസ്ഥയിലേയ്ക്കുള്ള ശരിയായ ചുവടുവയ്പാണ് ഇപ്പോൾ ഇന്ത്യ ഗവൺമെന്റ് നടത്തിയിരിക്കുന്നത് എന്ന് ഉപസംഹാരമായി ചൂണ്ടിക്കാണിക്കട്ടെ. എന്നാൽ ഇതര രാജ്യങ്ങളുടെ അനുഭവം വച്ച് നോക്കുമ്പോൾ കറൻസി രഹിത സമ്പദ് വ്യവസ്ഥയ്ക്ക് അതിന് സഹായകരമാകുന്ന വിധത്തിലുള്ള അടിസ്ഥാന സൗകര്യങ്ങളും നിയമങ്ങളും ഉണ്ടായേ തീരൂ. പരിമിത കറൻസി സമ്പദ് വ്യവസ്ഥയിലേയ്ക്കു നീങ്ങുമ്പോൾ ഗവൺമെന്റും സാമ്പത്തിക സ്ഥാപനങ്ങളും വ്യവസായ സംരംഭകരും ഒരുമിച്ചു പ്രവർത്തിക്കണം. അതിനുമുപരി രാജ്യത്തിന് ലളിതവും നിരക്കു കുറഞ്ഞതുമായ നികുതി ഘടന വേണം. അതിന് ഗവൺമെന്റിന്റെ പക്കലുള്ള ശക്തമായ ആയുധമാണ് 2017-18 ലെ കേന്ദ്ര ബജറ്റ്. ഇതുവഴി വരാൻ പോകുന്ന പരിമിത കറൻസി സമ്പദ് വ്യവസ്ഥയുമായി ബന്ധപ്പെട്ട നയങ്ങൾ രൂപപ്പെടുത്തണം.

*(ലേഖകർ ന്യൂഡൽഹിയിലെ അന്താരാഷ്ട്ര സാമ്പത്തിക സഹകരണം സംബന്ധിച്ച ദേശീയ ഗവേഷണ കൗൺസിലി (ICRIER) ൽ യഥാക്രമം പ്രൊഫസറും കൺസൾട്ടന്റുമാണ്)*

**വിജ്ഞാനപാത**

## അഗ്നി–IV ന്റെ ആറാമത് പരീക്ഷണം വിജയകരം

ഇന്ത്യയുടെ ആണവ വാഹക മിസൈലായ അഗ്നി-IV ഒഡിഷയിലെ ബാലസോറിൽ നിന്നും വിജയകരമായി വിക്ഷേപിച്ചു. 4000 കിലോമീറ്റർ ദൂരത്തേക്ക് ഒരു ടൺ ആണവ യുദ്ധ സാമഗ്രികൾ എത്തിക്കാൻ ശേഷിയുള്ള അഗ്നി-IVന്റെ ആറാമത്തെ പരീക്ഷണം ആയിരുന്നു ഇത്. ഡി.ആർ.ഡി.ഒ (DRDO) നിർമ്മിച്ച അഗ്നി-IV മിസൈലിന് 20 മീറ്റർ നീളവും 17 ടൺ ഭാരവുമുണ്ട്. രണ്ട് ഘട്ടങ്ങളുള്ള അഗ്നി-IV ഉപരിതല ബാലസ്റ്റിക് മിസൈൽ ഗണത്തിലാണ് ഉൾപ്പെടുന്നത്. 2016 ഡിസംബർ 26ന് അഗ്നി-V വിജയകരമായി പരീക്ഷിച്ചിരുന്നു. അഗ്നി 1, 2, 3, പൃഥ്വി എന്നീ മിസൈലുകളും ഇന്ത്യ നേരത്തേ വിജയകരമായി പരീക്ഷിച്ചിരുന്നു.



# ഡിജിറ്റൽ സമ്പദ് വ്യവസ്ഥയ്ക്ക് കളമൊരുങ്ങുന്നു

ഡിഎസ് മാലിക്

അഴിമതി, കള്ളപ്പണം, കുഴൽപ്പണമിടപാട്, ഭീകര പ്രവർത്തനം തുടങ്ങിയ സാമൂഹ്യതിന്മകൾക്കെതിരെയുള്ള കേന്ദ്ര ഗവൺമെന്റിന്റെ അതിശക്തമായ നടപടിയായിരുന്നു 2016 നവംബർ 8 ന് അർദ്ധരാത്രി മുതൽ നടപ്പിലാക്കിയ നോട്ട് അസാധുവാക്കൽ. കള്ളനോട്ട് ഉപയോഗിച്ച് രാജ്യത്ത് ഭീകരപ്രവർത്തനങ്ങളെ സഹായിക്കുന്ന പ്രവണതയും, ചാരവൃത്തി, ആയുധക്കടത്ത്, മയക്കുമരുന്ന് വ്യാപാരം തുടങ്ങിയ നിയമവിരുദ്ധ നടപടികളും, രാജ്യത്ത് പ്രവർത്തിച്ചിരുന്ന സമാന്തര സമ്പദ്‌വ്യവസ്ഥയും അവസാനിപ്പിക്കാനുള്ള കേന്ദ്ര ഗവൺമെന്റിന്റെ നിശ്ചയദാർഢ്യമായിരുന്നു ഇതിനു പിന്നിൽ.

കറൻസികൾ അസാധുവാക്കിയ നടപടിയ്ക്കൊപ്പം 2000, 500 എന്നീ മൂല്യമുള്ള പുതിയ കറൻസി നോട്ടുകൾ അച്ചടിച്ച് പുറത്തിറക്കാനുള്ള റിസർവ് ബാങ്കിന്റെ ശുപാർശ ഗവൺമെന്റ് അംഗീകരിക്കുകയും ചെയ്തു. അതേസമയം ചെക്കുകൾ, ഡ്രാഫ്റ്റുകൾ, ഡെബിറ്റ്/ക്രെഡിറ്റ് കാർഡുകൾ എന്നിവ ഉപയോഗിച്ചുള്ള പണമിടപാടുകൾക്കൊന്നും ഒരു വിധത്തിലുമുള്ള നിയന്ത്രണം ഏർപ്പെടുത്തിയതുമില്ല.

ഇതിനൊപ്പം തന്നെ കർഷകരുടെ ക്ഷേമം ഉറപ്പാക്കുന്നതിന് ഗവൺമെന്റ് പ്രത്യേകം നടപടികൾ സ്വീകരിച്ചിരുന്നു. റാബി കൃഷിക്ക് ആവശ്യമായ നല്ല വിത്തുകൾ, വളങ്ങൾ, കീടനാശിനികൾ എന്നിവയ്ക്ക് വേണ്ട തുക അനുവദിച്ചിട്ടുണ്ട്. ദിവസക്കൂലിക്കാർക്കുള്ള വേതനം നല്കുന്നതിനും അനുദിനാവശ്യങ്ങൾ നിറവേറ്റുന്നതിനുമായി വ്യാപാരികൾക്ക് ആഴ്ച്ചതോറും അവരുടെ അക്കൗണ്ടുകളിൽ നിന്ന് പിൻവലിക്കാവുന്ന തുകയുടെ പരിധി 50000 രൂപയായി വർധിപ്പിച്ചു. കള്ളപ്പണത്തിനെതിരെയുള്ള ഗവൺമെന്റിന്റെ പോരാട്ടം, 2014 മെയ് മാസത്തിൽ പ്രത്യേക ദൗത്യ സേനയുടെ രൂപീകരണം മുതൽ ആരംഭിച്ചതാണ്.

വിദേശ ബാങ്കുകളിലെ സ്വത്തു വിവരം വെളിപ്പെടുത്തണമെന്ന് 2015 ൽ ഗവൺമെന്റ് നിയമം പാസാക്കിയിരുന്നു. ബിനാമി ഇടപാടുകൾ അവസാനിപ്പിക്കുന്നതിനുള്ള കർശനമായ നിമങ്ങൾ 2016 ഓഗസ്റ്റിൽ പ്രാബല്യത്തിൽ വന്നു. അതേ കാലയളവിൽ തന്നെ, വരുമാനം വെളിപ്പെടുത്താനുള്ള പദ്ധതിയും പ്രഖ്യാപിക്കപ്പെട്ടു. ഇതുപ്രകാരം 2016 ജൂൺ മുതൽ 2016 സെപ്റ്റംബർ 30 വരെ ആർക്കും കൈവശമുള്ള കള്ളപ്പണം എത്രയെന്ന് വെളിപ്പെടുത്തുവാൻ അവസരം നല്കി. ഈ പദ്ധതി പ്രകാരം രാജ്യത്ത് പൂഴ്ത്തിവച്ചിരുന്ന 67,000 കോടിയുടെ കള്ളപ്പണം വെളിപ്പെടുത്തപ്പെട്ടു. (2016 ഡിസംബർ മാസത്തെ കണക്കു പ്രകാരം)

ഒരുവശത്ത് കള്ളപ്പണത്തിനെതിരെ പോരാട്ടം ശക്തമാക്കുമ്പോഴും, മറുവശത്ത് പൗരന്മാരെ ഡിജിറ്റൽ ബാങ്ക് ഇടപാടുകൾക്കായും ഇലക്ട്രോണിക് പണ കൈമാറ്റത്തിനായും ഗവൺമെന്റ് പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നുണ്ട്. ഗവൺമെന്റ് തന്നെ ഇതിന് നേതൃത്വം ഏറ്റെടുക്കുകയും ഡിജിറ്റൽ പണമിടപാടുകൾക്ക് തുടക്കമിടുകയും ചെയ്തു.

ധനകാര്യ ഇടപാടുകൾ ഇലക്ട്രോണിക് രീതിയിലാക്കുന്നതിന്റെ ഭാഗമായി കേന്ദ്ര ഗവൺമെന്റിന്റെ വിവിധ മന്ത്രാലയങ്ങളും വകുപ്പുകളും ഭൂരിഭാഗം ജീവനക്കാരുടെയും ശമ്പളവും ഇതര പണമിടപാടുകളും അതാത് ജീവനക്കാരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നേരിട്ട് നല്കുകയാണ്. ബാങ്കിങ് സംവിധാനത്തിൽ ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ട് എല്ലാ ഇടപാടുകാരുടെയും അക്കൗണ്ടുകളെ ക്രെഡിറ്റ്/ഡെബിറ്റ് കാർഡുകൾ വഴി ബന്ധിപ്പിച്ചിരിക്കുകയാണ്. പണമിടപാടുകൾക്ക് കറൻസികൾക്കു പകരം ഡെബിറ്റ് കാർഡുകൾ തന്നെ ഉപയോഗിക്കാൻ എല്ലാ മന്ത്രാലയങ്ങളും വകുപ്പുകളും അവരുടെ ജീവനക്കാരോട് അഭ്യർത്ഥിച്ചിട്ടുണ്ട്. എല്ലാ ഗവൺമെന്റ് ജീവനക്കാർക്കും ഡെബിറ്റ്/ക്രെഡിറ്റ് കാർഡുകൾ ഉണ്ട് എന്ന് ഉറപ്പു വരുത്താനും, ആവശ്യമെങ്കിൽ കാർഡുവിതരണത്തിനായി പ്രത്യേക ക്യാമ്പുകൾ സംഘടിപ്പിക്കാനും മന്ത്രാലയങ്ങളും വകുപ്പുകളും ബന്ധപ്പെട്ട ബാങ്കുകളോടും നിർദ്ദേശിച്ചിട്ടുണ്ട്. ബന്ധപ്പെട്ട കീഴ് ഓഫീസുകൾ, പൊതു സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയ്ക്കും ഈ നിർദ്ദേശം നല്കാൻ ആവശ്യപ്പെട്ടിട്ടുമുണ്ട്.

രാജ്യത്ത് കറൻസിയുടെ ഉപഭോഗം കുറഞ്ഞാൽ മാത്രമേ സമ്പദ് വ്യവസ്ഥ വളരുകയുള്ളൂ എന്നാണ് ധനമന്ത്രി വ്യക്തമാക്കിയിരിക്കുന്നത്. അതിനാൽ ഡിജിറ്റൽ പണമിടപാടിലേയ്ക്കു നമ്മുടെ ഊന്നൽ മാറണം. ഡിജിറ്റൽ ഇടപാടുകളിലേയ്ക്ക് ഇന്ത്യൻ സമ്പദ് വ്യവസ്ഥയെ കൊണ്ടുവരിക എന്നതാണ് 500, 1000 രൂപയുടെ കറൻസി അസാധുവാക്കിയതിന്റെ മുഖ്യലക്ഷ്യങ്ങളിൽ ഒന്ന്. ഡെബിറ്റ് കാർഡുകൾ ഉപയോഗിക്കുമ്പോൾ ഇടപാടുകാരിൽ നിന്ന് ഈടാക്കിയിരുന്ന കമ്മീഷൻ തുക ഡിസംബർ 16 വരെ എല്ലാ ബാങ്കുകളും ഇളവു ചെയിതിരിക്കുകയാണ്. മൊബൈൽ വാലറ്റുകൾ, എൻഇഎഫ്ടി അഥവാ നാഷണൽ ഇലക്ട്രോണിക് ഫണ്ട് ട്രാൻസ്ഫർ, പ്രീ-പെയ്ഡ് കാർഡുകൾ, പേ റോൾ കാർഡുകൾ, ഡെബിറ്റ്/ക്രെഡിറ്റ് കാർഡുകൾ, യുണിഫൈഡ് പെയ്മെന്റ് ഇന്റർഫെയ്സ് തുടങ്ങിയ ബദൽ സംവിധാനങ്ങളിലൂടെ പണമിടപാടുകൾ നടത്താൻ എല്ലാ ബാങ്കുകളും ഇടപാടുകാരെ പ്രാപ്തമാക്കിക്കൊണ്ടിരിക്കുകയാണ്. നഗരമേഖലകളിൽ മാത്രമല്ല, നഗരപ്രാന്തങ്ങളിലും ഗ്രാമപ്രദേശങ്ങളിലും ബാങ്കുകൾ ഈ ദൗത്യം ആരംഭിച്ചുകഴിഞ്ഞു. ഇന്ത്യൻ ബാങ്കേഴ്സ് അസോസിയേഷൻ ഇതുമായി ബന്ധപ്പെട്ട് വിഡിയോ പ്രദർശനം ഉൾപ്പെടെയുള്ള പ്രചാരണ പരിപാടികളും തുടങ്ങിയിട്ടുണ്ട്. ബാങ്ക് കാർഡുകൾ എങ്ങനെ ഉപയോഗിക്കണം, അതുവഴി എപ്രകാരം കറൻസിരഹിത പണമിടപാടുകൾ നടത്താം എന്നിങ്ങനെയുള്ള കാര്യങ്ങൾ വളരെ ലളിതമായി ജനങ്ങളെ ബോധ്യപ്പെടുത്തുകയാണ് ലക്ഷ്യം.

ഇപ്പോൾ ആരംഭിച്ചിരിക്കുന്ന നടപടികളിലൂടെ രാജ്യത്തെ പൗരന്മാരെ ഡിജിറ്റൽ പണമിടപാടിലേയ്ക്ക് കൊണ്ടുവരാനുള്ള വഴികൾ സുഗമമായിരിക്കുകയാണ്. മാത്രവുമല്ല ഇതുവഴി ഗവൺമെന്റ് ലക്ഷ്യമിട്ടിരിക്കുന്ന സാമ്പത്തിക പുരോഗതിയിലേയ്ക്ക് രാജ്യം അടുക്കുമ്പോൾ, രാജ്യത്തെ ബാങ്കിങ് മേഖലയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാകുകയും ചെയ്യും.

ഇനിമുതൽ പണമിടപാടുകൾക്കുള്ള ഉപകരണങ്ങൾ എടിഎം കൗണ്ടറിലെ കമ്പ്യൂട്ടറും ഉപഭോക്താവിന്റെ ക്രെഡിറ്റ്/ഡെബിറ്റ് കാർഡുകളും മാത്രമാകും. പണം സ്വീകരിക്കലും കൊടുക്കലുമെല്ലാം ഇതിലൂടെയാകും. കണക്കു ബുക്കുകളും രസീതുകളും പുതിയ കാലത്തിന് വഴിമാറും. ഇത്തരം സ്റ്റേഷനറി ചെലവുകൾ കുറയ്ക്കുന്നതിനും എടിഎം ഇടപാടുകളാണ് ഉത്തമം. മാത്രവുമല്ല ഇത്തരം പണമിടപാടുകളെ ഗവൺമെന്റ് കേന്ദ്ര എക്സൈസ് തീരുവയിൽ നിന്ന് ഒഴിവാക്കിയിട്ടുമുണ്ട്. അതിനാൽ അഡീഷണൽ കസ്റ്റംസ് തീരുവയും ഇതിന് ഈടാക്കുന്നതല്ല. എടിഎം ഉപകരണങ്ങൾ നിർമ്മിക്കുന്ന വ്യവസായ മേഖല വളരും. അതോടൊപ്പം ഇവയും എക്സൈസ് തീരുവയിൽ നിന്ന് ഒഴിവാക്കപ്പെടും. ഈ ഇളവുകളെല്ലാം 2017 മാർച്ച് വരെ മാത്രമാണ്.

ഡിജിറ്റൽ പണമിടപാടുകളും കറൻസി രഹിത സാമ്പത്തിക സംവിധാനങ്ങളും വ്യാപിപ്പിക്കുന്നതിനൊപ്പം 2017 മാർച്ച് 31 നു മുമ്പായി പത്തുലക്ഷം പുതിയ എടിഎം ടെർമിനലുകൾ കൂടി രാജ്യത്ത് സ്ഥാപിക്കാനാണ് ഗവൺമെന്റ് പദ്ധതിയിടുന്നത്. ഇതിനായി 6 ലക്ഷം എടിഎം മെഷീനുകൾക്ക് രാജ്യത്തെ ബാങ്കു

കൾ ഓർഡർ നല്കി കഴിഞ്ഞു. അടുത്തു തന്നെ നാലു ലക്ഷം മെഷീനുകൾക്കു കൂടി ഓർഡർ നല്കുന്നതാണ്. നിലവിൽ രാജ്യത്ത് വ്യാപാരാവശ്യങ്ങൾക്കു മാത്രമായി 15 ലക്ഷം എടിഎം ടെർമിനലുകളാണ് ഉള്ളത്.

രാജ്യത്തെ അസംഘടിത തൊഴിലാളികൾക്കു കൂടി ബാങ്ക് അക്കൗണ്ടുകൾ തുറക്കാനാവും വിധം വിവിധ സ്ഥലങ്ങളിൽ പ്രത്യേക ക്യാമ്പ് സംഘടിപ്പിക്കാൻ തൊഴിൽ മന്ത്രാലയം ആലോചിക്കുന്നുണ്ട്. ഇതുവരെ 273,919 ക്യാമ്പുകൾ സംഘടിപ്പിച്ച് 2454 ലക്ഷം അക്കൗണ്ടുകൾ പുതുതായി ആരംഭിച്ചുകഴിഞ്ഞു. രാജ്യത്ത് ജൻധൻ അക്കൗണ്ട് ഉടമകൾക്ക് ഉൾപ്പെടെ 30 കോടിയിലധികം റുപെയ് ഡെബിറ്റ് കാർഡുകൾ നല്കിയിട്ടുണ്ട്. റൂപെയ് കാർഡുകളുടെ ഉപഭോഗം 12 ദിവസം കൊണ്ട് 300 ശതമാനമായി വർധിച്ചു. ഈ കാർഡുകളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി 2016 ഡിസംബർ 31 വരെ ഇത് ഉപയോഗിക്കുന്നവരിൽ നിന്ന് സർവീസ് ചാർജ് ഈടാക്കിയിരുന്നില്ല. നാഷണൽ പെയ്മെന്റ് കൗൺസിൽ ഓഫ് ഇന്ത്യ ഈ കാർഡുകളുടെ സർവീസ് ചാർജ് പിൻവലിച്ചിട്ടുണ്ട്. ഈ നടപടികളെല്ലാം ഡെബിറ്റ് കാർഡുകളുടെ ഉപഭോഗം വർധിപ്പിക്കും.

ഡെബിറ്റ് കാർഡുകളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി എന്ന നിലയിൽ പൊതു മേഖലാ ബാങ്കുകളും ചില സ്വകാര്യ ബാങ്കുകളും 2016 ഡിസംബർ 31 വരെ കാർഡുകൾക്ക് സർവീസ് ചാർജ് ഈടാക്കിയിരുന്നില്ല. മറ്റ് സ്വകാര്യ ബാങ്കുകളും ഈ മാതൃക പിന്തുടർന്നേക്കും. ഇക്കഴിഞ്ഞ ഡിസംബർ 31 വരെ കാർഡുകൾ ഉപയോഗിച്ചുള്ള പണമിടപാടിനു ഒരു തരത്തിലുള്ള സേവന നികുതിയും നല്കേണ്ടിവന്നിരുന്നില്ല.

ഇ-വാലറ്റുകൾ വഴി പണ ഇടപാടു പ്രോത്സാഹിപ്പിക്കുന്നതിനായി വ്യക്തികൾക്ക് പ്രതിമാസം 20000 രൂപയുടെ വരെ പണമിടപാടുകൾ നടത്തുന്നതിന് റിസർവ് ബാങ്ക് അനുമതി നല്കിയിരുന്നു. വ്യാപാരികൾക്കും റിസർവ് ബാങ്ക് ഇത്തരം ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചിരുന്നു. 2016 ഡിസംബർ 31 വരെ മുൻകൂട്ടി വാങ്ങുന്ന ഇ - ടിക്കറ്റുകൾക്ക് ഇന്ത്യൻ റെയിൽവെ യാത്രക്കാരിൽ നിന്ന് സർവീസ് ചാർജ് ഈടാക്കിയിരുന്നില്ല. സെക്കന്റ് ക്ലാസ് യാത്രക്കാർക്ക് ടിക്കറ്റ് ഒന്നിന് 20 രൂപയുടെയും ഉയർന്ന ക്ലാസുകളിലെ ടിക്കറ്റുകൾക്ക് 40 രൂപയുടെയും കിഴിവാണ് ഇത്തരത്തിൽ ലഭിച്ചത്. കൗണ്ടറുകളിൽ ക്യൂ നിന്ന് പണം മുടക്കി ടിക്കറ്റ് എടുക്കുന്നതിൽ നിന്ന് യാത്രക്കാരെ നിരുത്സാഹപ്പെടുത്താനാണ് റെയിൽവെ ഈ ആനുകൂല്യം പ്രഖ്യാപിച്ചത്.

ഇന്ത്യൻ റെയിൽവെയിൽ നിന്ന് ഓൺലൈനായി ഇലക്ട്രോണിക് ടിക്കറ്റുകൾ വാങ്ങുന്ന യാത്രക്കാരുടെ സംഖ്യ 58 ശതമാനമാണ്. കൗണ്ടറിൽ നിന്നു ടിക്കറ്റ് വാങ്ങുന്നവരാകട്ടെ 42 ശതമാനവും. ഇ- ടിക്കറ്റുകൾ വാങ്ങുന്ന യാത്രക്കാരുടെ എണ്ണം വർധിപ്പിക്കാനാണ് റെയിൽവെയും പരിശ്രമിക്കുന്നത്. ഇതെല്ലാം കറൻസി രഹിത സാമ്പത്തിക ഇടപാടുകൾക്ക് പൊതുജനത്തെ പ്രേരിപ്പിക്കും.

ടെലിഫോൺ വഴി ബാങ്കിങ് ഇടപാടുകൾ നടത്തുന്നവർക്ക് ട്രായി (TRAI) ചാർജ് ഇളവു പ്രഖ്യാപിച്ചിരുന്നു. വിവിധ ടെലിക്കോം കമ്പനികളും 2016 ഡിസംബർ 31 വരെ യുഎസ്എസ്ഡി (അൺസ്ട്രക്ചേർഡ് സപ്ലിമെന്ററി സർവീസ് ഡാറ്റ) ചാർജിൽ വൻ ഇളവ് നൽകാമെന്ന് വാഗ്ദാനം ചെയ്തിരുന്നു. ഇത്തരം നടപടികൾ ബാങ്ക് ഇടപാടുകൾ താരതമ്യേന ചെലവ് കുറഞ്ഞതായി മാറാൻ സഹായകമായ ഘടകങ്ങളാണ്.

ദേശീയ പാതകളിലൂടെ യാത്ര ചെയ്യവേ വാഹനങ്ങൾ എത്രയോ സമയമാണ് ടോൾ പ്ലാസകളിൽ വെറുതെ നിർത്തിയിടേണ്ടിവരുന്നത്. ഇനി മേൽ ഇതിന്റെ ആവശ്യം വരില്ല. ചരക്കു സേവന നികുതി പ്രാബല്യത്തിൽ വരുന്നതോടെ ടോൾ പ്ലാസകളിൽ ഇതിനുള്ള പരിഹാര സംവിധാനം ഉണ്ടാകും. ഇനി മുതൽ എല്ലാ പുതിയ വാഹനങ്ങളിലും ആധുനിക ഇലക്ട്രോണിക് സംവിധാനം സ്ഥാപിക്കാൻ റോഡ് ഗതാഗത മന്ത്രാലയം എല്ലാ വാഹന നിർമ്മാതാക്കളോടും ആവശ്യപ്പെട്ടിട്ടുണ്ട്. ഇതനുസരിച്ച് ചെക്ക് പോസ്റ്റിൽ എത്തുന്ന വാഹനത്തിന്റെ ഉടമയുടെ അക്കൗണ്ടിൽ നിന്ന് ഡിജിറ്റൽ സംവിധാനം വഴി ടോൾ ഈടാക്കും. വാഹനം നിർത്തി ടോൾ കൊടുക്കേണ്ടതില്ല.വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ സ്കാൻ ചെയ്താണ് ഇത് പ്രാവർത്തികമാക്കുക.

എല്ലാ ഗവൺമെന്റ് സ്ഥാപനങ്ങളും പൊതു മേഖലാ സ്ഥാപനങ്ങളും ഗുണഭോക്താക്കൾക്കും ജീവനക്കാർക്കും നല്കാനുള്ള പണവിതരണം ഇന്റർനെറ്റ് ബാങ്കിങ് പോലുള്ള ഡിജിറ്റൽ ഇടപാടിലൂടെ നടത്തണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. ക്രെഡിറ്റ്/ഡബിറ്റ് കാർഡുകളും മൊബൈൽ ആപ്ലിക്കേഷനുകൾ, ഇ-വാലറ്റുകൾ തുടങ്ങിയവ വഴിയുമുള്ള ഡിജിറ്റൽ പണമിടപാടു പ്രക്രിയകൾ വേഗത്തിലാക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് ചില പ്രോത്സാഹന നടപടികളും സമ്മാനങ്ങളും പ്രഖ്യാപിച്ചിരുന്നു. അവ ചുവടെ:

1. കേന്ദ്ര ഗവൺമെന്റിന്റെ പരിധിയിലുള്ള പെട്രോളിയം കമ്പനികളിൽ നിന്ന് കാർഡ് ഉപയോഗിച്ച് പൊതുജനങ്ങൾ പെട്രോൾ / ഡീസൽ ഇന്ധനങ്ങൾ വാങ്ങുമ്പോൾ 0.75 ശതമാനം വില കുറവ് ഏർപ്പെടുത്തിയിരുന്നു. ഇത്തരം പമ്പുകളിൽ നിന്ന് പ്രതിദിനം ഇന്ധനം വാങ്ങുന്ന 4.5 ലക്ഷം ഉപഭോക്താക്കൾക്ക് ഈ ആനുകൂല്യം ലഭിക്കും. പ്രതിദിനം 1800 കോടി രൂപയുടെ ഇന്ധനമാണ് ഇന്ത്യയിൽ വില്ക്കപ്പെടുന്നത്. അതിൽ 20 ശതമാനം മാത്രമാണ് കാർഡ് ഉപയോഗിച്ച് വാങ്ങുന്നത്. എന്നാൽ 2016 നവംബറിൽ കാർഡ് ഉപയോക്താക്കൾ 40 ശതമാനമായി ഉയർന്നു. അതായത് കറൻസി ഉപയോഗിച്ച് വാങ്ങിയിരുന്ന 360 കോടിയുടെ ഇന്ധന ഇടപാട് കാർഡിലേയ്ക്ക് മാറി. 30 ശതമാനം ഉപയോക്താക്കളെ കൂടി ഈ ഡിജിറ്റൽ സംവിധാനത്തിലേയ്ക്ക് കൊണ്ടുവരാൻ പുതിയ ആനുകൂല്യ പദ്ധതിക്ക് സാധിച്ചാൽ പ്രതിവർഷം 2 ലക്ഷം കോടിയുടെ കറൻസി ഇടപാട് പെട്രോൾ പമ്പുകളിൽ കുറയും.

2. ഗ്രാമീണ മേഖലയിൽ ഡിജിറ്റൽ പണമിടപാട് വ്യാപിപ്പിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് നബാർഡ് വഴി യോഗ്യതയുള്ള ബാങ്കുകൾക്ക് രണ്ട് എടിഎം കൗണ്ടറുകൾ വീതം തുറക്കുന്നതിന് സാമ്പത്തിക സഹായം നല്കും. കുറഞ്ഞത് 10000 എങ്കിലും ജനസംഖ്യയുള്ള ഒരു ലക്ഷം ഗ്രാമങ്ങളിലാണ് ഈ പദ്ധതി നടപ്പാക്കുക. പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങൾ, കാർഷിക വിപണന കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളോടനുബന്ധിച്ചാണ് ഇവ ഉദ്ദേശിക്കപ്പെടുന്നത്. ഒരു ലക്ഷം ഗ്രാമങ്ങളിലാണ് ഇത് സ്ഥാപിക്കുക. ഏകദേശം 75 കോടി ജനങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും.

3. രാജ്യത്തെ ഗ്രാമീണ സഹകരണ ബാങ്കുകളിലെ 4.32 കിസാൻ ക്രെഡിറ്റ് കാർഡ് ഉടമകൾക്ക് അവരുടെ പണമിടപാടുകൾ എടിഎം വഴി നടത്തുന്നതിന് കേന്ദ്ര ഗവൺമെന്റ് നബാർഡ് വഴി റൂപെയ് കിസാൻ ക്രെഡിറ്റ് കാർഡുകൾ നല്കും.

4. കാർഡുകൾ ഉപയോഗിച്ച് പ്രതിമാസ സീസൺ ടിക്കറ്റുകൾ എടുക്കുന്ന സബർബൻ യാത്രക്കാർക്ക് ഇന്ത്യൻ റെയിൽവെ 0.5 ശതമാനം കിഴിവ് നല്കും. 2017 ജനുവരി 1 മുതലാണ് ഈ ആനുകൂല്യം ലഭിക്കുക. രാജ്യത്തെ പ്രതിവർഷം 80 ലക്ഷം യാത്രക്കാരാണ് സീസൺ ടിക്കറ്റുകൾ വാങ്ങി സബർബൻ റെയിൽവെയിൽ യാത്ര ചെയ്യുന്നത്. ഏകദേശം 2000 കോടിയാണ് പ്രതിവർഷം ഇപ്രകാരം റെയിൽവെയ്ക്ക് ലഭിക്കുന്നത്. ഇതിൽ 1000 കോടിയെങ്കിലും കാർഡ് ഉപയോഗിച്ചുള്ള ഇടപാടിലേയ്ക്ക് മാറ്റാൻ സാധിക്കുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

5. ഓൺലൈൻ സംവിധാനത്തിലൂടെ ടിക്കറ്റ് വാങ്ങുന്ന യാത്രക്കാർക്ക് 10 ലക്ഷം രൂപവരെയുള്ള സൗജന്യ അപകട ഇൻഷുറൻസ് ലഭിക്കും. ഏകദേശം 14 ലക്ഷം യാത്രക്കാരാണ് എല്ലാ ദിവസവും ഇന്ത്യൻ റെയിൽവെയിൽ യാത്ര ചെയ്യുന്നത്. ഇതിൽ 58 ശതമാനത്തോളം പേരും ഓൺലൈനായാണ് ടിക്കറ്റ് ബുക്കു ചെയ്യുന്നത്. 20 ശതമാനം യാത്രക്കാരെ കൂടി ഓൺലൈൻ ഉപയോക്താക്കളാക്കാനായാൽ 11 ലക്ഷം പേർക്ക് പ്രതിദിനം സൗജന്യ അപകട ഇൻഷുറൻസ് പരിരക്ഷ ലഭിക്കും.

6. ഭക്ഷണം, താമസം, വിശ്രമമുറികൾ തുടങ്ങി യാത്രക്കാർക്ക് റെയിൽവെ നല്കുന്ന സൗകര്യങ്ങൾക്ക് കാർഡ് ഉപയോഗിച്ച് പണം നല്കിയാൽ 5 ശതമാനം വരെ ഇളവ് ലഭിക്കും.

ഈ സൗജന്യത്തിന് എല്ലാ റെയിൽവെ യാത്രക്കാരും അർഹരാണ്.

7. ജനറൽ ഇൻഷുറൻസ് പോളിസികളുടെ അടവ്, കാർഡ് വഴി നടത്തുന്ന ഉപഭോക്താക്കൾക്ക് പൊതുമേഖലാ ഇൻഷുറൻസ് കമ്പനികൾ 10 ശതമാനം കിഴിവ് പ്രഖ്യാപിച്ചിട്ടുണ്ട്. ലൈഫ് ഇൻഷുറൻസ് പോളിസികൾക്ക് എട്ടു ശതമാനവും കഴിവുണ്ട്.

8. കേന്ദ്ര, സംസ്ഥാന ഗവൺമെന്റ് വകുപ്പുകൾ, പൊതു മേഖലാ സ്ഥാപനങ്ങൾ എന്നിവയുമായി ഉപഭോക്താക്കൾ നടത്തുന്ന പണമിടപാടുകൾക്ക് കാർഡ് ഉപയോഗിച്ചാൽ അവരിൽ നിന്ന് മേലിൽ കൈമാറ്റ ചെലവുകൾ ഈടാക്കേണ്ടതില്ല എന്നാണ് പുതിയ തീരുമാനം.

9. വൻകിട വ്യാപാരികളിൽ നിന്ന് പ്രതിമാസം 100 രൂപയിൽ കൂടുതൽ എടിഎം വാടക ചാർജ് വാങ്ങേണ്ടതില്ല എന്നാണ് പൊതുമേഖലാ ബാങ്കുകൾക്ക് നല്കിയിരിക്കുന്ന നിർദ്ദേശം. ചെറുകിട വ്യാപാരികളെ കൂടി ഡിജിറ്റൽ പണമിടപാടിലേയ്ക്ക് ആകർഷിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ഈ ആനുകൂല്യം പ്രഖ്യാപിച്ചിരിക്കുന്നത്. രാജ്യത്ത് ഏകദേശം 6.5 ലക്ഷം മെഷീനുകളാണ് ഡിജിറ്റൽ പണമിടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിനായി പൊതുമേഖലാ ബാങ്കുകൾ വ്യാപാരികൾക്ക് ലഭ്യമാക്കിയിരിക്കുന്നത്. വാടക നിരക്ക് കുറയുന്നതോടെ കൂടുതൽ വ്യാപാരികൾ മെഷീനുകൾ സ്ഥാപിക്കുമെന്ന് കരുതുന്നു. അതോടെ അത്രയും ഡിജിറ്റൽ പണ ഇടപാടുകളും വർധിക്കും.

10. രണ്ടായിരം രൂപവരെയുള്ള ഡിജിറ്റൽ പണം കൈമാറ്റത്തിന് ഇനി സേവന നികുതി ഇല്ല.

11. ഫാസ്റ്റ് ടാഗുകൾ, ആർഎഫ്ഐഡി കാർഡ് തുടങ്ങിയ സംവിധാനങ്ങൾ ഉപയോഗിക്കുന്ന വാഹനങ്ങൾക്ക് 2016 -17 വർഷം ദേശീയ പാതകളിലെ ടോൾ പ്ലാസകളിൽ 10 ശതമാനം ഇളവ് ലഭിക്കും.

രാജ്യത്തെ 500, 1000 രൂപയുടെ കറൻസി നോട്ടുകൾ പിൻവലിച്ച ഗവൺമെന്റിന്റെ നടപടികൾ മൂലം പണമിടപാടുകൾക്ക് ഇപ്പോൾ അനുഭവപ്പെടുന്ന പ്രതിസന്ധി, മേൽവിവരിച്ച പദ്ധതികളിലൂടെ പൊതുജനങ്ങൾ കൂടുതൽ ഡിജിറ്റൽ ഇടപാടിലേയ്ക്ക് മാറുമ്പോൾ പരിഹരിക്കപ്പെടും എന്നാണ് പ്രതീക്ഷിക്കുന്നത്. മാത്രവുമല്ല സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ പുതിയ സാമ്പത്തിക വിനിമയത്തിന് സമയലാഭവും ഏറെയാണ്. കൂടാതെ പൊതുജനത്തിന്റെ സാമ്പത്തിക സാക്ഷരതയും വർധിക്കും.

*(കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിനു കീഴിലെ പ്രസ് ഇൻഫർമേഷൻ ബ്യൂറോയിൽ അഡീഷണൽ ഡയറക്ടർ ജനറലാണ് ലേഖകൻ)*

*വിജ്ഞാനപാത*

## സംസ്ഥാനങ്ങളുടെ മികവ് നിർണയിക്കാൻ ഇന്ത്യാ ഇന്നൊവേഷൻ ഇൻഡക്സ്

അന്താരാഷ്ട്ര ബൗദ്ധികാവകാശ സംരക്ഷണ സംഘടന (WIPO) തയ്യാറാക്കുന്ന GII (Global Innovation Index) ന്റെ ചുവടു പിടിച്ച് ദേശീയ തലത്തിൽ സംസ്ഥാനങ്ങളുടെ മികവ് നിർണയിക്കാനും നവീകരണ-വികസന കാര്യങ്ങളിൽ രാജ്യത്തിന്റെ യഥാർത്ഥ നിലവാരം മനസ്സിലാക്കുന്നതിനും 'ഇന്ത്യ ഇന്നൊവേഷൻ ഇൻഡക്സ്' തയ്യാറാക്കുന്നു. നിതി ആയോഗും (NITI Aayog) ലോക സാമ്പത്തിക ഫോറ (WEF) വും WIPO യും സംയുക്തമായാണ് ഇത് വികസിപ്പിച്ചെടുക്കുന്നത്. ഓരോ സംസ്ഥാനത്തേയും മനുഷ്യ വിഭവശേഷിയും ഗവേഷണവും, സ്ഥാപനപരമായ ശക്തി, ഭൗതിക സാഹചര്യങ്ങളുടെ ലഭ്യത, നവീനാശയങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള ശേഷി തുടങ്ങിയവയാണ് ഇന്നൊവേഷൻ ഇൻക്സ് നിർണയത്തിനായി പരിഗണിക്കുന്ന പ്രധാന ഘടകങ്ങൾ. 2017 ഒക്ടോബറിൽ നടക്കുന്ന ഇന്ത്യാ സാമ്പത്തിക ഉച്ചകോടിയിൽ മികവിന്റെ അടിസ്ഥാനത്തിലുള്ള സംസ്ഥാനങ്ങളുടെ ആദ്യ റാങ്ക് പട്ടിക പുറത്തിറക്കും.



# ഇ-ട്രാൻസാക്ഷൻസ്: കാലത്തിനൊത്ത ചുവടുമാറ്റം

ജി. രഘുരാജ്

കറൻസി രൂപത്തിലുള്ള പണത്തിന്റെ സാന്നിധ്യമില്ലാതെ തന്നെ ബാധ്യതകൾ അടച്ചു തീർക്കുന്നതിനുള്ള സംവിധാനത്തെയാണ് പണമടയ്ക്കൽ സംവിധാനം (പേയ്മന്റ് സിസ്റ്റം) എന്ന വാക്കുകൾ കൊണ്ട് അർഥമാക്കുന്നത്. പണം നൽകുന്നയാളും അതു സ്വീകരിക്കുന്നയാളും പണമടയ്ക്കൽ സംവിധാനത്തിലെ പങ്കാളികളാകുന്നു. ചെക്കാണ് (അക്കൗണ്ട് ഉടമയുടെ ചെക്ക്, ഡിമാണ്ട് ഡ്രാഫ്റ്റ്, പേമെന്റ് ഓർഡർ, ബാങ്കേഴ്സ് ചെക്ക്, ഡിവിഡൻഡ് വാറന്റ്, പലിശ വാറന്റ്, ട്രാവലേഴ്സ് ചെക്ക്, ഗിഫ്റ്റ് ചെക്ക്, ഡെബിറ്റ് നോട്ട്, റീഫണ്ട് ഓർഡർ തുടങ്ങിയ ചെക്കിന്റെ മറ്റു വകഭേദങ്ങളും) അന്തർ ബാങ്ക് പണമടയ്ക്കൽ സംവിധാനത്തിലൂടെയുള്ള ആദ്യത്തെ കറൻസി രഹിത കൈമാറ്റ ഉപകരണം. ബാങ്കുകളുടെ ചെക്ക് ക്ലിയറൻസ് സംവിധാനത്തിലൂടെയാണ് ചെക്കുകൾ കൈകാര്യം ചെയ്യുന്നത്. ചെക്ക് ക്ലിയറൻസ് സംവിധാനത്തിനു വേണ്ട ഏറ്റവും അടിസ്ഥാനപരമായ സംഗതി അന്തർ ബാങ്ക് കാഷ്‌ലെസ് പേമെന്റ് സംവിധാനമാണ്. ചെക്ക് ഉപയോഗം തുടങ്ങി കാലങ്ങൾക്ക് ശേഷവും ഇത്തരത്തിലുള്ള ബാങ്ക് ക്ലിയറിംഗ് സംവിധാനത്തിന്റെ പ്രസക്തി നിലനിൽക്കുകയാണ്.

ഇലക്ട്രോണിക് ആൻഡ് കമ്യൂണിക്കേഷൻ സാങ്കേതികവിദ്യ ബാങ്കിംഗ് സംവിധാനത്തിലേക്ക് വൈവിധ്യമാർന്ന പേയ്മെന്റ് സംവിധാനങ്ങൾ കൊണ്ടുവന്നിരിക്കുകയാണ്. അതേപോല ടെലികോം കമ്പനികൾ പോലുള്ള ബാങ്കിതര കമ്പനികളേയും ഈ സംവിധാനത്തിന്റെ ചട്ടക്കൂട്ടിൽ കൊണ്ടുവന്നിട്ടുണ്ട്. ഇലക്ട്രോണിക് മാധ്യമത്തിലൂടെയുള്ള യാന്ത്രികവത്കരണത്തിന്റെ ആദ്യത്തെ ചുവടു വയ്പായിരുന്നു 1986-ൽ ചെക്ക് കൈകാര്യം ചെയ്യുന്നതിനായി ആരംഭിച്ച എംഐസിആർ (മാഗ്നറ്റിക് ഇങ്ക് കാരക്ടർ റെക്കഗ്നീഷൻ) സാങ്കേതികവിദ്യ. ഇത് കംപ്യൂട്ടറൈസേഷനും ബാങ്കുകളുടെ മറ്റു പ്രവർത്തനങ്ങളിലെ യന്ത്രവത്കരണവും നടപ്പാക്കുന്നതിനു പ്രേരണയായി. റിസർവ് ബാങ്ക് ഇതിനു മുൻകൈയെടുക്കുകയും അതിൽ സജീവമാകുകയും ചെയ്തതോടെ ഈ പ്രക്രിയയ്ക്ക് വേഗം കൂടി.

1990-കളുടെ മധ്യത്തിൽ ക്രെഡിറ്റ് ട്രാൻസ്ഫറിനായി റിസർവ് ബാങ്ക് കടലാസ് രഹിത ഇലക്ട്രോണിക് ക്ലിയറിംഗ് സർവീസസ് ( ഇസിഎസ്- സിആർ) ആരംഭിച്ചു. അതായത് ഇലക്ട്രോണിക് മാധ്യമം വഴിയുള്ള പണം അടയ്ക്കാനുള്ള സംവിധാനം. പിന്നാലെതന്നെ ഇലക്ട്രോണിക്സ് ക്ലിയറിംഗ് സർവീസ് (ഇസിഎസ് - ഡിആർ) ഏർപ്പെടുത്തി. അതായത് തങ്ങളുടെ ബാങ്ക് അക്കൗണ്ടിൽനിന്നു പണം ഡെബിറ്റ് ചെയ്ത് അതു നൽകേണ്ടയാൾക്ക് നൽകുവാൻ പേയർ ബാങ്കിനെ ചുമതലപ്പെടുത്തുന്ന സംവിധാനം. ടെലിഫോൺ, വൈദ്യുതി, വെള്ളം തുടങ്ങിയ അവശ്യോപയോഗ വസ്തുക്കളുടെ ബില്ലുകൾ, ഇൻഷുറൻസ് പ്രീമിയം തുടങ്ങിയവ ഇതിന് ഉദാഹരണങ്ങളാണ്.

ഇതിനു പിന്നാലെ ഇലക്ട്രോണിക് ഫണ്ട് ട്രാൻസ്ഫർ (ഇഎഫ്ടി) സംവിധാനം പ്രാബല്യത്തിലായി. ഇതുവഴി ഒരു ബാങ്കിന്റെ ഇടപാടുകാരന് മറ്റൊരു ബാങ്കിന്റെ ഇടപാടുകാരന് ഇലക്ട്രോണിക് നിർദ്ദേശം വഴി പണം കൈമാറ്റം ചെയ്യാൻ സാധിക്കുന്നു. 2004-ൽ രാജ്യത്തെ 15 നഗരങ്ങളിലാണ് ഈ സംവിധാനത്തിനു തുടക്കം കുറിച്ചത്. പിന്നീട് ഇത് നെഫ്റ്റ് (നാഷണൽ ഇലക്ട്രോണിക് ഫണ്ട്സ് ട്രാൻസ്ഫർ) ആയി പരിണമിച്ചു.

കോർ ബാങ്കിംഗ് സംവിധാനത്തിലേക്കു മാറിയതോടെ ബാങ്കുകൾക്ക് അവരുടെ എല്ലാ ശാഖകളേയും ഉൾപ്പെടുത്തി കേന്ദ്രീകൃത അക്കൗണ്ടിംഗ് ഏർപ്പെടുത്തുവാൻ സാധിച്ചു. കൂടുതൽ ഓൺലൈൻ സൊലൂഷനുകൾ ആരംഭിക്കുവാനും സാധിച്ചു. കാർഡ് അടിസ്ഥാനമാക്കിയുള്ള ഇടപാടുകൾ എവിടെയും പേയ്മെന്റ് നടത്തുവാൻ സാധിക്കുന്ന പുതിയ ചക്രവാളം തുറന്നു നൽകി. എല്ലാ ബാങ്കുകളുടേയും എടിഎമ്മുകൾ തമ്മിൽ ബന്ധിപ്പിച്ചതുവഴി രാജ്യത്തെ ഏത് എടിഎമ്മിൽനിന്നും പണം പിൻവലിക്കുവാൻ സാധിക്കുമെന്നു വന്നത് ഈ മേഖലയിൽ മാറ്റത്തിന്റെ പുതിയ പാത വെട്ടിത്തെളിച്ചു. ബാങ്കിൽ നേരിട്ടെത്തുന്ന ഇടപാടുകാരുടെ എണ്ണം കുത്തനെ താഴ്ന്നു. എടിഎം കാർഡ് ഡെബിറ്റ് കാർഡ് ആയി രൂപം പ്രാപിച്ചതോടെ ബഹുപയോഗ കാർഡായി അതു മാറി. ഇതുപയോഗിച്ച് കാഷ് പിൻവലിക്കാനും പോയിന്റ് ഓഫ് സെയിൽ മെഷീനിലൂടെ ഷോപ്പിംഗ് നടത്താനും ഇന്റർനെറ്റ് വഴി ഓൺലൈൻ പേമെന്റുകൾ നടത്താനുമൊക്കെ സാധ്യമായിരിക്കുന്നു.

നെഫ്റ്റ് (NEFT) റീട്ടെയിൽ പേമെന്റ് ആവശ്യങ്ങളാണ് നിറവേറ്റുന്നത്. ഉയർന്ന മൂല്യമുള്ള ഇടപാടുകൾ നടത്തുന്നതിനുള്ള സംവിധാനമായി 2004 -മാർച്ചിൽ റിസർവ് ബാങ്ക് ആർടിജിഎസ് (റിയൽ ടൈം ഗ്രോസ് സെറ്റിൽമെന്റ്) അവതരിപ്പിച്ചു. ബാങ്ക്, ധനകാര്യ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ ഫണ്ട് മാനേജർമാർ, ഉയർന്ന മൂല്യമുള്ള ഇടപാടുകൾ നടത്തുന്ന വ്യക്തികൾ തുടങ്ങിയവരാണ് സാധാരണഗതിയിൽ ആർടിജിഎസിന്റെ ഉപഭോക്താക്കൾ. പേരു സൂചിപ്പിക്കുന്നതുപോലെ തന്നെ ഇതൊരു ഓൺലൈൻ ഇന്റർ ബാങ്ക് പേമെന്റ് സംവിധാനമാണ്. മൊത്തത്തിലുള്ള സെറ്റിൽമെന്റാണ് ഇതിൽ നടക്കുന്നത്.

ഏത് ഇന്റർ ബാങ്ക് പേമെന്റ് സംവിധാനത്തിലും രണ്ടു പാർട്ടികൾക്കിടയിൽ വിശ്വസ്തരായ കേന്ദ്രീകൃത പാർട്ടി മൂന്നാമതായി ഉണ്ടാവും. സെറ്റിൽമെന്റ് ഏജൻസി എന്ന് ഇതിനെ വിളിക്കുന്നു. പാരമ്പര്യമായി അതാതു രാജ്യങ്ങളിലെ കേന്ദ്ര ബാങ്കാണ് ഈ റോൾ വഹിക്കുക. ഇന്ത്യയിൽ ഇത് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയാണ്. 2007-ലെ പേയ്മന്റ് ആൻഡ് സെറ്റിൽമെന്റ് നിയമം പാസാക്കിയതോടെയാണ് ഈ മേഖല തുറന്നു നൽകപ്പെട്ടത്. പങ്കാളികളുടെ ഇടയിലെ പേമെന്റ് സെറ്റിൽ ചെയ്യുന്നതിനു ഉചിതമായ പേമെന്റ് സംവിധാനം ഏർപ്പെടുത്തി നടപ്പാക്കാൻ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയെ ശാക്തീകരിക്കുന്നതാണ് ഈ നിയമം.

പേയ്മെന്റ് സംവിധാനം ലഭ്യമാക്കുന്നതിനു റിസർവ് ബാങ്ക് ഓഫ് ഇന്ത്യ അധികാരപ്പെടുത്തിയിരിക്കുന്ന രണ്ടു പ്രധാന സ്ഥാപനങ്ങളാണ് നാഷണൽ പേമെന്റ് കോർപറേഷൻ ഓഫ് ഇന്ത്യയും (എൻപിസിഐ) ക്ലിയറിംഗ് കോർപറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡും( സിസിഐഎൽ). റീട്ടെയിൽ പേമെന്റ് സംവിധാനമാണ് എൻപിസിഐ കൈകാര്യം ചെയ്യുന്നത്. ബാങ്കുകളുടെ എടിഎമ്മുകൾ ബന്ധിപ്പിച്ചുകൊണ്ടുള്ള നാഷണൽ ഫിനാൻഷ്യൽ സ്വിച്ച് (എൻഎഫ്എസ്) കൈകാര്യം ചെയ്യുന്നത് എൻപിസിഐ ആണ്. എൻപിസിഐ നിരവധി പേമെന്റ് ഉത്പന്നങ്ങൾ പുറത്തിറക്കിയിട്ടുണ്ട്. അവ ചുവടെ:

* ഐഎംപിഎസ്- ഇമ്മിഡിയറ്റ് പേമെന്റ് സിസ്റ്റം.
* എൻഎസിഎച്ച്- നാഷണൽ ഓട്ടോമേറ്റഡ് ക്ലിയറിംഗ് ഹൗസ്.
* സിടിഎസ്- ചെക്ക് ട്രൺകേഷൻ സിസ്റ്റം (ഇമേജ് അടിസ്ഥാനത്തിൽ ചെക്ക് ക്ലിയർ ചെയ്യുന്ന സംവിധാനം).
* എഇപിഎസ്- ആധാർ എനേബിൾഡ് പേമെന്റ് സിസ്റ്റം.
* യുപിഐ- യുണീഫൈഡ് പേമന്റ് ഇന്റർഫേസ്.
* യുഎസ്എസ്ഡി- അൺസ്ട്രക്ചേഡ് സപ്ലിമെന്ററി സർവീസ് ഡേറ്റ.
* റുപേ ഡെബിറ്റ് കാർഡ്.

ഇവയ്ക്കു പുറമേ എൻപിസിഐ ഭാരത് ബിൽ പേമെന്റ് സിസ്റ്റവും (ബിബിപിഎസ്) സ്ഥാപിച്ചിട്ടുണ്ട്. ഇതിലൂടെ ഉപഭോക്താക്കൾക്ക് ഗവൺമെന്റിനു നൽകാനുള്ള കുടിശികകൾ, നികുതി തുടങ്ങിയവ ഒടുക്കുന്നതിനും സേവനം ലഭിക്കുന്നതിനും രാജ്യത്തിന്റെ ഏതു ഭാഗത്തുനിന്നും ഫീസ് അടയ്ക്കുന്നതിനും സാധിക്കും.

ഇതിനു പുറമേ നിരവധി സേവനദാതാക്കൾ പേയ്മെന്റ് സംവിധാനമെന്ന നിലയിൽ വൈവിധ്യമാർന്ന വാലറ്റ് സേവനങ്ങൾ നൽകിവരുന്നു. പേടിഎം, ബിൽഡെസ്ക്, സിസി അവന്യു, ഇൻസ്റ്റാമോജോ, പേപാൽ, സിട്രസ്പേ, ഡയറക്ട് പേ, പേയുമണി, ഇപേ, പേനെറ്റ്സ് തുടങ്ങിയവ അവയിൽ ചില

താണ്. ട്രാൻസ്പോർട്ട് സർവീസ്, മാർക്കറ്റിംഗ് കമ്പനികൾ, ഡെലിവറി സർവീസ് തുടങ്ങിയ മേഖലകളിൽ പരിമിത ലക്ഷ്യത്തോടെയുള്ള പ്രീ-പേയ്ഡ് കാർഡുകളും ലഭ്യമാണ്.

ഏതൊരു പേമെന്റ് സംവിധാനത്തിനും റിസർവ് ബാങ്കിന്റെ കീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഓഫ് പേമെന്റ് ആൻഡ് സെറ്റിൽമെന്റ് സിസ്റ്റത്തിന്റെ അനുമതി വേണം. പേയ്മെന്റ് സംവിധാനത്തിൽ പങ്കാളിയാകുന്നവരുടെ ശേഷി, ഈ സംവിധാനത്തിന്റെ പ്രവർത്തനം, ഏതെങ്കിലും തരത്തിലുള്ള ബാധ്യത ഉണ്ടാക്കുമോ അല്ലെങ്കിൽ സംവിധാനത്തിന് ഏതെങ്കിലും തരത്തിലുള്ള ക്ഷീണമുണ്ടാക്കുമോ തുടങ്ങിയവയെല്ലാം വിലയിരുത്തിയശേഷമാണ് ഒരു പേയ്മെന്റ് സംവിധാനത്തിനു പ്രവർത്തനമാരംഭിക്കുവാൻ അനുമതി നൽകുന്നത്. ബാങ്കിന് പേമെന്റ് സംവിധാനമുണ്ടെങ്കിൽ, ഒരു ബാങ്ക് ഇടപാടുകാരൻ പേയ്മെന്റ് സംവിധാനം ഉപയോഗിക്കുന്നതിനായി അയാളുടെ ബാങ്കിന്റെ പേമെന്റ് സംവിധാനത്തിൽ രജിസ്റ്റർ ചെയ്യണം. മറ്റുള്ളവർക്ക് ഏതെങ്കിലും സേവനദാതാവിന്റെ പേയ്മെന്റ് സംവിധാനത്തിൽ രജിസ്റ്റർ ചെയ്താൽ മതി.

ആർടിജിഎസ്, നെഫ്റ്റ്, ഇസിഎസ് (ഡിആർ ആൻഡ് സി ആർ) എന്നിവ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ നേരിട്ടു കൈകാര്യം ചെയ്യുന്ന പേമെന്റ് സംവിധാനങ്ങളാണ്. ചെക്ക് ക്ലിയറിംഗ് ഉൾപ്പെടെയുള്ള മറ്റുള്ള എല്ലാ പേമെന്റ് സംവിധാനവും കൈകാര്യം ചെയ്യുന്നത് മറ്റു സേവനദാതാക്കളാണ്. ഇവ സെറ്റിൽ ചെയ്ത് റിസർവ് ബാങ്കിന്റെ ബുക്കിൽ അവ രേഖപ്പെടുത്തുന്നു.

മൊബൈൽ, ടെലിഫോൺ ഉപകരണങ്ങളുടെ വ്യാപനം കറൻസി രഹിത പേയ്മെന്റ് സംവിധാനം കൂടുതൽ ആളുകൾക്കു തുറന്നു നൽകിയിട്ടുണ്ട്. രാജ്യത്ത് ബാങ്ക് അക്കൗണ്ടുകളേക്കാൾ കൂടുതൽ മൊബൈൽ ഫോണുകളുണ്ട്. മൊബൈൽ ഫോണിലോ കൈയിൽ കൊണ്ടു നടക്കാവുന്ന മറ്റു കംപ്യൂട്ടർ ഉപകരണങ്ങളിലോ ഇടപാടുകൾ നടത്തുവാൻ യോജ്യമായ സോഫ്റ്റ്വെയർ വികസിപ്പിക്കുവാനുമെല്ലാം പേയ്മെന്റ് സംവിധാനങ്ങൾക്കും മൊബൈൽ വാലറ്റുകൾക്കും ഇതു നല്ലൊരു പ്ലാറ്റ്ഫോം ലഭ്യമാക്കിയിരിക്കുകയാണ്.

ഇടപാടുകാർക്ക് അവരുടെ അക്കൗണ്ടിൽ നിന്നോ വാലറ്റിൽനിന്നോ മറ്റൊരു അക്കൗണ്ടിലേക്കോ വാലറ്റിലേക്കോ ഏറ്റവും സൗകര്യപ്രദമായി ഇടപാടു നടത്താൻ ഇതു സഹായിക്കുന്നു. എങ്കിലും ഇടപാടുകാർ ഈ പേമെന്റ് സംവിധാനങ്ങൾ ഉപയോഗിക്കുമ്പോൾ പ്രത്യേകം ശ്രദ്ധ നൽകണം. പാസ്വേഡോ പിൻ അക്കമോ ഉൾപ്പെടെയുള്ള രഹസ്യവിവരങ്ങൾ ആരുമായും പങ്കു വയ്ക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

പുതിയ പേയ്മെന്റ് സംവിധാനങ്ങൾ തീർച്ചയായും കാഷ് പേയ്മെന്റും ചെക്കു വഴിയുള്ള ഇടപാടുകളും മുമ്പുണ്ടായിരുന്നതിനേക്കാൾ കുറച്ചു കൊണ്ടുവരും. 'പരിമിത കറൻസി സമ്പദ്ഘടന'യിലേക്കുള്ള ചുവടുമാറ്റത്തിന് ചുക്കാൻ പിടിക്കുകയാണ് ഈ പേയ്മെന്റ് സംവിധാനങ്ങൾ.

*(റിസർവ് ബാങ്ക് ഉദ്യോഗസ്ഥനായ ലേഖകൻ ഇപ്പോൾ ഹൈദരാബാദിലെ IDRBT യിൽ സേവനമനുഷ്ഠിച്ചുവരുന്നു.)*

**വിജ്ഞാനപാത**

## 104 – ാമത് ഇന്ത്യൻ സയൻസ് കോൺഗ്രസ് തിരുപ്പതിയിൽ നടന്നു

104-ാമത് ഇന്ത്യൻ സയൻസ് കോൺഗ്രസ് തിരുപ്പതി ശ്രീ വെങ്കിടേശ്വര സർവകലാശാലയിൽ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു. 'ശാസ്ത്രവും സാങ്കേതിക വിദ്യയും ദേശീയ വികസനത്തിന്' എന്നതാണ് ഇത്തവണത്തെ ദേശീയ ശാസ്ത്ര കോൺഗ്രസിന്റെ ചിന്താവിഷയം. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി ആയിരക്കണക്കിന് പ്രതിനിധികളും നിരവധി നൊബേൽ ജേതാക്കളും അഞ്ചുദിവസം നീണ്ടുനിന്ന ശാസ്ത്ര കോൺഗ്രസ്സിൽ പങ്കെടുത്തു. സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായി കമ്പനികൾ പദ്ധതികൾ നടപ്പാക്കുന്നതു പോലെ ശാസ്ത്ര സ്ഥാപനങ്ങളും സാമൂഹിക പദ്ധതികൾ ഏറ്റെടുത്തു നടപ്പാക്കണമെന്നു പ്രധാനമന്ത്രി ആഹ്വാനം ചെയ്തു. ശാസ്ത്രജ്ഞർ പുതിയതായി രൂപപ്പെടുത്തുന്ന സാങ്കേതിക വിദ്യകൾ രാജ്യ നന്മയ്ക്കായി എങ്ങനെ ഉപയോഗപ്പെടുത്താമെന്നു ചിന്തിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

# കറൻസി രഹിത സമൂഹം:
# ഒരു പൊതു വീക്ഷണം

**ഡോ. ശ്രീവൃന്ദാ നായർ എൻ.**

ഒരു രാജ്യത്തിന്റെ സാമ്പത്തികവളർച്ചയുടെയും വികസനത്തിന്റെയും അടിസ്ഥാനം കൃത്യമായ ആസൂത്രണവും പ്രായോഗികതയിലൂന്നിയ ദർശനങ്ങളുമാണ്. വളർച്ച പൊതുവായതും വികസനം പ്രത്യേക മാറ്റങ്ങളോടു കൂടിയതുമാണ്. ഘടന, രൂപം എന്നിവയിലെ മാറ്റങ്ങളെ വികസനമെന്ന വാക്കു കൊണ്ട് സൂചിപ്പിക്കാം. വളർച്ചയെ അളവുകോലുകൾ കൊണ്ട് തിട്ടപ്പെടുത്തുമ്പോൾ വികസനം നിരീക്ഷണത്തിലൂടെ സാദ്ധ്യമാക്കാവുന്നതാണ്. യുഎന്നിന്റെ റിപ്പോർട്ടു പ്രകാരം വികസനമെന്നത് വളർച്ചയോടൊപ്പം സാമൂഹിക സാംസ്കാരിക സാമ്പത്തിക ഘടനയിലുള്ള മാറ്റം കൂടിയാണ്. ഓരോ വ്യക്തിയുടെയും ക്ഷേമമായിരിക്കണം സാമ്പത്തികവളർച്ചയുടെ പ്രധാന ലക്ഷ്യം. അതായത് ഉല്പന്നങ്ങൾ ക്രിയാത്മകമായി സൃഷ്ടിക്കുകയും അത് തുല്യമായി വിതരണം ചെയ്യുകയും ചെയ്യുക എന്നർത്ഥം. ഒരു പ്രശ്നത്തോടുള്ള യുക്തിപരവും ശാസ്ത്രീയവുമായ സമീപനമാണ് ശരിയായ ആസൂത്രണമെന്ന് യുനെസ്കോ വിവരിക്കുന്നു. ഇന്ത്യൻ സമ്പദ് വ്യവസ്ഥയിൽ ഉല്പാദനമേഖലയെ വളർത്തുക എന്നത് ഏറെ അനിവാര്യമായ ഒരു വികസന പ്രക്രിയയാണ്.

ഇന്ത്യൻ സമ്പദ്വ്യവസ്ഥയ്ക്കുണ്ടാകുന്ന മുന്നേറ്റം സ്വപ്നം കണ്ടുകൊണ്ട് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും ചരിത്രപരമായ ശുദ്ധീകരണം എന്നു വിശേഷിപ്പിക്കുന്നതുമായ ഒന്നാണ് പരിമിത കറൻസി സമൂഹസൃഷ്ടി എന്നത്. പരമാവധി കള്ളപ്പണത്തിനു കടിഞ്ഞാണിടുക വഴി രാജ്യത്തെ സാമ്പത്തികപുരോഗതിയിലേക്കു നയിക്കുക എന്ന ഉദ്ദേശ്യത്തോടെ മുന്നോട്ടു വച്ച ആശയമാണ് പരിമിത കറൻസി സമൂഹ സൃഷ്ടി എന്നത്. പരമാവധി എല്ലാ വ്യാപാരങ്ങളും അഥവാ ഇടപാടുകളും ഡിജിറ്റൽ സംവിധാനത്തിലൂടെ നടത്തുക എന്നതാണ് ലളിതമായ വിശദീകരണം. ഭൗതികാവസ്ഥയിലുള്ള കറൻസിയുടെ പ്രചാരം ഏറ്റവും കുറഞ്ഞ അളവിലായിരിക്കുക എന്നത് മിതവ്യയത്വം എന്നതിലേക്ക് അടുക്കാനുള്ള സൂചകമാണ്. RBI അടുത്തകാലത്തായി പ്രകാശിപ്പിച്ച 'Payments and settlement system in India: Vision 2018' എന്ന ലിഖിതരേഖ ഇലക്ട്രോണിക് പേയ്മെന്റിന്റെ പ്രോത്സാഹനം, ഇന്ത്യയെ കറൻസി രഹിത സമൂഹമാക്കുകയും അതുവഴി ദീർഘകാല ഉല്പാദനക്ഷമതയുള്ള രാജ്യമായി മാറ്റിയെടുക്കുകയും ചെയ്യാനുള്ള കർമ്മ പദ്ധതി എന്നിവ വിഭാവനം ചെയ്യുന്നു.

പരിമിത കറൻസി സമൂഹമെന്ന ആശയത്തിലേക്ക്, അതിന്റെ ഗുണദോഷ വിചിന്തനത്തിലേക്ക് കടക്കുന്നതിനു മുമ്പ് ഈ ആശയത്തെയും പ്രേരക ഘടകങ്ങളെയും പറ്റി അല്പം ചിന്തിക്കാം. ഇന്ത്യ വിവിധതരം ഇടപാടുകൾക്കായി ക്രമാതീതമായി കറൻസി ഉപയോഗിക്കുന്നു. 2014 ലെ കണക്കനുസരിച്ച് കറൻസി നോട്ടുകളുടെ മൂല്യം ഇന്ത്യയുടെ മുഴുവൻ ജി.ഡി.പി.യുടെ 12 ശതമാനമാണ് (12.42%). ചൈനയിൽ 9.47%വും, ബ്രസീലിൽ 4%വും ആയിരുന്ന സ്ഥാനത്താണ് ഇന്ത്യയുടെ ഈ സ്ഥിതി. ഇലക്ട്രോണിക് വിനിമയങ്ങൾ 5% ൽ താഴെ മാത്രം. 2012-13 കാലയളവിലെ കറൻസി നോട്ടിന്റെ പ്രചാരം ഇന്ത്യയിൽ 76.47 ബില്യനാണ്. അമേരിക്കയിൽ ഇത് 34.5 ബില്യൺ മാത്രം. ക്രെഡിറ്റ് കാർഡ് സ്വന്തമായുള്ളവർ പോലും കറൻസി ഉപയോഗിക്കുന്നതിലാണ് താല്പര്യം കാണിക്കുന്നതെന്നും എല്ലാത്തരം ഇടപാടുകളിലും കറൻസിയാണ് മേൽക്കോയ്മ സ്ഥാപിച്ചിട്ടുള്ളതെന്നും പഠനങ്ങൾ തെളിയിക്കുന്നു.

## ഡിജിറ്റൽ സമ്പദ് വ്യവസ്ഥയുടെ നേട്ടങ്ങൾ

1. പ്രഥമവും പ്രധാനവുമായി പറയേണ്ടത് കള്ളപ്പണ (Black money)ത്തിന്റെ കുതിച്ചു ചാട്ടത്തെ നിരോധിക്കാനാകുന്നു എന്നതാണ്. (കള്ളപ്പണമുപയോഗിച്ച് കറൻസി രഹിത ഇടപാടുകൾ നടത്താൻ കഴിയില്ല)

2. നികുതി നൽകാതെ രക്ഷപെടുന്ന സംഭവങ്ങൾ കുറയ്ക്കാൻ സാധിക്കുന്നു. എല്ലാ പണമിടപാടുകളും നിരീക്ഷണം ചെയ്യുന്നതിനാൽ നികുതി വകുപ്പുദ്യോഗസ്ഥർക്ക് എന്തെങ്കിലും സംശയാസ്പദമായി തോന്നിയാൽ ഇടപാടുകൾ പുനപരിശോധിക്കുവാനും നടപടികൾ സ്വീകരിക്കുവാനും കഴിയും. ഇത് നികുതി നിക്ഷേപം വർദ്ധിപ്പിക്കുകയും ചെയ്യും.

3. കള്ളപ്പണ നിക്ഷേപം റിയൽ എസ്റ്റേറ്റ് മേഖലയിലാണ് കൂടുതലും ഉള്ളത് എന്നതിനാൽ കള്ളപ്പണം തടയുന്നതു കൊണ്ട് ഭീമമായ റിയൽ എസ്റ്റേറ്റ് തുകകൾ കുറയ്ക്കാൻ സാധിക്കും.

4. കറൻസി വിതരണത്തിനും മറ്റിടപാടുകൾക്കുമായി ചിലവഴിക്കുന്ന ഭീമമായ തുക ഒഴിവാക്കാൻ കഴിയും. (2015 സാമ്പത്തിക വർഷത്തിൽ RBI 27 ബില്യൺ ആണ് ഇതിലേക്കായി ചിലവഴിച്ചത്.)

5. സാർവ്വലൗകിക ബാങ്കിംഗ് സാദ്ധ്യത (Universal availability) യിലേക്കുള്ള വഴികൾ കെട്ടിപ്പടുക്കുവാൻ കഴിയും.

6. അഴിമതി വൻതോതിൽ തടയാനാകും എന്നതാണ് വലിയ ഗുണം. ഒരാളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ധനമിടപാടു നടത്തിക്കഴിഞ്ഞാൽ അതുമായി ബന്ധപ്പെട്ട മുഴുവൻ വിവരങ്ങളും സുതാര്യമാകുകയും സങ്കീർണ്ണതകൾ ഒഴിവാക്കി അതിനെ എപ്പോൾ വേണമെങ്കിലും പരിശോധിക്കുവാനും കഴിയുമെന്നതിനാൽ അഴിമതിക്കു തടയിടാം.

7. വ്യാജ നോട്ടുകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഒഴിവാക്കാം. കറൻസിരഹിതമായാൽ കള്ളനാണ്യ (counterfeit currency) മെന്ന പ്രശ്നമില്ലാതെയാകും.

8. ATM പ്രവർത്തിപ്പിക്കുവാനുള്ള ചിലവിനെ കുറയ്ക്കുന്നു. ഇടപാടുകാർക്ക് വേഗത്തിലും തൃപ്തി നൽകുന്നതുമായ പണമിടപാടുകൾ സാധിക്കുന്നു. നോട്ടുകൾ കിട്ടാനുള്ള താമസം, നീണ്ട ക്യൂ, ബാങ്ക് അധികൃതരുമായുള്ള ഇടപെടലുകൾ എന്നിവ കുറയുന്നു.

9. ധനമിടപാടുകളിലുള്ള അതിവേഗത കാരണം GDP യിലും വർദ്ധനവുണ്ടാകുന്നു. എല്ലാ ഇടപാടുകാർക്കും ഇടപാടുകളെ സംബന്ധിച്ച വിശദവിവരങ്ങൾ രേഖകളായി കിട്ടുന്നതു കൊണ്ട് (Detailed records) പണമിടപാടുകൾക്ക് കൃത്യതയുണ്ടാകുന്നു.

10. കറൻസി രഹിതാവസ്ഥ സംജാതമായാൽ ആളുകൾക്ക് ധനവുമായി ബന്ധപ്പെട്ട സന്ദേഹസാദ്ധ്യത (Risk factor) കുറവായിരിക്കും. ധനം വഹിച്ചുകൊണ്ടു നടക്കേണ്ടതിന്റെയോ അതു സൂക്ഷിക്കേണ്ടതുമായി ബന്ധപ്പെട്ടോ ചിലവുകളും ഇല്ലാതാകും.

11. ഉപഭോഗ വർദ്ധനവ് (Boost in consumption): ബാങ്കിൽ ധനം സൂക്ഷിക്കുന്നതുകൊണ്ട് (ഇൻസെന്റീവ് രൂപത്തിലോ മറ്റോ) പ്രത്യേകിച്ച് പ്രയോജനമില്ലാത്തതുകൊണ്ട് ഇഷ്ടമുള്ള സാധനങ്ങൾ വാങ്ങാനായി പണമുപയോഗിക്കുന്ന ശീലമുണ്ടാവുകയും തദ്വാരാ സമ്പദ് വ്യവസ്ഥയെ അത് പുഷ്ടിപ്പെടുത്തുകയും ചെയ്യും.

12. സുരക്ഷിതത്വം, അനുയോജ്യത (Security and convenience) എന്നിവ പരിമിത കറൻസി സമ്പദ് വ്യവസ്ഥകളുടെ സാധ്യതകളാണ്. മൊബൈൽ ഫോൺ, ക്രെഡിറ്റ് കാർഡ് എന്നിവ ഉപയോഗിച്ച് ഇടപാടുകൾ നടത്താനാകുന്നത് സുരക്ഷിതത്വം നൽകും.

13. ഒട്ടുമിക്ക ക്രിമിനൽ കുറ്റങ്ങളും പണമിടപാടുമായി ബന്ധപ്പെട്ടതാണ്. ഭീകരവാദം, ലഹരിമരുന്ന് വില്പന എന്നിങ്ങനെയുള്ള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ കുറയ്ക്കാൻ കറൻസി രഹിത സമ്പ്രദായത്തിലൂടെ സാധിക്കും.

14. സാധാരണക്കാർക്കും അനുയോജ്യമായ രീതിയിൽ ചെലവുകുറഞ്ഞ ഫോൺ ഉപയോഗിച്ചുകൊണ്ടും ഡിജിറ്റൽ പണമിടപാടുകൾ നടത്താൻ കഴിയും. ഈ സംവിധാനത്തിലൂടെ ഇന്ധനം വാങ്ങൽ, റെയിൽ ടിക്കറ്റുകൾ, ഹൈവേ ടോൾ, ഇൻഷുറൻസ്,സർവ്വീസ് ചാർജ് എന്നിവയ്ക്കു കിഴിവു ലഭിക്കുന്നു.

15. കള്ളപ്പണത്തിനുള്ള മറ്റൊരു ബന്ധം ഇന്ത്യയിലെ തിരഞ്ഞെടുപ്പ് ഫണ്ടുമായി ബന്ധപ്പെ

ട്ടതാണ്. കറൻസിരഹിത സമ്പ്രദായം വന്നാൽ കണക്കിലുൾപ്പെടാത്ത ധനം ചിലവഴിക്കുവാൻ രാഷ്ട്രീയപാർട്ടികൾക്കു കഴിയില്ല. ധനം നൽകി വോട്ടു വാങ്ങുന്ന അപലപനീയ നടപടികൾ തടയാനും അതുവഴി യഥാർത്ഥ ജനാധിപത്യം പുലരാനും ഇത് വഴിയൊരുക്കും.

16. ജനക്ഷേമ പദ്ധതിയുമായി ബന്ധപ്പെട്ട അഴിമതികൾ ഇല്ലാതാക്കുവാൻ കഴിയും. അർഹതപ്പെട്ടവർക്ക് സഹായം ലഭിക്കുന്നുണ്ടോ എന്നു പരിശോധിക്കുവാൻ ഗവൺമെന്റിനു കഴിയും. സാമ്പത്തിക യുദ്ധ നടത്തിപ്പിനായി ശത്രുരാജ്യങ്ങളിൽ നിന്ന് ഇന്ത്യയിലേക്ക് ഒഴുകിയെത്തുന്ന വ്യജ കറൻസിയെ തുടച്ചുമാറ്റുവാൻ കഴിയും.

ഇത്രയൊക്കെ ഗുണങ്ങൾ അവകാശപ്പെടാൻ സാധിക്കുന്ന കറൻസി രഹിത സമ്പ്രദായത്തിന്റെ മറുപുറം കൂടി നമുക്കു ചർച്ച ചെയ്യാം.

## പ്രതികൂലാവസ്ഥകൾ

1. പാർശ്വവത്കൃതമായി ഒരു വലിയ സമൂഹം (Marginalized society) ഇന്ത്യയിലുണ്ടെന്നത് മറന്നുകൂടാ. ബാങ്ക് അക്കൗണ്ടില്ലാത്ത വിഭാഗം ജനങ്ങൾ നന്നേ കഷ്ടപ്പെടും. ജനസംഖ്യയുടെ പകുതിപേർ ബാങ്കിംഗ് സമ്പ്രദായത്തിൽ ഉൾപ്പെട്ടിട്ടില്ല എന്നതും വിസ്മരിക്കരുത്. (ജൻ ധൻ പദ്ധതി പൂർണ്ണമായും നടപ്പാക്കിയിട്ടില്ല, പല അക്കൗണ്ടുകളും പ്രവർത്തനക്ഷമവുമല്ല)
2. ഇന്ത്യയെ ഭൂരിഭാഗം ചെറുകിട വ്യാപാരികൾക്കും പൊതുവേ കറൻസി വഴിയുള്ള വ്യാപാരങ്ങൾക്കാണ് താല്പര്യം.
3. കുറഞ്ഞ ഇന്റർനെറ്റ് സാക്ഷരത: ഇന്റെർനെറ്റ് സാക്ഷരതയും അതിന്റെ കണക്ടിവിറ്റിയും നമ്മുടെ രാജ്യത്ത് തുലോം കുറവാണ്. നൈജീരിയ, കെനിയ, ഇന്തോനേഷ്യ പോലെയുള്ള രാജ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഇന്ത്യയിൽ ഇന്റർനെറ്റിന്റെ ഉപയോഗവും അറിവുമുള്ളവർ 27% മാത്രമാണ് (350 മില്യൻ ഉപഭോക്താക്കൾ). കറൻസിരഹിത സമ്പ്രദായത്തിന്റെ സാക്ഷാത്കാരത്തിന് അത് ഒരു വലിയ കുറവു തന്നെയാണ്. 15% ഇന്ത്യാക്കാർക്കു മാത്രമേ തങ്ങളുടെ ഫോണിൽ ഇന്റർനെറ്റ് സൗകര്യമുള്ളു. അതായത് 154 മില്യൻ ആൾക്കാർക്കു മാത്രം. (2016 ലെ ഇന്റർനെറ്റ് സ്റ്റാറ്റിറ്റിക്സ് പ്രകാരം 34.8% ഇന്ത്യാക്കാർ മാത്രമാണ് ഇന്ത്യയിൽ ഇന്റർനെറ്റ് ഉപയോഗിക്കുന്നത്). കുറഞ്ഞ ഇന്റർനെറ്റ് വേഗതയും എടുത്തുപറയേണ്ടതാണ്. പേജ് ലോഡിംഗിന് ചൈനയിൽ 2.6 സെക്കന്റുകൾ എടുക്കുമ്പോൾ ഇവിടെ 5.5 സെക്കന്റ് എടുക്കുന്നു എന്നു കണക്കുകൾ കാണിക്കുന്നു.
4. **വേണ്ടത്ര പി.ഒ.എസ് (POS) മെഷീനുകൾ ലഭ്യമല്ലാത്ത അവസ്ഥ:** ഇന്ത്യയിലാകെ 1.46 മില്യൻ POS മെഷീനുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ഇവിടെ ഒരു മില്യൻ ആൾക്കാർക്ക് 856 മെഷീനുകൾ ഉള്ളപ്പോൾ ചൈനയിലെ കണക്കുകൾ പ്രകാരം അത് 4000 മെഷീനുകളാണ്.
5. ഡിജിറ്റൽ കാർഡുകൾ ഏതെങ്കിലും കാരണവശാൽ നഷ്ടമായാൽ മറ്റൊന്നു ലഭിക്കുവാൻ ഏറെ പ്രയാസം. (കാർഡ് കാലാവധി തീർന്നാലും ബുദ്ധിമുട്ടുകൾ ഏറെ)
6. ഏതെങ്കിലും കാരണവശാൽ പിൻ നമ്പർ (PIN) മറ്റൊരാൾക്കു കിട്ടിയാൽ സാമ്പത്തിക തട്ടിപ്പ് നടക്കാം.
7. ധനം സ്വന്തം നിയന്ത്രണത്തിലല്ലാതാവുന്ന അവസ്ഥ. മൊബൈൽ ഫോൺ നഷ്ടപ്പെട്ടു പോയാൽ പ്രയാസങ്ങൾ അനവധിയുണ്ടാകും. മറ്റൊരു രാജ്യത്തേക്കു പോകേണ്ടിവന്നാൽ ബുദ്ധിമുട്ടുകൾ നേരിട്ടേക്കും. നമ്മുടെ ധനത്തിന്റെ കൈവശാവകാശം മൂന്നാമതൊരു വ്യക്തിക്കോ സ്ഥാപനത്തിനോ ആകാം (ഗവൺമെന്റ്, ബാങ്ക്, തുടങ്ങിയവ). നമുക്കാവശ്യമുള്ളപ്പോൾ അവരുടെ സഹായം ലഭിക്കുകയും അല്ലാത്ത സമയത്ത് അവർക്കത് കൈവശം വെയ്ക്കാനുള്ള അവകാശമുണ്ടാകുകയും ചെയ്യുന്നു.
8. സാങ്കേതികവിദ്യയിൽ താല്പര്യമില്ലാത്തവർ, അത്തരം രീതികൾക്കു വഴങ്ങാൻ കഴിയാത്തവർ എന്നിവർക്ക് ഏറെ ബുദ്ധിമുട്ട് അനുഭവപ്പെടും.

9. ബാങ്കിംഗ് സൗകര്യമോ മറ്റു സാങ്കേതിക വികസനങ്ങളോ സാദ്ധ്യമായിട്ടില്ലാത്ത ഗ്രാമങ്ങളുടെ അവസ്ഥ ഗൗരവമായി പരിഗണിക്കപ്പെടേണ്ടതാണ്.

10. വിവരങ്ങൾ ചോർത്തുന്ന കുതന്ത്ര ബുദ്ധിയുള്ള വ്യക്തികളിൽ നിന്നും കറൻസിരഹിത ഇടപാടുകളെ സംരക്ഷിക്കാൻ കഴിഞ്ഞില്ലെങ്കിൽ പ്രയാസകരമാകും (Hacking and cyber theft).

## പരിമിത കറൻസി സമ്പദ് വ്യവസ്ഥയ്ക്കായി ഗവണ്മെന്റ് നേരിടുന്ന വെല്ലുവിളികൾ

1. ഇന്റർനെറ്റ് കണക്ഷനുകളുടെ പ്രാപ്യത എല്ലായിടത്തും ഉറപ്പുവരുത്തണം.
2. ജനങ്ങളിൽ സാമ്പത്തിക സാക്ഷരതയും ഡിജിറ്റൽ സാക്ഷരതയും ഉറപ്പു വരുത്തണം.
3. ജൻധൻ യോജനയിലൂടെ തുറന്നു കൊടുക്കുന്ന ബാങ്ക് അക്കൗണ്ടുകൾ കാര്യക്ഷമമാണെന്നു നിരീക്ഷിക്കണം.
4. ഇന്ത്യയിൽ മേൽക്കോയ്മയുള്ള ചില്ലറ വ്യാപാരികൾക്ക് ഇലക്ട്രോണിക് പേയ്മെന്റ് നടത്താൻ വേണ്ട സൗകര്യങ്ങൾ ഉറപ്പാക്കണം.
5. ഉപഭോക്താവിന്റെ അവബോധമില്ലായ്മ ഒരു തടസ്സമായി നിൽക്കുന്നുവെങ്കിൽ അത് നിർമ്മാർജ്ജനം ചെയ്യുക. കറൻസി രഹിത ഇടപാടുകളെക്കാൾ കറൻസി വഴിയുള്ള ഇടപാടുകൾ സുതാര്യമാണെന്നും കൂടിയാലോചനകൾക്കും വിലപേശലിനും കറൻസികളാണ് ഉപകാരപ്പെടുകയെന്നുമുള്ള വിശ്വാസം കാർഡ് ഉപയോഗിക്കുന്നവർക്കുമുണ്ട്.
6. കാർഡ് ഉപയോഗിക്കേണ്ടി വരുമ്പോൾ കൂടുതൽ ചാർജ് ഈടാക്കുന്ന അവസ്ഥ ഉണ്ടാകുമെന്ന ഭയവും കാർഡ് ഉപയോഗിക്കാത്തവരുടെ ഇടയിൽ നിലനിൽക്കുന്നു.
7. കറൻസിരഹിത സമൂഹത്തിൽ ഒരു പേടിസ്വപ്നമാകുന്ന മറ്റൊരു തലം സുരക്ഷാ (security) വിഭാഗമാണ്. പാസ് വേർഡ്, ക്രെഡിറ്റ് കാർഡ് രഹസ്യ വിവരങ്ങൾ എന്നിവ ചോർത്തുന്നത് നമ്മുടെ ബാങ്ക് അക്കൗണ്ടിനെ ശൂന്യമാക്കാം.

എല്ലാ വിഭാഗം ജനങ്ങളെയും മുന്നിൽ കണ്ടുകൊണ്ടുള്ള ഉൾപ്പെടുത്തൽ (Inclusion) ആണ് കറൻസിരഹിത രാജ്യത്തിന്റെയും അടിസ്ഥാനരേഖ. എങ്കിൽ മാത്രമേ ഈ സ്വപ്ന പദ്ധതി വിജയപഥത്തിലെത്തുകയുള്ളു. നമ്മുടെ രാജ്യത്ത് വസ്ത്രം, പാർപ്പിടം, ആഹാരം എന്നീ അടിസ്ഥാനാവശ്യങ്ങൾ പോലും നിർവഹിക്കാൻ കഴിയാത്ത വലിയൊരു വിഭാഗം ജനങ്ങളുണ്ട്. ബാങ്കിംഗ് നെറ്റ്‌വർക്കുമായി ബന്ധമില്ലാത്ത, ഇപ്പോഴും കറൻസികളെ മാത്രം ആശ്രയിക്കുന്നവരാണ് ഭൂരിഭാഗവും. എല്ലാവരേയും പരിഗണിച്ച് കരുതലോടെ നടപ്പിലാക്കിയാൽ മാത്രമേ പരിമിത കറൻസി സമ്പദ് വ്യവസ്ഥ സാർത്ഥകമാവുകയുള്ളൂ.

നോട്ടു പിൻവലിക്കലിനു ശേഷം മുംബെയിലെ ക്രൈം റേറ്റ് പകുതിയായി കുറഞ്ഞുവെന്ന് കേന്ദ്ര പ്രതിരോധ മന്ത്രി അവകാശപ്പെടുന്നു. സാമ്പത്തിക ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടുള്ള കുറ്റകൃത്യങ്ങൾക്ക് ഡൽഹിയിലും കുറവ് സംഭവിച്ചിരിക്കുന്നു. കവർച്ച, ഭവനഭേദനം, പിടിച്ചുപറി എന്നിവയിലും കുറവു വന്നു. സമാന്തര സമ്പദ്‌വ്യവസ്ഥക്കേറ്റ അടിയായി ഇതിനെ കണക്കാക്കാം. ഭീകരവാദ പ്രോത്സാഹകർക്കും കള്ളപ്പണം വെളുപ്പിക്കുവാൻ മുന്നിൽ നിൽക്കുന്നവർക്കും പിടിച്ചു നിൽക്കാൻ പറ്റാത്ത അവസ്ഥ സംജാതമായി. തികച്ചും ശ്രദ്ധാപൂർവ്വം സമയമെടുത്ത് നടപ്പിലാക്കേണ്ട ഒരു കർമ്മ പദ്ധതിയാണ് കറൻസിരഹിത സമ്പ്രദായമെന്ന ആശയം. മാത്രവുമല്ല,പൂർണ്ണമായും ഇത് നടപ്പിലാക്കുക എന്നത് നേരത്തെ സൂചിപ്പിച്ചതു പോലെ പ്രായോഗികവുമാവില്ല. ചെറിയ നോട്ടുകൾ (100,500) മാത്രം നിലനിർത്തിക്കൊണ്ട് വലിയ ഇടപാടുകൾക്ക് ഡിജിറ്റൽ സംവിധാനത്തെ ഉപയോഗപ്പെടുത്താൻ നിർദ്ദേശം വയ്ക്കുന്നത് ഏറെ ആശാവഹമാണ്. രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയിലും പുരോഗമനപരമായ മാറ്റങ്ങൾ കൊണ്ടുവരാൻ ഇതു വഴിതെളിക്കും.

*(പന്തളം എൻ.എസ്.എസ്. ട്രെയിനിംഗ് കോളേജിൽ അസിസ്റ്റന്റ് പ്രൊഫസറാണ് ലേഖിക)*

# ഇന്ത്യൻ സാമ്പത്തിക രംഗത്തെ ഡിജിറ്റൽ പരിണാമം

സോണി പി.എ.

ഇക്കഴിഞ്ഞ നവംബർ 8 മുതൽ, പണമിടപാട് രീതികളിൽ വലിയ മാറ്റങ്ങളിലൂടെയാണ് നമ്മുടെ രാജ്യം കടന്നുപോകുന്നത്. ഇടപാടുകളുടെ പ്രധാന മാധ്യമമായിരുന്ന കറൻസിയുടെ ലഭ്യത പൊടുന്നനെ കുറഞ്ഞതിന്റെ പശ്ചാത്തലത്തിലാണിത്. കള്ളനോട്ട് തടയൽ, കള്ളപ്പണം കണ്ടുപിടിക്കൽ, തീവ്രവാദ പ്രവർത്തനങ്ങൾക്കു പണം ലഭ്യമാക്കുന്നത് തടയൽ, അഴിമതി കുറയ്ക്കൽ, ഡിജിറ്റൽ ഇടപാടു രീതിയിലേക്കുള്ള ചുവടുമാറ്റം അങ്ങനെ പലതും പുതിയ സാമ്പത്തിക നയരൂപീകരണത്തിന് കാരണങ്ങളായി ചൂണ്ടിക്കാണിക്കപ്പെടുന്നു.

പ്രചാരത്തിലുള്ള പണത്തെ കുറയ്ക്കാൻ ഉപയോഗിക്കുന്ന 'Reserve Money to Broad Money' അനുപാതം ഇന്ത്യയിൽ ഏതാണ്ട് 0.18 ശതമാനമാണ്. ഇത് വളരെ കൂടുതലാണ്. മറ്റ് വികസ്വര രാജ്യങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഇന്ത്യയുടെ അനുപാതം ചൈനയുടേതിന്റെ മൂന്നര മടങ്ങും, ബ്രസീലിന്റെ മൂന്നു മടങ്ങും, മെക്സിക്കോയുടേതിന്റെ ഇരട്ടിയുമാണ്. വികസിത രാജ്യങ്ങളുമായി താരതമ്യപ്പെടുത്തിയാൽ, ഇതേ അനുപാതം ജപ്പാന്റേതിന് 2.25 മടങ്ങും, നെതർലന്റിന്റേതിന് രണ്ടരമടങ്ങും, ബ്രിട്ടന്റേതിന് നാലര മടങ്ങുമാണ്. കഴിഞ്ഞ ഏതാനും വർഷങ്ങളിലായി ഇവിടങ്ങളിലെല്ലാം കറൻസി രൂപത്തിലുള്ള സാമ്പത്തിക വിനിമയം വളരെയധികം കുറയുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

നമ്മുടെ രാജ്യത്ത് ഒരു നിഴൽ സമ്പദ്‌വ്യവസ്ഥ അഥവാ സമാന്തര സമ്പദ്‌വ്യവസ്ഥ സൃഷ്ടിച്ചു പോരുന്നതും ഈ 'ലിക്വിഡ്' പണം തന്നെയാണ്. അതിനാൽ ഒരു കറൻസിരഹിത സമ്പദ്‌വ്യവസ്ഥയിലേക്ക് ചുവടു മാറുക എന്നത് രാജ്യത്തിന്റെ പൊതു താത്പര്യമാണ്. എന്നാൽ നമ്മുടേത് പോലുള്ള ഒരു വികസ്വര രാജ്യത്തിന് ഒരു രാത്രി കൊണ്ട് കറൻസി രഹിത സമ്പദ്‌വ്യവസ്ഥ സ്വപ്നം കാണാൻ കഴിയില്ല. അതിനാൽ തന്നെ നാം ഉന്നം വെയ്ക്കേണ്ടത് ഒരു പരിമിത കറൻസി സമ്പദ്‌വ്യവസ്ഥയെ ആണ്, അതായിരിക്കും കൂടുതൽ ഗുണകരം.

ഒരു പരിമിത കറൻസി സമ്പദ്‌വ്യവസ്ഥയെ ഉൾക്കൊള്ളാൻ നാം സജ്ജരാണോ എന്നതാണ് പ്രധാന ചോദ്യം. ഇന്ത്യയിലൊട്ടാകെ 1,25,000 ത്തിലധികം ബാങ്ക് ശാഖകളും രണ്ട് ലക്ഷത്തിലധികം ATM-കളും ഉണ്ടെന്നാണ് കണക്ക്. ഏതാണ്ട് എഴുപത് കോടിയോളം ഡെബിറ്റ് കാർഡുകളും രണ്ടര കോടിയോളം ക്രെഡിറ്റ് കാർഡുകളും രാജ്യത്ത് വിതരണം ചെയ്തിട്ടുണ്ട്. ഓരോ മാസവും ഏതാണ്ട് 50 ലക്ഷം വീതം പുതിയ ഡെബിറ്റ് കാർഡുകൾ വിതരണം ചെയ്യപ്പെടുന്നുണ്ട്. ക്രെഡിറ്റ് കാർഡുകളുടെ പ്രചാരത്തിലും സ്വാഭാവികമായും വർധനവുണ്ട്. ഡെബിറ്റ് കാർഡുകളുടെയും ക്രെഡിറ്റ് കാർഡുകളുടെയും വിതരണത്തിൽ ഈ അന്തരം നിലനിൽക്കുമ്പോഴും, ഒരു വർഷം ക്രെഡിറ്റ് കാർഡുകൾ വഴി നടക്കുന്ന ഇടപാടുകൾ 22,694 കോടി രൂപയോളമാകുമ്പോൾ, ഡെബിറ്റ് കാർഡുകൾ വഴി നടക്കുന്ന ഇടപാടുകളുടെ സംഖ്യ ഏതാണ്ട് 13,463 കോടി രൂപയോളമേ വരൂ. ഇന്ത്യ പൂർണമായും ഡിജിറ്റൽ പണമിടപാടിലേക്ക് മാറാൻ കാലതാമസമെടുക്കുമെന്ന് പറയുന്നതിന്റെ യഥാർത്ഥ കാരണം ഈ കണക്കുകളിലുണ്ട്. 60 ശതമാനമെങ്കിലും ഇവ ഉപയോഗിച്ചു തുടങ്ങാതെ ഡിജിറ്റൽ ഇടപാടുകളുടെ കാര്യത്തിൽ വർധനവുണ്ടാകില്ല.

ഡെബിറ്റ് കാർഡുകളെ കൂടുതൽ പ്രചാരത്തിലെത്തിച്ച ഒരു സുപ്രധാന നടപടിയായിരുന്നു, പ്രധാനമന്ത്രി ജൻധൻ യോജന. നഗരങ്ങളിലും അർദ്ധ നഗരങ്ങളിലും താമസിക്കുന്നവർക്കും ഗ്രാമീണ ജനതയുടെ നല്ലൊരു വിഭാഗത്തിനും അവരുടെ ആദ്യ റൂപേ (Rupay) കാർഡ് ഇതുവഴി സ്വന്തമാക്കാനായി. മറ്റൊന്ന് ആധാർ അധിഷ്ഠിത സംവിധാനമായിരു

ന്നു. കഴിഞ്ഞ കുറെ വർഷങ്ങളായി വിവിധ സർക്കാർ സബ്സിഡികളും ഇളവുകളും ഇടനിലക്കാരനെ ഒഴിവാക്കി നേരിട്ട് ഗുണഭോക്താവിന് എത്തിക്കുന്നതിനുള്ള പ്രധാന സംവിധാനമായി ആധാർ മാറിയിട്ടുണ്ട്. ആധാറിനെ ബാങ്കിലെ ഏതെങ്കിലും അക്കൗണ്ടുമായി ബന്ധിപ്പിക്കാം. NPCI (National Payment Corporation of India) യുടെ നേതൃത്വത്തിലൂടെ ആധാർ അധിഷ്ഠിത പേയ്മെന്റ് സംവിധാനം (Adhar Enabled Payment System-AEPS) ഉപയോഗിച്ച്, ഇത്തരം സൗകര്യമുള്ള കേന്ദ്രങ്ങളിൽ ചെന്ന് ഒരാൾക്ക് അയാളുടെ ബാങ്ക് അക്കൗണ്ടിൽ നിന്നും ആവശ്യമുള്ള തുക മറ്റൊരാളുടെ അക്കൗണ്ടിലേക്ക് മാറ്റാൻ കഴിയും. കേരളത്തിൽ ഈ സൗകര്യം അക്ഷയ കേന്ദ്രങ്ങളിൽ ലഭ്യമാണ്. ഉപഭോക്താവിന് തന്റെ വിരലടയാളം ഉപയോഗിച്ച് ഈ ഇടപാടിന് സാധുത നൽകാം.

ഏതൊരു പേയ്മെന്റ് സംവിധാനത്തിലും, ദാതാവ്, സ്വീകർത്താവ്, പണമിടപാടു പ്രതലം എന്നിങ്ങനെ പ്രാഥമികമായി മൂന്ന് ഘടകങ്ങളുണ്ട്. ഒരു ഉപയോക്താവ് ആദ്യത്തെ വിഭാഗത്തിൽ, അതായത് ദാതാവ് എന്ന വിഭാഗത്തിൽ ഉൾപ്പെടും. സാധനങ്ങളോ സേവനങ്ങളോ വിൽക്കുന്ന കടയുടമ അഥവാ സേവനദാതാവാണ് ഇവിടെ സ്വീകർത്താവ്, അഥവാ പണം സ്വീകരിക്കുന്നയാൾ. നേരിട്ടുള്ള പണമിടപാടുകളുടെ കാര്യത്തിൽ ദാതാവും സ്വീകർത്താവും മാത്രം മതിയെങ്കിൽ, ഒരു ഡിജിറ്റൽ ഇടപാട് സംവിധാനത്തിന് ഒരു പണമിടപാട് പ്രതലം കൂടി ആവശ്യമുണ്ട്.

രാജ്യത്ത് നിലവിൽ ഡിജിറ്റൽ ഇടപാടിന് സൗകര്യമൊരുക്കുന്ന പണമിടപാടു പ്രതലങ്ങൾ ഏതൊക്കെയെന്ന് നോക്കാം. കാർഡ് പേയ്മെന്റ് സംവിധാനമാണ് ഇവയിൽ പ്രധാനപ്പെട്ടത്. വിസ, മാസ്റ്റർകാർഡ്, പിന്നെ ഇന്ത്യൻ സംരംഭമായ റൂപേ എന്നിവയാണ് പ്രധാനമായും നിലവിലുള്ള കാർഡ് അധിഷ്ഠിത സംവിധാനങ്ങൾ. ഇന്ത്യയിൽ, നേരത്തെ പറഞ്ഞപോലെ, കാർഡ് കൈവശമുള്ളവരുടെ എണ്ണം കൂടുതലും, അത് ഉപയോഗിക്കാൻ വേണ്ട POS ടെർമിനലുകൾ കൈവശമുള്ള കച്ചവടക്കാരുടെ എണ്ണം കുറവുമാണ്. കൃത്യമായി പറഞ്ഞാൽ, ഏതാണ്ട് 66 കോടി കാർഡുകൾ ഉപയോഗത്തിൽ ഉള്ളിടത്ത്, ഏതാണ്ട് 15 ലക്ഷത്തോളം POS ടെർമിനലുകൾ മാത്രമേ ഉള്ളൂ. ഇന്ത്യയിൽ ഡിജിറ്റൽ പണമിടപാടിനുള്ള പ്രധാന തടസങ്ങളിലൊന്ന് ഇതാണ്. POS ടെർമിനലുകളുടെ ചെലവ് കടയുടമ വഹിക്കേണ്ടിവരുന്നു എന്നതിനാൽ, പലരും ഇത് വേണ്ടെന്ന് വയ്ക്കുകയാണ് പതിവ്, പ്രത്യേകിച്ചും കച്ചവടത്തിൽ നിന്നുള്ള വരുമാനം വളരെ കുറവായ ചെറുകിട വ്യാപാര മേഖലകളിൽ. ചെലവു കുറഞ്ഞ mPOS ടെർമിനലുകൾ വ്യാപകമാക്കുന്നതുൾപ്പെടെയുള്ള പുതിയ നീക്കങ്ങൾ ഈ ചെലവ് ഒരു പരിധി വരെ കുറയ്ക്കാൻ സഹായിച്ചേക്കാം. 2000 രൂപ വരെയുള്ള ചെറിയ ഇടപാടുകൾക്ക് Contactless Card-കൾ ഉപയോഗിക്കാൻ റിസർവ്വ് ബാങ്ക് അനുമതി നൽകിയിട്ടുണ്ട്. പിൻ നമ്പർ കൂടാതെ തന്നെ ഉപയോഗിക്കാൻ കഴിയും എന്നതാണ് ഇത്തരം കാർഡുകളുടെ സവിശേഷത.

പേയ്മെന്റ് സംവിധാനങ്ങളിൽ ദ്രുതഗതിയിലുള്ള മാറ്റങ്ങൾക്കാണ് നമ്മൾ സാക്ഷിയായിക്കൊണ്ടിരിക്കുന്നത്. ഉപയോഗിക്കാനുള്ള എളുപ്പം കൊണ്ട് തന്നെ, ഇ-വാലറ്റുകൾക്ക് പ്രചാരം വർധിക്കുന്നുണ്ട്. നേരത്തെ ഓൺലൈൻ പേയ്മെന്റുകൾക്കാണ് ഇ-വാലറ്റുകൾ വ്യാപകമായി ഉപയോഗിച്ചിരുന്നതെങ്കിൽ, കറൻസി പിൻവലിക്കൽ നടപടിക്കു ശേഷം കടയുടമകളും ഇ-വാലറ്റുകൾ ധാരാളമായി ഉപയോഗപ്പെടുത്തി തുടങ്ങിയിരിക്കുന്നു. അതേസമയം, ഡെബിറ്റ്/ക്രെഡിറ്റ് കാർഡുകളോ നെറ്റ് ബാങ്കിങ് സംവിധാനമോ ഉപയോഗിച്ച് തുടരെത്തുടരെ പണം നിറക്കേണ്ടി വരുന്നു എന്നത് ഇ-വാലറ്റുകളുടെ ഒരു പ്രധാന പരിമിതിയാണ്. വിപണി പങ്കാളിത്തം നേടിയെടുക്കുക എന്ന ഉദ്ദേശ്യത്തോടെ, ഇ-വാലറ്റ് കമ്പനികൾ തന്നെയാണ് ഇത്തരം 'ടോപ്പ്-അപ്പു'കളുടെ ചെലവ് വഹിക്കുന്നത്. വാലറ്റ് ഉപയോക്താക്കൾക്ക് വലിയ തോതിലുള്ള ഡിസ്കൗണ്ടുകളും ഇവർ വാഗ്ദാനം ചെയ്യുന്നു. പരിമിതമായ തുക മാത്രമെ ഇ-വാലറ്റുകളിൽ സൂക്ഷിക്കാനാകൂ എന്നതും ഇതിന്റെ ഒരു പരിമിതിയാണ്.

ഈ പശ്ചാത്തലത്തിലാണ്, Unified Payment Interface അഥവാ UPI എന്ന ഒരു സംവിധാനം NPCI അവതരിപ്പിച്ചത്. ഈ സംവിധാനത്തിൽ, ഒരു മൊബൈൽ ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്യുക വഴി, രാജ്യത്തെ ഏതൊരു വ്യക്തിക്കും തന്റെ ബാങ്ക്

അക്കൗണ്ട് നമ്പർ ലിങ്ക് ചെയ്തുകൊണ്ടുള്ള ഒരു Virtual Private Address (VPA) ഉണ്ടാക്കാൻ കഴിയും. raphel@sib അല്ലെങ്കിൽ, thomas@sbi എന്നൊക്കെ പറയുംപോലെ ലളിതമാണിത്. പണം സ്വീകരിക്കേണ്ടയാളുടെ VPA നമ്പർ അറിഞ്ഞാൽ പണം അയക്കാം. പണം സ്വീകരിക്കേണ്ട ആളുടെ വിവരങ്ങൾ നൽകിയത് ശരിയോ എന്ന് രണ്ടുതവണ പരിശോധിച്ച് ഉറപ്പുവരുത്താൻ കഴിയും എന്നതാണ് ഈ സംവിധാനത്തിന്റെ ഗുണവശം.

IMPS എന്നൊരു സംവിധാനവും നിലവിലുണ്ട്. IFSC കോഡും അക്കൗണ്ട് നമ്പറും ഉപയോഗപ്പെടുത്തി മൊബൈൽ ബാങ്കിങ് വഴി പണമയക്കാനുള്ള സംവിധാനമാണിത്. സ്മാർട്ട് ഫോൺ സ്വന്തമായി ഇല്ലാത്ത ഒരാൾക്കും, ഈ സംവിധാനം ഉപയോഗപ്പെടുത്താം എന്നതാണ് ഇതിന്റെ പ്രത്യേകത. മൊബൈലിൽ *99# എന്ന് രേഖപ്പെടുത്തിയാൽ ഒരു സ്മാർട്ട് ഫോണിനെയോ ഇന്റർനെറ്റിനെയോ ആശ്രയിക്കാതെ തന്നെ പണമയക്കാനാകും. RTGS/NEFT തുടങ്ങിയ, കുറച്ചുകാലമായി ഉപയോഗിച്ചുവരുന്ന സംവിധാനങ്ങളും പണം കൈമാറാൻ ഉപയോക്താക്കൾ വ്യാപകമായി ഉപയോഗപ്പെടുത്തുന്നുണ്ട്. ചെക്ക് ക്ലിയറിങ്ങ് സംവിധാനവും Cheque Truncation System എന്ന പേരിൽ RBI ഡിജിറ്റലൈസ് ചെയ്തിട്ടുണ്ട്. ഡിജിറ്റൽ കറൻസിയായ Bitcoin നു വേണ്ടിയുള്ള ഗവേഷണങ്ങളും നടക്കുന്നുണ്ട്.

ഡിജിറ്റൽ മാർഗത്തിലേക്ക് മാറുന്നതിലൂടെയുള്ള പ്രയോജനത്തിന്റെ പങ്ക് സർക്കാരും ബാങ്കുകളും റിവാർഡുകളായി ഉപഭോക്താക്കൾക്ക് തിരികെ നൽകാറുണ്ട്. ഇടപാടുകാരിൽ വേണ്ടത്ര അവബോധം വളർത്തിയെടുക്കുക എന്നതാണ് ഇക്കാര്യം കൊണ്ട് പ്രധാനമായും ലക്ഷ്യമിടുന്നത്. എന്തെല്ലാം പണമിടപാട് സംവിധാനങ്ങൾ ലഭ്യമാണ് എന്നതും, ഇവ ഏതൊക്കെ രീതിയിൽ ഉപയോഗിക്കാം എന്നതിനെ സംബന്ധിച്ചും അറിവുണ്ടാക്കുക എന്നതാണ് പ്രഥമമായ കാര്യം. രണ്ടാമത്തേത്, ഡിജിറ്റൽ തട്ടിപ്പുകളിൽ നിന്നും സൈബർ ആക്രമണങ്ങളിൽ നിന്നും എങ്ങനെ സ്വയം രക്ഷ നേടാം എന്നതാണ്. മനുഷ്യമനസിന്റെ ദൗർബല്യങ്ങൾ ചൂഷണം ചെയ്താണ് ലോകമെമ്പാടും സൈബർ തട്ടിപ്പുകൾ ഏറിയ പങ്കും നടന്നിട്ടുള്ളത്. ലോട്ടറികളോ, റിവാർഡുകളോ ഓഫർ ചെയ്തുകൊണ്ടുള്ള ഈ മെയിലുകളോ, SMS സന്ദേശങ്ങളോ, ഫോൺകോളുകളോ ലഭിക്കാത്തവരായി നമ്മിൽ ആരുമുണ്ടാകില്ല. വിദ്യാഭ്യാസമുള്ളവർ പോലും ഇത്തരം തട്ടിപ്പുകളിൽ വീഴുന്നു എന്നതാണ് അമ്പരപ്പിക്കുന്ന വസ്തുത. വിശ്വസനീയമെന്നു തോന്നിപ്പിക്കുന്നവിധം കഥകൾ പറഞ്ഞുകൊണ്ട് നമ്മുടെ ബാങ്ക് അക്കൗണ്ടിന്റെ വിശദാംശങ്ങൾ ചോർത്തിയെടുക്കുക എന്നതാണ് തട്ടിപ്പിന്റെ മറ്റൊരു രീതി.

ഇത്തരം സൈബർ ആക്രമണങ്ങളിൽ നിന്ന് നാം സ്വയം പ്രതിരോധം നേടിയേ തീരൂ. ഇത്തരം തട്ടിപ്പുകളിൽ കുടുങ്ങിയാൽ പോലും ഉപയോക്താവിന് പണം നഷ്ടപ്പെടാതിരിക്കാൻ വേണ്ട സുരക്ഷാ സംവിധാനങ്ങൾ ഒരുക്കുന്ന നവീന ആശയങ്ങളുമായി ബാങ്കുകൾ മുന്നോട്ടു വരുന്നുണ്ട്. ഈ ലേഖകൻ ജോലി ചെയ്യുന്ന സ്ഥാപനമായ സൗത്തിന്ത്യൻ ബാങ്ക് അവതരിപ്പിച്ച നവീന ആശയമായ 'e-lock' ഇത്തരത്തിലുള്ള ഒന്നാണ്. 'SIB Mirror' എന്ന ഒരു മൊബൈൽ ആപ്ലിക്കേഷൻ വഴി തങ്ങളുടെ അക്കൗണ്ടുമായി ബന്ധപ്പെട്ട എല്ലാ ഡിജിറ്റൽ ഡെബിറ്റ് ഇടപാടുകളും ബ്ലോക്ക് ചെയ്ത് ഇടാമെന്നതാണ് ഇതിന്റെ സവിശേഷത. വീണ്ടും ഇടപാട് നടത്തേണ്ടി വരുമ്പോൾ ഇത് 'Unlock' ചെയ്ത് ഉപയോഗിക്കാം. ചുരുങ്ങിയ സെക്കന്റുകൾക്കുള്ളിലാണ് ഈ സംവിധാനങ്ങൾ പ്രവർത്തിക്കുന്നത് എന്നതു കൊണ്ട് തന്നെ, ഇടപാടുകാരനു യാതൊരു വിധത്തിലുള്ള സമയനിഷ്ടവും ഉണ്ടാകുന്നില്ല.

2017-ൽ ഇന്ത്യയുടെ സാമ്പത്തിക രംഗത്ത് ഒരു ഡിജിറ്റൽ പരിണാമം സംഭവിക്കുമെന്ന് കരുതാം. ഈ പ്രയാണത്തിൽ നമുക്കോരോരുത്തർക്കും വലിയൊരു പങ്ക് വഹിക്കാനുണ്ട്. ആഴ്ചയിൽ ചുരുങ്ങിയത് ഒരു വ്യക്തിയെ എങ്കിലും ഡിജിറ്റൽ ഇടപാടുകളിലേക്ക് പ്രവേശിപ്പിക്കാൻ സഹായിക്കുമെന്ന് നമുക്ക് പ്രതിജ്ഞയെടുക്കാം. പരിമിത കറൻസി സമ്പദ് വ്യവസ്ഥ എന്ന ലക്ഷ്യത്തിലെത്താൻ ഈ തീരുമാനം നമ്മെ പ്രാപ്തരാക്കും.

*(സൗത്ത് ഇന്ത്യൻ ബാങ്കിൽ ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജി വിഭാഗം ഡെപ്യൂട്ടി ജനറൽ മാനേജരാണ് ലേഖകൻ)*

# കറൻസി നോട്ട് പിൻവലിക്കലും റിസർവ്വ് ബാങ്ക് ഇടപെടലും: **ഒരു അവലോകനം**

**ഡോ. ദയാനന്ദൻ എം.എൻ.**

നവംബർ 8-ാം തീയതി കറൻസി പിൻവലിക്കൽ പ്രഖ്യാപനം വന്നശേഷം സർക്കാർ തീരുമാനം ഫലപ്രദമായി നടപ്പാക്കുന്നതിനും പൊതുജനങ്ങളുടെ ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിനുമായി കേന്ദ്രബാങ്കായ റിസർവ്വ് ബാങ്ക് ധാരാളം ഇടപെടലുകൾ നടത്തുകയുണ്ടായി.

### പഴയ നോട്ടിന്റെ കൈമാറ്റം

വ്യക്തികളും സ്ഥാപനങ്ങളും കൈവശം വച്ചിരുന്ന പിൻവലിച്ച നോട്ടുകൾ നിക്ഷേപിക്കുന്നതിനും മാറ്റിവാങ്ങുന്നതിനും RBI പലതരത്തിലുള്ള നടപടികൾ എടുക്കുകയുണ്ടായി. വേണ്ട തയ്യാറെടുപ്പുകൾ നടത്തുന്നതിന് വേണ്ടി നവംബർ 9-ാം തീയതി ബാങ്കുകൾ പ്രവർത്തിക്കില്ല എന്നറിയിച്ചു. 10-ാം തീയതി മുതൽ ഒരു അക്കൗണ്ടുടമയ്ക്ക് ബാങ്ക് കൗണ്ടർ വഴി ഒരു ദിവസം 10,000 രൂപയും ഒരാഴ്ചയിൽ 24,000 രൂപയും പിൻവലിക്കാൻ അനുവദിച്ചു.

പെട്ടെന്നുള്ള ആവശ്യങ്ങൾ നിറവേറ്റാൻ ഒരു വ്യക്തിക്ക് 4000 രൂപ വരെ മാറ്റിവാങ്ങാൻ സൗകര്യം ചെയ്തു. ഇത് പിന്നീട് 4500 ആയി ഉയർത്തുകയും നീണ്ട ക്യൂ രൂപപ്പെട്ടപ്പോൾ പ്രായംചെന്നവർക്കും വൈകല്യമുള്ളവർക്കും പ്രത്യേക ക്യൂ വേണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. പഴയ നോട്ടുകൾ കൈമാറുന്നതിനും അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനും 50 ദിവസത്തെ സാവകാശം നൽകി.

സഹകരണ ബാങ്കിടപാടുകാരുടെ ബുദ്ധിമുട്ടു മനസ്സിലാക്കിയ RBI, നവംബർ 14 മുതൽ District Central Co-operative Bank ൽ നിന്നും ആഴ്ചയിൽ 24,000 രൂപ വരെ പിൻവലിക്കാൻ അനുവദിച്ചു. അതുപോലെ ബിസിനസ്സുകാരെ സഹായിക്കാൻ കറന്റ് അക്കൗണ്ടിൽ നിന്നും ആഴ്ചയിൽ 50,000 രൂപ വരെ പിൻവലിക്കാൻ അനുവദിക്കുകയുണ്ടായി.

തോട്ടകൃഷി സംഘങ്ങൾ, കരിമ്പുകൃഷി സംഘങ്ങൾ, ക്ഷീര കർഷക സംഘങ്ങൾ തുടങ്ങി വിവിധ സംഘങ്ങളിലെ തൊഴിലാളികളുടെ പേരിൽ അക്കൗണ്ടു തുറക്കാൻ RBI ബാങ്കുകളോട് നിർദ്ദേശിക്കുകയും അങ്ങനെ തൊഴിലാളികൾക്ക് സുഗമമായി വേതനം ലഭിക്കാനുള്ള സാഹചര്യമൊരുക്കുകയും ചെയ്തു. ബാങ്കു ബ്രാഞ്ചുകൾ ഇല്ലാത്ത പ്രദേശങ്ങളിൽ മൊബൈൽ വാൻ ഉപയോഗിച്ച് നോട്ട് കൈമാറുന്നതിനും പണം നിക്ഷേപിക്കുന്നതിനും പിൻവലിക്കുന്നതിനും വേണ്ട ഏർപ്പാടുകൾ ചെയ്യാനും നിർദ്ദേശിച്ചു. കർഷകർക്ക് അവരുടെ നിക്ഷേപ/ലോൺ അക്കൗണ്ടിൽ നിന്നും ആഴ്ചയിൽ 25,000 രൂപ പിൻവലിക്കാനും അനുവദിച്ചു. ചില ബാങ്കുകളിൽ ആവശ്യത്തിന് നോട്ടില്ല എന്ന പരാതി ഉയർന്നപ്പോൾ, കറൻസി ചെസ്റ്റിൽ നിന്നും എല്ലാ ബാങ്കുകൾക്കും തുല്യമായി നോട്ടു വിതരണം ചെയ്യുന്നതിനു വേണ്ട നടപടിയെടുത്തു.

നവംബർ 24 മുതൽ ആഴ്ചയിൽ പിൻവലിക്കാവുന്ന തുകയുടെ പരിധി 24,000 രൂപയിൽ നിന്നും അക്കൗണ്ടിൽ നിക്ഷേപിച്ച തുകയായി ഉയർത്തി. പഴയ നോട്ടുകൾ കൈമാറാൻ ലഭിച്ച സൗകര്യം ദുരുപയോഗം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ട RBI, ഒരാൾക്ക് കൈമാറ്റം ചെയ്യാവുന്ന നോട്ടിന്റെ പരിധി 2000 ആയി ചുരുക്കുകയും, നോട്ട് കൈമാറുന്ന വ്യക്തിയുടെ കൈവിരലിൽ മഷി പുരട്ടാൻ നിർദ്ദേശിക്കുകയും ചെയ്തു.

### ATM വഴിയുള്ള പണം പിൻവലിക്കൽ

വലിപ്പ വ്യത്യാസമുള്ള പുതിയ 2000 ന്റെയും 500 ന്റെയും നോട്ടുകൾ വിതരണം ചെയ്യാൻ തക്കവണ്ണം ATM കൾ സജ്ജമാക്കുന്നതിനായി നവംബർ 9-ാം തീയതി എല്ലാ ATM കളും അടച്ചിട്ടു. ATM കളിൽ നിന്നും നവംബർ 18 വരെ 2000 രൂപയും നവം

ബർ 19 മുതൽ 4000 രൂപ വരെയും കാർഡുടമയ്ക്ക് പിൻവലിക്കാമെന്ന് RBI അറിയിച്ചു. ATM കൾക്ക് മുമ്പിൽ വലിയ ക്യൂവുണ്ടാവുകയും പണം പെട്ടെന്ന് തീരുകയും ചെയ്ത സാഹചര്യത്തിൽ, പിൻവലിക്കാവുന്ന തുക 2500 രൂപയായി പരിമിതപ്പെടുത്തി.

പ്രതീക്ഷിച്ച വേഗത്തിൽ ATM കൾ സജ്ജമാക്കാൻ കഴിയാതെ വന്നപ്പോൾ, നവംബർ 14ന്, RBI ഡെപ്യൂട്ടി ഗവർണറായ എസ്.എസ്. മുന്ദ്രയുടെ നേതൃത്വത്തിൽ ഒരു കർമ്മസേന രൂപീകരിക്കുകയും ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തു. അതുപോലെ മറ്റു ബാങ്കുകളുടെ ATM ഉപയോഗിക്കുമ്പോൾ ഈടാക്കിയിരുന്ന സചാർജ് ഡിസംബർ 30 വരെ വെണ്ടെന്നു വയ്ക്കാനും തീരുമാനിച്ചു.

### ഇതര മാർഗങ്ങളുടെ പ്രോത്സാഹനം

ആവശ്യത്തിനു നോട്ടുകൾ ലഭ്യമാക്കാൻ പുതിയ നോട്ടുകളുടെ അച്ചടി ത്വരിതപ്പെടുത്തിയതോടൊപ്പം പണമിടപാടിനുള്ള ഇതര മാർഗങ്ങളായ Prepaid Cards, Rupay/Credit/Debit Cards, Mobile Banking, Internet Banking തുടങ്ങിയവ ഉപയോഗിക്കാൻ പൊതുജനങ്ങളോട് RBI ആഹ്വാനം ചെയ്തു. Point of Sale (POS) ൽ നിന്നും പിൻവലിക്കാവുന്ന പണം എല്ലാ സെന്ററുകളിലും 2000 രൂപയായി ഏകീകരിക്കുകയും ചെയ്തു. ഇ-വാലറ്റുകളുടേയും മറ്റു Prepaid Payment Instrument (PPI) കളുടേയും ഉപയോഗം പ്രോത്സാഹിപ്പിക്കപ്പെടുകയും Semi Closed PPI യുടെ പരിധി 10,000 രൂപയിൽ നിന്നും 20,000 രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തു. KYC PPI യിലെ ബാലൻസ് ഒരു ലക്ഷം രൂപയായി തുടരാനും അനുവദിച്ചു.

വിദേശ വിനോദ സഞ്ചാരികൾക്ക് വിദേശ കറൻസിക്കു പകരമായി Prepaid Payment Instruments നൽകാൻ ബാങ്കുകളോടും മറ്റു ധനകാര്യ സേവന സ്ഥാപനങ്ങളോടും നിർദ്ദേശിക്കുകയുണ്ടായി.

### മറ്റു നിർദ്ദേശങ്ങൾ

ബാങ്കുകളുടെ സുഗമമായ പ്രവർത്തനം ഉറപ്പുവരുത്തുവാനും പൊതുജനങ്ങളുടെ ആശങ്കയകറ്റാനും RBI സത്വര നടപടിയെടുക്കുകയുണ്ടായി. ഉദാഹരണത്തിന് ബാങ്കുകളുടെ ജോലിഭാരം കുറയ്ക്കുന്നതിന് വിരമിച്ച ഉദ്യോഗസ്ഥരുടെ സേവനം പ്രയോജനപ്പെടുത്താൻ RBI നിർദ്ദേശിച്ചു. പൊതുജനം ആശങ്കപ്പെടേണ്ട കാര്യമില്ലെന്നും ആവശ്യത്തിന് നോട്ടുകൾ ലഭ്യമാക്കുമെന്നു RBI പത്രക്കുറിപ്പിറക്കി. സാധാരണക്കാരുടെ ബാങ്ക് അക്കൗണ്ടു വഴിയും JanDhan Yojana അക്കൗണ്ടു വഴിയും കള്ളപ്പണം വെളുപ്പിക്കാൻ ശ്രമിക്കുന്നുണ്ടെന്നും മനസ്സിലാക്കി, അത്തരക്കാർക്കെതിരെ ശിക്ഷാ നടപടി സ്വീകരിക്കുമെന്നും അനധികൃതമായ നിക്ഷേപങ്ങൾ കണ്ടുകെട്ടുമെന്നും RBI മുന്നറിയിപ്പു നൽകി.

നവംബർ 25-ന് ബാങ്കുകൾ വഴി പഴയ നോട്ടുകൾ കൈമാറ്റം ചെയ്യുന്നത് അവസാനിപ്പിച്ചെങ്കിലും, RBI യുടെ കൗണ്ടറുകൾ വഴി ഈ സൗകര്യം തുടർന്നും ലഭ്യമാക്കി. ഇടപാടുകാരുടെ ബാങ്കു ലോക്കറുകൾ പരിശോധിക്കാൻ RBI നിർദ്ദേശിച്ചതായി ചില സാമൂഹ്യ മാധ്യമങ്ങളിൽ വന്ന റിപ്പോർട്ടുകൾ തെറ്റാണെന്നും, ഔദ്യോഗിക വെബ്സൈറ്റിൽ വരുന്ന വാർത്തകൾ മാത്രമേ വിശ്വസിക്കാവൂ എന്നും RBI, ഡിസംബർ 1-ാം തീയതി പൊതുജനങ്ങളെ അറിയിക്കുകയുണ്ടായി.

### പ്രതീക്ഷിക്കുന്ന പ്രയോജനങ്ങൾ

നോട്ട് പിൻവലിക്കൽ നടപടി നമ്മുടെ സമ്പദ്ഘടനയിലുണ്ടാക്കുന്ന ദൂരവ്യാപക സ്വാധീനമെന്തെന്ന് ഇപ്പോൾ പ്രവചിക്കുക അസാദ്ധ്യമാണ്. ഇതു സംബന്ധിച്ച് പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ താല്ക്കാലികമാണെന്നും, സർക്കാർ തുടങ്ങിവച്ച കള്ളപ്പണത്തിനെതിരെയുള്ള നടപടികൾ ഭാവിയിൽ അഭിലഷണീയമായ പല മാറ്റങ്ങളുമുണ്ടാക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**നിക്ഷേപം വർദ്ധിക്കും:** പിൻവലിച്ച നോട്ടുകൾ കൈവശമുള്ള വ്യക്തികളും സ്ഥാപനങ്ങളും അവ ബാങ്കിൽ നിക്ഷേപിക്കാൻ നിർബ്ബന്ധിതരായിരിക്കുകയാണ്. പിൻവലിച്ച 15.44 ലക്ഷം കോടി രൂപയിൽ ഏതാണ്ട് 13 ലക്ഷം കോടി രൂപ ഡിസംബർ 3-ാം വാരത്തോടെ ബാങ്കുകളിലെത്തിക്കഴിഞ്ഞു. നിക്ഷേപം പണമായി തിരിച്ചെടുക്കുന്നതിനുള്ള നിയന്ത്രണം നിലനിൽക്കുന്നതു കൊണ്ടും ഇലക്ട്രോണിക് ഇടപാടുകൾ പ്രോത്സാഹിപ്പിക്കപ്പെടുന്നതു കൊണ്ടും ഈ പണത്തിന്റെ സിംഹഭാഗവും നിക്ഷേമായി ബാങ്കുകളിൽത്തന്നെയുണ്ടാവും. വർദ്ധിച്ച നിക്ഷേപം ബാങ്കുകളുടെ പ്രവർത്തനത്തെ ഗുണപരമായി സ്വാധീനിക്കും.

**പലിശനിരക്കു കുറയും:** നിക്ഷേപവർദ്ധന ബാങ്കുകളുടെ പണലഭ്യത (liquidity) മെച്ചപ്പെടുത്തും. ഇത് നിക്ഷേപത്തിന്റെയും വായ്പയുടേയും പലിശനിരക്കു കുറയ്ക്കാൻ ഇടയാക്കും. കുറഞ്ഞ ചെലവിൽ വായ്പ ലഭിക്കുന്നത് വ്യവസായ വളർച്ചയെ ത്വരിതപ്പെടുത്തും.

**കള്ളപ്പണത്തിന്റെ സ്വാധീനം കുറയും:** നോട്ടു പിൻവലിക്കലോടെ വെളിപ്പെടുത്താത്തതും നികുതി നൽകിയിട്ടില്ലാത്തതുമായ പണം കൈവശമുള്ളവരെ പിന്തുടരുന്നതും നിരീക്ഷിക്കുന്നതും കൂടുതൽ സുഗമമായി. നികുതി നൽകി കള്ളപ്പണം വെളുപ്പിക്കാൻ ബന്ധപ്പെട്ടവർ നിർബന്ധിതരാകും. വെളിപ്പെടുത്താതെ കള്ളപ്പണമായി സൂക്ഷിച്ചാൽ മൂല്യം മുഴുവനും നഷ്ടമാവും. നോട്ടു പിൻവലിക്കൽ കള്ളപ്പണക്കാരിൽ ഒരു മാനസികാഘാതം സൃഷ്ടിച്ചിട്ടുണ്ട്. വ്യക്തികൾക്ക് കള്ളപ്പണം സൂക്ഷിക്കാനുള്ള പ്രചോദനവും പ്രേരണയും ഇല്ലാതാവും. തീവ്രവാദമുൾപ്പെടെയുള്ള നിയമവിരുദ്ധ പ്രവർത്തനങ്ങൾക്ക് കള്ളപ്പണവും കള്ളനോട്ടും വൻതോതിൽ ഉപയോഗിക്കുന്നതായി റിപ്പോർട്ടുണ്ട്. നോട്ട് പിൻവലിക്കൽ ഇത്തരം പ്രവർത്തനങ്ങളെ തടയുന്നതിന് സഹായകമാണ്. നവംബർ 8നു ശേഷം കാശ്മീർ താഴ്‌വരയിലെ വിഘടനവാദ പ്രവർത്തനങ്ങൾ കുറഞ്ഞിട്ടുണ്ട്. ഇത് നോട്ട് പിൻവലിച്ചതിന്റെ ഗുണഫലമായാണ് വിലയിരുത്തപ്പെടുന്നത്.

**നികുതി വരുമാനം വർദ്ധിക്കും:** കള്ളപ്പണത്തിന്റെ സ്വാധീനം കുറയുകയും ഇടപാടുകൾ ഔപചാരികമായ മാർഗ്ഗത്തിലൂടെയാവുകയും ചെയ്യുമ്പോൾ സർക്കാരിന്റെ പ്രത്യക്ഷ-പരോക്ഷ നികുതി വരുമാനം വർദ്ധിക്കും. സമാന്തര സമ്പദ്ഘടന ക്രമേണ ഇല്ലാതാകും. നികുതി വർദ്ധനയ്ക്കനുസൃതമായി നികുതി നിരക്കുകൾ കുറയ്ക്കുമെന്നുള്ള ഒരു സൂചന ധനമന്ത്രി തന്നെ നൽകുകയുണ്ടായി.

**സാമ്പത്തിക അച്ചടക്കം:** നോട്ടു പിൻവലിക്കലും തുടർന്നുണ്ടായ സംഭവവികാസങ്ങളും പണം കരുതലോടെ വിനിയോഗിക്കാൻ ആൾക്കാരെ പ്രേരിപ്പിക്കുന്നുണ്ട്. അനാവശ്യ ചെലവുകൾ ഒഴിവാക്കി, സാമ്പത്തിക അച്ചടക്കം പാലിക്കുന്നത് പണപ്പെരുപ്പവും വിലക്കയറ്റവും കുറയാൻ ഇടയാക്കും. തന്മൂലം ഫലപ്രദമായി ധനനയം രൂപീകരിക്കുന്നതിനും നടപ്പാക്കുന്നതിനും RBIയ്ക്കു കഴിയും.

**ഇടപാടുകളുടെ സ്വഭാവം മാറും:** വ്യക്തികൾ പണം കൈകാര്യം ചെയ്യുന്ന രീതിയിൽ സാരമായ മാറ്റമുണ്ടാവുന്നുണ്ട്. Digital payments പ്രോത്സാഹിപ്പിക്കപ്പെടുകയാണ്. പണം ആധാരമായ സമ്പദ്ഘടനയിൽ നിന്നും ക്രമേണ ഒരു കറൻസിരഹിത സമ്പദ്ഘടന (Cashless Economy) യായി ഭാരതം മാറും. മൊബൈൽ ഫോൺ വഴിയും ഇന്റർനെറ്റ് വഴിയും, ഡെബിറ്റ്/ക്രെഡിറ്റ് കാർഡു വഴിയും ഇ-വാലറ്റു വഴിയും ഒക്കെ പണമിടപാടു നടത്താൻ സാധാരണക്കാർ കൂടി പഠിക്കാൻ തുടങ്ങിയിട്ടുണ്ട്. ബാങ്ക് അക്കൗണ്ടും ആധാർകാർഡും ബന്ധിപ്പിച്ച് മൊബൈൽ ഫോൺ വഴിയും പണം കൈമാറുകയാണിപ്പോൾ. ഈ മാറ്റം രാജ്യത്തിന്റെ ധന മാനേജ്മെന്റിൽ ഗുണപരമായ വ്യതിയാനമുണ്ടാക്കും.

**ഭൂമിയുടെ വിലകുറയും:** 2000–ാമാണ്ടിനുശേഷം Real Estate മേഖലയിലുണ്ടായ വിലക്കയറ്റം കള്ളപ്പണത്തിന്റെ സ്വാധീനത്താലാണെന്ന് വിലയിരുത്തപ്പെടുന്നു. ഭൂമിയുടെ വിലയിലുണ്ടായ അമിത വർദ്ധന പുതിയ വ്യവസായ ആവശ്യങ്ങൾക്കും പാർപ്പിട നിർമ്മാണത്തിനും വേണ്ടി ഭൂമിവാങ്ങുന്നവർക്ക് താങ്ങാനാവാത്ത ഭാരമുണ്ടാക്കി. കള്ളപ്പണക്കാർ മാത്രം ഭൂമി വാങ്ങിക്കൂട്ടുന്ന സാഹചര്യമുണ്ടായി. നോട്ടു നിരോധനവും തുടർ നടപടികളും കള്ളപ്പണം ഗണ്യമായി കുറയുന്നതിനും താരതമ്യേന കുറഞ്ഞ ചെലവിൽ സാധാരണക്കാർക്ക് ഭൂമിയും വീടും സ്വന്തമാക്കുന്നതിനും ഇടവരുത്തും.

നോട്ട് പിൻവലിക്കലിന്റെ തുടർച്ചയായി ബിനാമി ഇടപാടുകളുൾപ്പെടെയുള്ള മറ്റു മേഖലകളിലേക്ക് സർക്കാരിന്റെ ശ്രദ്ധയുണ്ടാകുമെന്നാണ് കരുതപ്പെടുന്നത്. വരുമാന നികുതിവകുപ്പും, RBIയും Enforcement Directorate ഉം സഹകരിച്ചു പ്രവർത്തിച്ചാൽ കള്ളപ്പണം വൻതോതിൽ കണ്ടെത്താൻ കഴിയും. സർക്കാരിന്റെ നികുതി വരുമാനവും ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപവും വർദ്ധിക്കും. ഈ പണം അഭികാമ്യമായ മേഖലകളിലേക്ക് തിരിച്ചുവിട്ടാൽ വളർച്ചാനിരക്ക് ഗണ്യമായി ഉയരും.

*(സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ (SEBI) യുടെ ധനകാര്യ വിദ്യാഭ്യാസ പരിശീലകനാണ് ലേഖകൻ)*

# കറൻസിരഹിത പണമിടപാടുകൾ: രീതികളും സാധ്യതകളും

പ്രഭിഷ എ.ടി

കറൻസി ഉപയോഗം കുറയ്ക്കുന്നതിനായി പ്രധാനമായും അഞ്ച് തരത്തിലുള്ള ഡിജിറ്റൽ പേയ്മെന്റ് സംവിധാനങ്ങളാണ് കേന്ദ്രസർക്കാർ കൊണ്ടു വന്നിരിക്കുന്നത്. യു.പി. ഐ (UPI), യു.എസ്.എസ്.ഡി (USSD), ഇ-വാലറ്റ് (E-Wallet), എ.ഇ.പി.എസ് (AEPS), കാർഡ്/പി.ഒ.എസ്(POS) എന്നിവയാണവ.

## 1. യൂണിഫൈഡ് പേയ്മെന്റ് ഇന്റർഫേസ് (UPI):

സമാർട്ട് ഫോൺ വഴി ബാങ്ക് അക്കൗണ്ടുകൾ തമ്മിലുള്ള പണം കൈമാറ്റൽ പ്രക്രിയ സുഗമമാക്കുന്നതിനായി നാഷണൽ പേമെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യ(NPCI)യും റിസർവ് ബാങ്കും ചേർന്ന് തയ്യാറാക്കിയ ഒരു ഏകീകൃത ആപ്ലിക്കേഷനാണ് യു.പി.ഐ. ഒരു ബാങ്ക് അക്കൗണ്ട് നമ്പറും ബാങ്കിൽ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറും ആധാർ നമ്പറും ഉണ്ടെങ്കിൽ സ്മാർട്ട്ഫോണിൽ ബാങ്കിന്റെ യു.പി. ഐ ആപ് ഇൻസ്റ്റാൾ ചെയ്ത് ഒരു വെർച്വൽ ഐ.ഡി. ഉണ്ടാക്കി അതു മുഖേന മറ്റു ബാങ്കുകളുടെ യു.പി.ഐ. ആപ്പിലേക്ക് പണമിടപാട് നടത്താൻ ഈ സംവിധാനം സഹായിക്കുന്നു. പണം കിട്ടേണ്ട ആൾക്കു കൂടി യു.പി.ഐ. ആപും യുണിക് ഐ.ഡിയും ഉണ്ടായിരിക്കുകയും, ആ ഐ.ഡി നമ്മുടെ ആപിൽ ഉൾപ്പെടുത്തുകയും ചെയ്തതിനു ശേഷം, അയക്കേണ്ട തുക രേഖപ്പെടുത്തി 'അയക്കുക' എന്ന ബട്ടൺ അമർത്തുന്നതോടെ പണമിടപാട് ഉറപ്പുവരുത്താൻ ഒരു പിൻ നമ്പർ ലഭിക്കുന്നു. പണം കിട്ടേണ്ടയാൾക്ക് അയാളുടെ യു.പി.ഐ ആപ് വഴി പണമെത്തിയോ എന്ന് പരിശോധിക്കാവുന്നതാണ്. പരമാവധി ഒരു ലക്ഷം രൂപ വരെ യു.പി.ഐ. ആപ് വഴി കൈമാറ്റം ചെയ്യാം. നിലവിൽ 17 ബാങ്കുകൾ യു.പി.ഐ. പുറത്തിറക്കുകയും, ചില ബാങ്കുകൾ അവരുടെ ആപുകൾ തയ്യാറാക്കി വരുകയുമാണ്.

## 2. അൺസ്ട്രക്ചേഡ് സപ്ലിമെന്ററി സർവ്വീസ് ഡാറ്റ (USSD):

എൻ.പി.സി.ഐ (NPCI) യുടെ നാഷണൽ യൂണിഫൈഡ് യു.എസ്.എസ്.ഡി. പ്ലാറ്റ്ഫോം വഴി പഴയഫോണിൽ തന്നെ മൊബൈൽ ബാങ്കിങ് സേവനം സാധ്യമാക്കുന്ന സംവിധാനമാണ് യു.എസ്.എസ്.ഡി. ഇതിനായി സ്മാർട്ട്ഫോണോ ഇന്റർനെറ്റ് കണക്ഷനോ, പ്രത്യേകം ആപ്ലിക്കേഷനുകളോ ആവശ്യമില്ല. ജി.എസ്.എം. നെറ്റ്വർക്കിൽ പ്രവർത്തിക്കുന്ന എല്ലാ ഫോണുകളിലും *99# എന്ന കോഡ് അമർത്തി ബാങ്ക് സേവനം ലഭ്യമാക്കാവുന്നതും ഇതിനായി മൊബൈൽ നമ്പർ ബാങ്കിൽ രജിസ്റ്റർ ചെയ്ത് മൊബൈൽ ബാങ്കിങ് ഐഡി (MMID) യും പേഴ്സണൽ ഐഡി നമ്പറും (MPIN) എടുക്കേണ്ടതാണ്. ശേഷം ഇതേ നമ്പറുള്ള ഫോണിൽ നിന്നും *99# അമർത്തി കോൾ ചെയ്താൽ വരുന്ന സ്ക്രീനിൽ ബാങ്കിന്റെ ചുരുക്കപ്പേരോ (ഉദാ: SBI) ഐ.എഫ്. എസ്.കോഡിന്റെ ആദ്യ നാലക്ഷരങ്ങളോ നൽകിയാൽ യു.എസ്.എസ്.ഡി മൊബൈൽ ബാങ്കിങിലേക്ക് പ്രവേശിക്കാം. ശേഷം വിവിധ ഓപ്ഷനുകളും അതിനോട് ചേർന്ന നമ്പറുകളും മൊബൈൽ സ്ക്രീനിൽ തെളിഞ്ഞാൽ ആവശ്യമായ ഓപ്ഷനു നേരെയുള്ള നമ്പർ അമർത്തി ആ സേവനം ലഭ്യമാക്കാവുന്നതാണ്. ഉദാഹരണമായി, 1 അമർത്തിയാൽ ബാലൻസ് തുക എത്രയെന്നറിയാം. 2 അമർത്തിയാൽ മിനിസ്റ്റേറ്റ്മെന്റ് എടുക്കാം, എന്നിങ്ങനെ. നിലവിൽ പ്രതിദിനം 5000 രൂപ വരെ കൈമാറ്റം ചെയ്യാനുള്ള സേവനം യു.എസ്.എസ്.ഡി. വഴി ലഭ്യമാണ്.

## 3. ഇ-വാലറ്റ് (E-Wallet):

നമ്മുടെ കയ്യിലെ മണിപേഴ്സിനു സമാനമായി സ്മാർട്ട് ഫോണിലൂടെ പണം കൈമാറ്റം ചെയ്യാനുള്ള ഓൺലൈൻ സംവിധാനമാണ് ഇ-വാലറ്റ്. ഇതിനായി

ഗൂഗിൾ പ്ലേസ്റ്റോറിൽ നിന്നും ഇ-വാലറ്റ് ആപ്ലിക്കേഷൻ (ഉദാ. പേടിഎം, എസ്.ബി.ഐ. ബഡി) ഇൻസ്റ്റാൾ ചെയ്ത് മൊബൈൽ നമ്പറോ ഇമെയ്ൽ ഐഡിയോ പാസ്‌വേഡോടു കൂടി നൽകി രജിസ്റ്റർ ചെയ്തതിനുശേഷം ലോഗിൻ ചെയ്യാം. ശേഷം ഇന്റർനെറ്റ് ബാങ്കിങ്ങോ, ഡെബിറ്റ്/ക്രെഡിറ്റ് കാർഡോ വഴി ഇ-വാലറ്റിലേക്ക് പണം നിറച്ചാൽ ഇത് പ്രവർത്തന സജ്ജമായിക്കഴിഞ്ഞു. ഇ-വാലറ്റ് വഴി റീച്ചാർജിംഗ്, ബിൽ പേമെന്റ്, ടിക്കറ്റ് ബുക്കിംഗ്, പണം അയക്കൽ, ഓൺലൈൻ ഷോപ്പിംഗ് തുടങ്ങിയ സേവനങ്ങൾ ആകർഷമായ ഡിസ്കൗണ്ട്/കാഷ് ബാക്ക് ഓഫറുകളിലൂടെ എളുപ്പത്തിൽ ചെയ്യാവുന്നതാണ്. ഉപഭോക്താവിന്റെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ നൽകേണ്ടി വരുന്നില്ല എന്നത് ഒരു ശ്രദ്ധേയമായ കാര്യമാണ്. പരമാവധി 50,000 രൂപ വരെ ബാങ്ക് അക്കൗണ്ടിൽ നിന്നും ഇ-വാലറ്റിലേക്ക് നിറയ്ക്കാനും 20,000 രൂപ വരെ വാലറ്റു വഴി ചിലവഴിക്കാനും സാധ്യമാണ്. പണം അയക്കുന്ന ആളിനും പണം കിട്ടേണ്ട ആളിനും ഒരേ കമ്പനിയുടെ ഇ-വാലറ്റ് വേണമെന്നുള്ളത് നിർബന്ധമുള്ള കാര്യമാണ്. ആയതിനാൽ നേരിട്ട് പണം നൽകുന്നതിനു പകരം ആപ് തുറന്ന് രൂപ എത്രയെന്നു രേഖപ്പെടുത്തി അയച്ചുകൊടുത്താൽ മതിയാകും. എത്ര ചെറിയ തുകയും ആർക്കും തൽക്ഷണം അയക്കാം എന്നത് ഇ-വാലറ്റിന്റെ ഒരു പ്രത്യേകതയാണ്. സെമി-ക്ലോസ്ഡ് വിഭാഗത്തിലുള്ള ഇ-വാലറ്റുകൾ ചെറിയ കമ്മീഷൻ വ്യവസ്ഥയിൽ പണം തിരികെ ബാങ്ക് അക്കൗണ്ടിലേക്ക് ചേർക്കാനുള്ള സേവനവും നൽകുന്നുണ്ട്. ഇ-വാലറ്റ് പാസ്‌വേഡ് ആർക്കും പറഞ്ഞു കൊടുക്കാതിരിക്കുക, ഫോൺ സുരക്ഷിതമായി സൂക്ഷിക്കുക എന്നീ കാര്യങ്ങൾ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. പേടിഎം (Paytm), എസ്.ബി.ഐ ബഡി, മൊബിക്വിക്ക്, ഓക്സിജൻ, ഫ്രീചാർജ്ജ്, ജിയോമണി, എയർടെൽ മണി, ഐഡിയ ഇ-വാലറ്റ് തുടങ്ങിയവ പ്രമുഖ ഇ-വാലറ്റ് കമ്പനികളാണ്.

### 4. ആധാർ എനേബിൾഡ് പേമെന്റ് സിസ്റ്റം (AEPS):

ആധാർ കാർഡുള്ള വ്യക്തികൾക്ക് അനായാസം ഉപയോഗിക്കാവുന്ന ഒരു ഇ-പേമെന്റ് സംവിധാനമാണ് AEPS. ബയോമെട്രിക് സ്കാനിംഗ് സംവിധാനത്തോടു കൂടിയ ആൻഡ്രോയിഡ് ഫോണുള്ള ഒരാൾക്ക് മൈക്രോ എ.ടി.എമ്മിന്റെ സഹായത്തോടെ ഇടപാടുകാരുടെ ആധാർ നമ്പറും വിരലടയാളവും ഉപയോഗിച്ച് പണമിടപാട് നടത്താനുള്ള സൗകര്യമാണ് ഈ ആപ് നൽകുന്നത്. വ്യാപാരികൾ ഈ ആപ് ഡൗൺലോഡ് ചെയ്തു കഴിഞ്ഞാൽ ബാങ്ക് അക്കൗണ്ടുമായി ആധാർ ബന്ധിപ്പിച്ചിട്ടുള്ള ഒരു ഉപഭോക്താവിന്റെ ബയോമെട്രിക് വിവരങ്ങൾ ഈ ആപ് വഴി പരിശോധിച്ച് പണം കൈമാറ്റം ചെയ്യാനാകും. ഡിജിറ്റൽ ഇന്ത്യയുടെ ഭാഗമായി നീതി ആയോഗിന്റെ സഹായത്തോടെയാണ് ഈ ആപ് വികസിപ്പിച്ചെടുത്തിട്ടുള്ളത്. സമൂഹത്തിലെ താഴെത്തട്ടിലുള്ളവർക്ക് എപ്പോഴും എവിടെയും ബാങ്കിങ് സേവനം ലഭ്യമാക്കാം എന്ന ഉറപ്പു നൽകാൻ ഈ സംവിധാനത്തിനാകുമെന്നാണ് നിർമ്മാതാക്കളുടെ വാദം. ജനങ്ങളിൽ നിന്ന് ചാർജ് ഈടാക്കാതെ മൈക്രൊ എ.ടി.എമ്മുകളുടെ സഹായത്തോടെ ആധാർ ബന്ധിപ്പിച്ചിട്ടുള്ള എല്ലാ ക്ഷേമ പദ്ധതികളും ഗ്രാമത്തിനകത്തു തന്നെ ലഭ്യമാക്കുന്ന രീതിയിലുള്ള വൻ സൗകര്യമാണ് ഈ ആപ് കൊണ്ടു വരാൻ പോകുന്നതെന്നും പറയപ്പെടുന്നു.

### 5. കാർഡ്സ്, പോയിന്റ് ഓഫ് സെയിൽസ് (POS):

ഡെബിറ്റ് കാർഡ്, ക്രെഡിറ്റ് കാർഡ്, പ്രീപെയ്ഡ് കാർഡ് എന്നിങ്ങനെ മൂന്നുതരത്തിലുള്ള കാർഡുകളാണ് ഡിജിറ്റൽ പണമിടപാടുകൾക്ക് ഉപയോഗിക്കുന്നത്. ബാങ്ക് നൽകുന്ന അക്കൗണ്ടിനൊപ്പം എ.ടി.എമ്മിൽ നിന്നും പണമെടുക്കാൻ ബാങ്ക് നൽകുന്ന കാർഡാണ് ഡെബിറ്റ് കാർഡ്. ബാങ്കിനു പുറമെ മറ്റു സ്ഥാപനങ്ങളും നൽകുന്ന, അക്കൗണ്ടിൽ പണമില്ലാതെ തന്നെ ഷോപ്പിങ്ങിന് ഉപയോഗിക്കാവുന്ന, കൂടുതൽ പലിശ നൽകി കൊണ്ട് എ.ടി.എം. വഴിയും പണം പിൻവലിക്കാനുപയോഗിക്കാവുന്ന കാർഡാണ് ക്രെഡിറ്റ് കാർഡ്. പ്രീപെയ്ഡ് മൊബൈൽ കാർഡിനു തുല്യമായ രീതിയിൽ മുൻകൂട്ടി പണം നിറയ്ക്കാവുന്ന സൗകര്യത്തോടെ, അക്കൗണ്ടുകളുടെ സഹായമില്ലാതെ ബാങ്കുകൾ നൽകുന്നതാണ് പ്രീപെയ്ഡ് കാർഡ്. '*പ്ലാസ്റ്റിക് മണി*' എന്നു കൂടിയറിയപ്പെടുന്ന ഈ കാർഡുകൾ ഉപയോഗിച്ച് ടിക്കറ്റ് ബുക്കിങ്, ഓൺലൈൻ ഷോപ്പിംഗ്, മൊബൈൽ റീചാർജിങ്, കടകളിൽ നിന്നും സാധനങ്ങൾ വാങ്ങൽ(പിഒഎസ്) എന്നിങ്ങനെയുള്ള ഇട

പാടുകളെല്ലാം നടത്താനാകും. സൈ്വപ്പിങ് മെഷീൻ മുഖേന സൂപ്പർമാർക്കറ്റ് മുതൽ ചെറുകിട കടകളിൽ വരെ നേരിട്ട് പണം നൽകാതെ ഈ കാർഡുകൾ മുഖേന ഷോപ്പിംഗ് നടത്താനുള്ള സംവിധാനമാണ് പിഒഎസ്. സൈ്വപ്പിംഗ് മെഷീനിൽ കാർഡ് സൈ്വപ്പ് ചെയ്ത് നൽകേണ്ട രൂപയും അക്കൗണ്ടിന്റെ തരവും രേഖപ്പെടുത്തി കാർഡിന്റെ പിൻ നമ്പർ നൽകിയാൽ പണമിടപാട് നടക്കുകയും ബില്ല് ലഭിക്കുകയും രജിസ്റ്റർ ചെയ്ത ഫോൺ നമ്പറിലേക്ക് എസ്.എം.എസ്. എത്തുകയും ചെയ്യും. കാർഡ് സൈ്വപ്പ് ചെയ്താൽ ബാക്കി പണം ഉപഭോക്താവിന് നൽകാനുണ്ടെങ്കിൽ അത് കാശായി നൽകാൻ കടയുടമ തയ്യാറാവണമെന്നു മാത്രം. പിൻ നമ്പർ ആർക്കും കൈമാറാതിരിക്കുക, അപരിചിത നമ്പറുകളിൽ നിന്ന് കാർഡുമായി ബന്ധപ്പെട്ട രേഖകൾ ചോദിച്ചുകൊണ്ടുള്ള കോളുകൾക്ക് വിവരങ്ങൾ കൈമാറാതിരിക്കുക, 3 മാസം കൂടുമ്പോൾ പിൻ നമ്പർ മാറ്റുക എന്നിവ വളരെയേറെ ശ്രദ്ധ നൽകേണ്ട കാര്യങ്ങളാണ്.

## ഭീം (BHIM) ആപ്:

മൊബൈൽ നമ്പർ ഉപയോഗിച്ച് ബാങ്ക് അക്കൗണ്ടുകൾ തമ്മിൽ പണമിടപാട് നടത്താൻ സഹായിക്കുന്ന ഒരു യു.പി.ഐ ആപ് ആണ് ഭാരത് ഇന്റർഫേസ് ഫോർ മണി അഥവാ ഭീം ആപ്. 2016 ഡിസംബർ 30-ന് ഡൽഹിയിൽ തൽകോട്ടറയിൽ നടന്ന ഡിജിറ്റൽ ധനമേളയിൽ വച്ചാണ് പ്രധാനമന്ത്രി ഈ ആപ് പുറത്തിറക്കിയത്. ഭരണഘടനാ ശിൽപിയായ ഡോ. ഭീം റാവു അംബേദ്കറിന്റെ സ്മരണാർത്ഥമാണ് ഈ ആപ് തുടങ്ങിയിരിക്കുന്നത്. ഇത് ഉപയോഗിക്കാനായി ഗൂഗിൾ പ്ലേസ്റ്റോറിൽ നിന്നും എൻ.പി.സി.ഐ.യുടെ ഭീം ആപ് ഡൗൺലോഡ് ചെയ്തെടുത്ത് ബാങ്ക് അക്കൗണ്ടുമായി ബന്ധിപ്പിച്ചിട്ടുള്ള മൊബൈൽ നമ്പർ മുഖേന യു.പി.ഐ. പിൻ നമ്പർ സെറ്റ് ചെയ്യുക. തുടർന്ന് ഉപഭോക്താവിന്റെ ബാങ്ക് തിരഞ്ഞെടുത്ത് എ.ടി.എം കാർഡിന്റെ അവസാന ആറ് അക്കങ്ങളും കാലാവധി തീയതിയും നൽകിയാൽ ഒരു വൺടൈം പാസ്‌വേഡ് ലഭിക്കും. ശേഷം ബാങ്ക് അക്കൗണ്ടിന്റെ അവസാന നാലക്കങ്ങളും ഐ.എഫ്.എസ് കോഡും പേജിൽ സ്വമേധയാ വന്നുകഴിഞ്ഞാൽ ഭീം ആപ് ഉപയോഗയോഗ്യമായി. നിലവിൽ 30-ൽ കൂടുതൽ ബാങ്കുകൾ ഭീം സേവനം നൽകുന്നുണ്ട്. ഭീം ആപ് വഴി ഒറ്റത്തവണ 10000 രൂപ വരെയും ഒരു ദിവസം 20000 രൂപ വരെയും പണമിടപാടുകൾ നടത്താൻ എളുപ്പം സാധിക്കും.

## കറൻസി രഹിത പണമിടപാടുകളിലേയ്ക്കുള്ള കാൽവെയ്പുകൾ:

ലോകം ഡിജിറ്റൽ പണമിടപാടുകൾക്ക് സാക്ഷ്യം വഹിക്കുമ്പോൾ കറൻസിരഹിത ഇടപാടുകളിൽ ഏറ്റവും മുൻനിരയിൽ നിൽക്കുന്ന രാജ്യം ബെൽജിയം (93%) ആണ്. തുടർന്ന് രണ്ടും മൂന്നും സ്ഥാനങ്ങളിൽ ഫ്രാൻസും (92%) കാനഡയും (90%) വരുന്നു. ഇന്ത്യയുടെ കാര്യമെടുക്കുകയാണെങ്കിൽ കറൻസിരഹിത രാജ്യമാകാനുള്ള തയ്യാറെടുപ്പിലാണ് രാജ്യമിപ്പോൾ. അതിനുള്ള ആദ്യനടപടിയെന്ന രീതിയിൽ കേന്ദ്രസർക്കാർ നോട്ട് അസാധുവാക്കൽ പ്രക്രിയ കൊണ്ടു വന്നു. ഇതിനു മുൻപ് ഇന്ത്യയിൽ കറൻസി ഇടപാട് 78 ശതമാനവും ഡിജിറ്റൽ പണമിടപാട് 22 ശതമാനവും ആയിരുന്നു. കറൻസി രഹിത രാജ്യമാകാൻ ഇന്ത്യയിലുള്ള സാധ്യതകൾ കണക്കിലെടുക്കുകയാണെങ്കിൽ നിലവിൽ രാജ്യത്ത് മൊബൈൽ ബാങ്കിങ് ഉപഭോക്താക്കൾ - 35 ലക്ഷം, ഡെബിറ്റ് കാർഡ് ഉപഭോക്താക്കൾ - 1.22 കോടി, ക്രെഡിറ്റ് കാർഡ് ഉപഭോക്താക്കൾ - 78 ലക്ഷം, എ.ടി.എമ്മുകൾ - 2.2 ലക്ഷം, സൈ്വപ്പിംഗ് മെഷീനുകൾ - 15 ലക്ഷം, രാജ്യത്തെ ഒരു വർഷത്തെ ഡിജിറ്റൽ ഇടപാട് - 1.6 ലക്ഷം കോടി എന്നിങ്ങനെയാണ്. ഈ സാധ്യതകൾ നിലനിൽക്കേ പണമില്ലാ പ്രതിസന്ധി തരണം ചെയ്യുന്നതിൽ ഡിജിറ്റൽ മേഖലയുടെ ഇടപെടലുകൾ അംഗീകരിക്കാതിരിക്കാനാവില്ല. നോട്ട് നിരോധനത്തിനുശേഷം ഡിജിറ്റൽ പേമെന്റ് കമ്പനികൾക്ക് 267% വളർച്ചയുണ്ടായതായി കേന്ദ്രസർക്കാർ അറിയിച്ചിരിക്കുന്നു. ഡിജിറ്റൽ പണമിടപാടുകൾ വ്യാപകമാക്കാൻ 20 ലക്ഷം സൈ്വപ്പിംഗ് മെഷീനുകൾ സ്ഥാപിക്കണമെന്ന് എസ്.ബി.ഐ. തയ്യാറാക്കിയ ഒരു റിപ്പോർട്ട് പറയുന്നു. ഡിജിറ്റൽ ഇടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിനായി ലക്കി ഗ്രാഹക് യോജന, ഡിജിധൻ വ്യാപാർ എന്നീ പേരുകളിൽ നറുക്കെടുപ്പിലൂടെ പാരിതോഷികങ്ങൾ നൽകാനുള്ള പദ്ധതികൾ കൊണ്ടു വന്നിരിക്കുകയാണ് കേന്ദ്രസർക്കാർ. ഡിസംബർ 25 മുതലുള്ള 100 ദിവസങ്ങളിൽ 50 രൂപ മുതൽ 3000 രൂപ വരെയുള്ള ഡിജിറ്റൽ ഇടപാടുകൾ നടത്തുന്ന ദരിദ്ര, മധ്യവർഗ്ഗ ജനങ്ങളെയും ചെറുകിട വ്യാപാരികളെയും ഉൾപ്പെടുത്തിയാണ് ഈ പദ്ധതികൾ തയ്യാറാക്കിയിട്ടുള്ളത്.

കൂടാതെ വിവര, വിദ്യാഭ്യാസ, വിനിമയ മേഖലകളിൽ ഇൻസെന്റീവുകളും നല്ല രീതിയിൽ ഡിജിറ്റൽ പണമിടപാടുകൾ നടത്തുന്ന ജില്ലകൾക്ക് ഡിജിറ്റൽ പേമെന്റ് ചാമ്പ്യൻസ് ഓഫ് ഇന്ത്യ എന്ന അവാർഡും 50 പഞ്ചായത്തുകൾക്ക് ഡിജിറ്റൽ പേമെന്റ് അവാർഡും നൽകും.



**ഇന്ത്യയിലെ ആദ്യ ഡിജിറ്റൽ സംസ്ഥാനമാണ് കേരളം**

ഈ രംഗത്തേക്കുള്ള കേരളത്തിന്റെ കാൽവയ്പുകൾ പരിശോധിക്കുകയാണെങ്കിൽ ഡിജിറ്റൽ ഇന്ത്യയെ അതിവേഗം സ്വീകരിച്ചിരിക്കുകയാണ് ഡിജിറ്റൽ കേരളം എന്നു കാണാം. ഇതിനായി കേരളത്തിലെ ഐ.ടി വകുപ്പ് 14 ജില്ലകളിലായി ആരംഭിച്ചിരിക്കുന്ന '*ഡിജിറ്റൽ സാമ്പത്തിക യജ്ഞം*' ലക്ഷ്യമിട്ടിരിക്കുന്നത് സമൂഹത്തിലെ താഴെത്തട്ടിലെ ജനങ്ങളെ ഡിജിറ്റൽ മേഖലയിലേക്ക് എത്തിക്കുക എന്നതാണ്. അക്ഷയകേന്ദ്രങ്ങൾ, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, കുടുംബശ്രീ, സർക്കാർ-അർദ്ധ സർക്കർ സ്ഥാപങ്ങൾ തുടങ്ങിയവ ഇതിനായി ഓൺലൈൻ രംഗത്തുണ്ട്. ഡിസംബർ 15 മുതൽ 2654 അക്ഷയകേന്ദ്രങ്ങൾ '*ക്യാഷ്‌ലെസ് ആയി പോകാം*' എന്ന പ്രചരണം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ അനേകം ബോധവൽക്കരണ പരിപാടികൾകൂടി സംഘടിപ്പിച്ചിട്ടുണ്ട്. ഇതിലൂടെ 2500-ഓളം പുതിയ വ്യാപാരികളെ ഡിജിറ്റൽ പണമിടപാടുകളിലേക്ക് കൊണ്ടു വന്നിട്ടുണ്ട്. വികാസ് പീഡിയ കേരളയുടെ ബോധവൽക്കരണ പരിപാടിയിലൂടെ എല്ലാ ജില്ലകളിലെയും പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളിൽ നിന്നും 40 വീതം പൊതുജനങ്ങളെയും 10 വ്യാപാരസ്ഥാപനങ്ങളെയും ഡിജിറ്റൽ മേഖലയിലേക്ക് കൊണ്ടു വരാൻ പദ്ധതിയിട്ടിട്ടുണ്ട്.

രാജ്യത്തെ ആദ്യ കറൻസിരഹിത പണമിടപാട് എന്ന ഖ്യാതിയിലേക്ക് കേരളത്തിലെ മലപ്പുറം ജില്ല പൊയ്ക്കൊണ്ടിരിക്കുകയാണ്. ഇതിനായി ജില്ലാ ഭരണകൂടം, "*എന്റെ മലപ്പുറം ഡിജിറ്റൽ മലപ്പുറം*" എന്ന പേരിൽ പദ്ധതി തുടങ്ങുകയും ജനുവരി ഒന്നു മുതൽ 138 ഡിജിറ്റൽ ട്രാൻസാക്ഷൻ വില്ലേജുകൾ തുടങ്ങാനിരിക്കുകയുമാണ്. 'യുവജനങ്ങളുടെ സഹകരണത്തോടെ മുതിർന്ന പൗരന്മാരിലേക്കും സാധാരണക്കാരിലേക്കും ഡിജിറ്റൽ പണമിടപാടുകളുടെ ഉപയോഗരീതി പരിചയപ്പെടുത്താം' എന്ന പ്രധാനമന്ത്രിയുടെ വാക്കുകൾ എല്ലാവരും പരിഗണനയിലെടുത്താൽ പരിമിത കറൻസി സമ്പദ്‌വ്യവസ്ഥ എന്ന ലക്ഷ്യം എളുപ്പം പൂർത്തീകരിക്കാം. ഡിജിറ്റൽ പണമിടപാടുകളുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് മറുപടി നൽകാനായി '*14444*' എന്ന ഹെൽപ്‌ലൈൻ നമ്പർ പുറത്തിറക്കാൻ സർക്കാർ ആലോചിക്കുന്നുണ്ട്. കമ്പ്യൂട്ടർ ചിപ്പ് നിർമ്മാതാക്കളായ കാൽക്കോമിന്റെ റിപ്പോർട്ട് പ്രകാരം ഡിജിറ്റൽ പേയ്മെന്റ് സംവിധാനങ്ങളിൽ ഹാർഡ്‌വെയർ തലത്തിൽ സുരക്ഷിതത്വമില്ലെന്ന കണ്ടെത്തൽ ജനങ്ങളെ ആശങ്കാകുലരാക്കുന്നുണ്ടെങ്കിലും ഡിജിറ്റൽ പണമിടപാടുകളിൽ ഉപഭോക്താക്കളുടെ സുരക്ഷ ഉറപ്പുവരുത്താനുള്ള നടപടികൾ കൂടി കേന്ദ്രസർക്കാർ കൈക്കൊണ്ടിട്ടുണ്ടാകുമെന്നു തന്നെയാണ് കരുതേണ്ടത്.

കുറഞ്ഞ കറൻസി പണമിടപാടുകളിലൂടെ പരിമിത കറൻസി സമ്പദ്‌വ്യവസ്ഥ എന്ന നിലയിലേക്ക് ഇന്ത്യ മുന്നേറിക്കൊണ്ടിരിക്കുമ്പോൾ ഡിജിറ്റൽ പണമിടപാടുകളുടെ അനന്തമായ സാധ്യതകൾ അംഗീകരിക്കാതിരിക്കാൻ കഴിയില്ല. സ്വന്തമായി ഒരു ഫോണും ബാങ്കിൽ ഒരു അക്കൗണ്ടുമുണ്ടെങ്കിൽ ഇന്നത്തെ നോട്ട് പ്രതിസന്ധിക്കിടയിലും നിഷ്പ്രയാസം പണമിടപാടുകൾ നടത്താമെന്ന തിരിച്ചറിവിലേക്ക് ഇന്ത്യൻ ജനതയെ കൈപിടിച്ചുയർത്താനാണ് കേന്ദ്രസർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഈ ശ്രമം വിജയകരമാക്കാൻ ഡിജിറ്റൽ പണമിടപാടുകളുടെ സാധ്യതകളെ കൂടുതൽ ഉൾക്കൊണ്ടുകൊണ്ട് നമുക്ക് മുന്നേറാം.

*(തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജിൽ കോമേഴ്സ് വിഭാഗം ഗവേഷകയാണ് ലേഖിക)*

# സഹകരണ മേഖലയിലെ പ്രതിസന്ധികളും ശാക്തീകരണ മാർഗങ്ങളും

ഡോ. ഇന്ദു എം.ആർ.

സമൂഹത്തിന്റെ അടിത്തട്ടുമായി ഏറ്റവുമധികം അടുപ്പമുള്ള ധനകാര്യ സ്ഥാപനമെന്ന നിലയിൽ സഹകരണ സ്ഥാപനങ്ങൾ സാമ്പത്തികാഭിവൃദ്ധി സംജാതമാക്കുന്നതിൽ വഹിക്കുന്ന പങ്ക് വലുതാണ്. കാർഷിക വായ്പയിലൂടെയും ചെറുകിട സംരംഭങ്ങൾ, സ്വയംസഹായ സംഘങ്ങൾ തുടങ്ങിയവയ്ക്കു വേണ്ടി വായ്പകൾ നൽകുന്നതിലൂടെയും സഹകരണ സ്ഥാപനങ്ങൾ സമുഹത്തിൽ കൂടുതലായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും അതുവഴി ദാരിദ്ര്യ നിർമ്മാർജനം നടത്തുകയും ചെയ്യുന്നു. കൃഷിയിറക്കുന്നതിനും വീടു വയ്ക്കുന്നതിനും മക്കളുടെ വിദ്യാഭ്യാസത്തിനും വിവാഹാവശ്യത്തിനും തുടങ്ങി ഒട്ടുമിക്ക കാര്യത്തിനും സാധാരണക്കാരൻ അഭയം പ്രാപിക്കുന്നത് സഹകരണ ബാങ്കുകളിലാണ്. ഇതിനു പുറമേ പ്രാഥമിക സംഘങ്ങൾ നാനാവിധത്തിലുള്ള കാർഷിക വാണിജ്യ സേവനങ്ങളും ജനങ്ങൾക്ക് നൽകുന്നുണ്ട്. ന്യായ വില ഷോപ്പുകൾ, നീതി മെഡിക്കൽ സ്റ്റോറുകൾ, കാർഷിക സേവന കേന്ദ്രങ്ങൾ തുടങ്ങി നിരവധി സംരംഭങ്ങൾ സഹകരണ ബാങ്കുകളുടെ നേതൃത്വത്തിൽ നടക്കുന്നു. അത്തരത്തിൽ സാധാരണക്കാരന്റെ നിത്യജീവിതത്തിലെ എല്ലാ മേഖലകളിലേക്കും സഹകരണ സംഘങ്ങൾ സ്വാധീനം ചെലുത്തിവരുന്നുണ്ട്.

കേന്ദ്ര സർക്കാരിന്റെ കറൻസി നിരോധനത്തോടൊപ്പം റിസർവ് ബാങ്കിന്റെ നിബന്ധനകളും കർക്കശമാക്കിയത് സംസ്ഥാനത്തെ സഹകരണ മേഖലയുടെ പ്രവർത്തനത്തെ സാരമായി ബാധിച്ചു. അതോടെ നിലച്ചത് പ്രതിദിനം 75000 കോടി രൂപയുടെ ക്രയവിക്രയമാണ്. സംസ്ഥാനത്തെ പതിനാല് ജില്ലാ സഹകരണ ബാങ്കുകൾക്ക് 783 ശാഖകളും, 1604 പ്രാഥമിക സഹകരണസംഘങ്ങൾക്ക് 4000 ശാഖകളുമാണുള്ളത്. ഇതിനു പുറമെ 60 അർബൻ സഹകരണ ബാങ്കുകളും മറ്റു പല തരം സഹകരണ സംഘങ്ങളും കൂടി ആകുമ്പോൾ സഹകരണ മേഖലയിലെ മൊത്തം നിക്ഷേപം 1.4 കോടി രൂപയോളമാകും. ഇതിന്റെ 80 ശതമാനം പ്രാഥമിക സംഘങ്ങളുടേതാണ്. ഏതാണ്ട് ഒന്നര കോടിയോളം ഇടപാടുകാരാണ് സഹകരണ സംഘങ്ങളിൽ ഉള്ളത്. സഹകരണ മേഖലയിൽ വീഴ്ചയുണ്ടാകുമ്പോൾ ഗ്രാമീണ സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ലാണ് തകരുന്നത്. പ്രശ്നങ്ങളെ അതിജീവിക്കാനുള്ള മാർഗങ്ങൾ ഈ അവസരത്തിൽ സഹകരണ മേഖല യുദ്ധകാലാടിസ്ഥാനത്തിൽ ചില സ്വീകരിക്കേണ്ടതാണ്. ചില കണ്ടെത്തലുകൾ ചുവടെ:

(1) കെവൈസി (KYC) മാനദണ്ഡങ്ങളും, റ്റിഡിഎസും (TDS) റിസർവ് ബാങ്കിന്റെ പരിശോധനയ്ക്ക് വിധേയമാക്കണം.

(2) ബാങ്കിംഗ് നിയമങ്ങൾ അനുസരിച്ച് മാത്രം ഇടപാടുകൾ നടത്തണം. സാമ്പത്തിക ഇടപാടുകൾ സുതാര്യമായിരിക്കാൻ ശ്രദ്ധിക്കണം.

(3) ഓരോ സംഘവും അതാതിന്റെ ഉദ്ദേശ്യ ലക്ഷ്യത്തിനുതകുന്ന രീതിയിൽ പ്രവർത്തിക്കാൻ ശ്രദ്ധിക്കണം.

ഈ മാർഗങ്ങളിലൂടെ സഹകരണ സ്ഥാപനങ്ങൾക്ക് അവരുടെ വിശ്വാസ്യത നിലനിർത്താൻ സാധിക്കും. സാമ്പത്തിക വികസനത്തിൽ പങ്കാളികളാകാൻ സഹകരണ മേഖല രണ്ടുതരത്തിൽ വളരണം.

(1) സൊസൈറ്റികളുടെ ഇപ്പോഴത്തെ പ്രവർത്തന രീതി മെച്ചപ്പെടുത്തുക.

(2) പുതിയ സേവന വികസന മേഖലകൾ കണ്ടെത്തി അവിടേക്ക് ഇറങ്ങി ചെല്ലുക.

ഇപ്പോഴത്തെ പ്രവർത്തനം മെച്ചപ്പെടുത്താൻ സ്വീകരിക്കേണ്ട മാർഗങ്ങൾ:

(a) നിയമാനുസൃതമായി പരമാവധി പലിശ നൽകി നിക്ഷേപം സ്വീകരിച്ചുകൊണ്ട് വിഭവ

സമാഹരണം നടത്തുക. വായ്പ നൽകുമ്പോൾ നൽകുമ്പോൾ വ്യക്തിബന്ധങ്ങൾ പരിഗണിക്കാതെ തിരിച്ചടവിനുള്ള കഴിവുണ്ടോ (സ്ഥിര വരുമാനം) എന്നതായിരിക്കണം മാനദണ്ഡം. വായ്പ തിരിച്ചടവ് കൃത്യമായി നിരീക്ഷിക്കുകയും വേണം.

(b) തരള ധനം(fluid reserve) വ്യവസ്ഥകൾക്ക് അനുസരിച്ച് സൂക്ഷിക്കുന്നതു വഴി നിക്ഷേപകരുടെ വിശ്വാസ്യത നേടിയെടുക്കാവുന്നതാണ്.

(c) മിതവ്യയം പാലിക്കുക, നിഷ്ക്രിയ അംഗങ്ങളെ പിരിച്ചുവിടുക, വരവു ചെലവു കണക്കുകളിലും, നിക്ഷേപത്തിന്റെയും വായ്പയുടെയും കണക്കുകളിലും സുതാര്യത ഉറപ്പുവരുത്തുക, സംഘത്തിന്റെ നടത്തിപ്പു ചെലവുകളിൽ നിയന്ത്രണം ഉണ്ടാക്കുക എന്നീ മാർഗങ്ങളിലൂടെ സാമ്പത്തിക അച്ചടക്കം പാലിക്കുക.

(d) പ്രൊഫഷണലിസം നടപ്പാക്കുക: വിവര സാങ്കേതിക വിദ്യ, ബാങ്കിംഗ് മേഖലയിലെ മാറ്റങ്ങൾ എന്നീ വിഷയങ്ങളിൽ ആനുകാലിക പ്രാധാന്യത്തോടു കൂടി പരിശീലന ക്ലാസുകൾ നൽകുക വഴി ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കണം. താമസംവിനാ സേവനങ്ങൾ ലഭ്യമാക്കുന്നതിനും ജോലിഭാരം കുറയ്ക്കുന്നതിനുമായി കാഷ് കൗണ്ടിംഗ് മെഷീൻ, കംപ്യൂട്ടർ ഉപയോഗം, ടോക്കൻ സൗകര്യം തുടങ്ങിയവ സാദ്ധ്യമാക്കുക. മൊബൈൽ ബാങ്കിംഗ്, ഇ-പേയ്മെന്റ്, ഓൺലൈൻ ഇടപാട് തുടങ്ങിയ സൗകര്യങ്ങൾ എല്ലാ തരം ബാങ്കുകളിലും സാദ്ധ്യമാക്കുക വഴി വിനിമയ നിരക്ക് കൂട്ടാൻ സാധിക്കും.

വികസനം പൂർണ്ണമായും സാദ്ധ്യമാകണമെങ്കിൽ സഹകരണ സ്ഥാപനങ്ങൾ അവരുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതോടൊപ്പം അവരുടെ പ്രവർത്തനം പുതിയ മേഖലയിലേയ്ക്ക് കൂടി തിരിച്ചുവിടണം. നിക്ഷേപം മുഴുവനും വായ്പയായി മാറ്റേണ്ടതാണ്. വായ്പയേക്കാൾ കൂടുതൽ നിക്ഷേപം ആയാൽ അത് അധിക ബാദ്ധ്യതയാവും. നിക്ഷേപം മുഴുവനും വായ്പ നൽകുന്നതു വഴി പണത്തിന്റെ വിനിമയമൂല്യം വർദ്ധിക്കും. അതിന് സംഘങ്ങൾ തമ്മിലും സംഘങ്ങളിലെ ജീവനക്കാർ തമ്മിലും പ്രവർത്തനത്തിൽ യോജിപ്പും സുതാര്യതയും വേണം. ഉദാഹരണത്തിന്, നഗരപ്രദേശങ്ങളിലുള്ള സൊസൈറ്റികൾക്ക് മാലിന്യ ശേഖരണം, സോളാർ പാനൽ സ്ഥാപിക്കൽ, ശുദ്ധജലം സംഭരിച്ചു നൽകൽ തുടങ്ങിയ പ്രവർത്തനങ്ങളിൽ ഏർപ്പെടാം. അതുവഴി കിട്ടുന്ന തുച്ഛമായ വരുമാനം സംഘങ്ങളുടെ പ്രവർത്തനത്തിന് ഉപയോഗിക്കാം.

ഗ്രാമീണ മേഖലയിലെ സംഘങ്ങൾ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉണ്ടാക്കുന്നതിനു സ്വയം പര്യാപ്ത കൈവരിച്ചാൽ അത് സംഘങ്ങൾക്ക് ചെറുകിട വ്യവസായങ്ങൾ നടത്താനും തരിശായ സ്ഥലങ്ങളിൽ കൃഷിയിറക്കാനും കാർഷികാവശ്യങ്ങൾക്കുള്ള വളം, യന്ത്രോപകരണങ്ങൾ എന്നിവ സബ്സിഡിയിനത്തിൽ നൽകാനും സഹായിക്കുന്നു.

കാർഷിക മേഖലയിൽ നെല്ല് ചെറിയ സംസ്കരണ യൂണിറ്റ് വഴി അരിയാക്കി മാറ്റി അതു നഗരപ്രദേശത്തു വിൽക്കാനാകും. കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കുക വഴി കൂടുതൽ പാൽ, മുട്ട, ഇറച്ചി എന്നിവ ഉൽപ്പാദിപ്പിച്ച് നഗരങ്ങളിലെ സൊസൈറ്റികൾ വഴി വിതരണം ചെയ്യാനാകും. ഇപ്രകാരമുള്ള നടപടികൾ വഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും വിഷരഹിതമായ ഭക്ഷ്യവസ്തുക്കൾ ജനങ്ങൾക്ക് നൽകാനും സാധിക്കും. അതോടൊപ്പം സൊസൈറ്റികൾക്ക് (ഗ്രാമീണ മേഖലയിലേയും നഗരപ്രദേശങ്ങളിലേയും) അധികലാഭവും നേടാനാവും.

സഹകരണ പ്രസ്ഥാനം രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയുടെ ആണിക്കല്ല് ആണെന്നുള്ളത് ആദ്യം തിരിച്ചറിയേണ്ടത് സഹകരണ പ്രസ്ഥാനത്തിലെ അംഗങ്ങൾ തന്നെയാണ്. നിർബന്ധ ബുദ്ധിയും പിടിവാശിയും ഉപേക്ഷിച്ച് റിസർവ് ബാങ്കിന്റെ നിബന്ധനകൾ അനുസരിച്ച് പ്രവർത്തിച്ചാൽ മാത്രമെ സഹകരണ സ്ഥാപനങ്ങളുടെ വിശ്വാസ്യത നിലനിർത്താൻ സാധിക്കുകയുള്ളു. ഇപ്പോഴുള്ള പ്രവർത്തന രീതി മെച്ചപ്പെടുത്തുന്നതോടൊപ്പം വൈവിധ്യവത്കരണത്തിലൂടെ പുതിയ സംരംഭങ്ങൾ തുടങ്ങുന്നതു വഴി മറ്റേതൊരു വാണിജ്യ ബാങ്കിംഗ് ശൃംഖലയോടും കിടപിടിക്കുന്ന ഒന്നാണ് സഹകരണ മേഖല എന്ന് തെളിയിക്കാൻ സാധിക്കും. അതിനു നിരന്തരം ഐക്യത്തോടെ ഇനിയും പരിശ്രമിക്കേണ്ടിയിരിക്കുന്നു.

*(കേരള യൂണിവേഴ്സിറ്റിയിൽ നിന്നും സാമ്പത്തികശാസ്ത്രത്തിൽ പി.എച്ച്.ഡി ഹോൾഡറാണ് ലേഖിക)*

## നിങ്ങൾക്കറിയാമോ?

# നിയമസാധുതയുള്ള പണവും (ലീഗൽ ടെണ്ടർ) അതിന്റെ മൂല്യവും

സാമ്പത്തികമായ കൊടുക്കൽ വാങ്ങലുകൾക്ക് പൊതുവിൽ അംഗീകരിച്ചിരിക്കുന്ന ഒരു സാമ്പത്തിക മാധ്യമമാണ് നിയമപരമായ പണം. സാധാരണയായി പ്രത്യേക കടലാസിൽ മുദ്രണം ചെയ്ത കറൻസി നോട്ടുകളാണ് സമൂഹത്തിൽ പ്രചരിക്കുന്ന നിയമപരമായ എല്ലാ പണവും. നിയമപരമായി അംഗീകരിച്ചിരിക്കുന്ന ഈ പണത്തിൽ സൂചിപ്പിച്ചിരിക്കുന്ന സംഖ്യ അഥവാ തുക ഓരോ രാജ്യത്തും വ്യത്യസ്തമായിരിക്കും. നിയമമൂല്യമുള്ള പണം എന്നും ഇതിനെ വിളിക്കുന്നു.

നിയമമൂല്യമുള്ള പണം രണ്ടു തരമുണ്ട്.

1. **നിയന്ത്രിത കറൻസി:** ഒരു പരിധി വരെയുള്ള ബാധ്യത വീട്ടുന്നതിനായി നല്കാവുന്ന നാണയമാണ് ഇത്. പരിധി കഴിഞ്ഞും ഇത് നല്കിയാൽ ഒരാൾക്ക് ഇത് നിഷേധിക്കാം. അതിന് നിയമപരമായി നടപടിയില്ല. ഇന്ത്യയിലെ ലോഹ നാണയങ്ങൾ ഇത്തരം നിയന്ത്രിത പണമാണ്.

2. **നിയന്ത്രണ രഹിതവും നിയമപരവുമായ കറൻസി:** ഏത് തുകയ്ക്കുള്ള ബാധ്യതയ്ക്കും പകരമായി നല്കാവുന്ന പണമാണ് ഇത്. ഇത് കൈപ്പറ്റാൻ വിസമ്മതിക്കുന്നവർക്കെതിരെ നിയമ നടപടി സ്വീകരിക്കാം. ഇന്ത്യ ഗവൺമെന്റ് നല്കുന്ന കടലാസ് നോട്ടുകൾ അഥവാ കടലാസ് കറൻസി ഇത്തരം പണമാണ്. നിയമപരമായ പണം എന്നാൽ ഋണബാധ്യതയ്ക്കു പകരം തത്തുല്യ മൂല്യമുള്ളതായി നല്കാൻ രാജ്യത്തെ നിയമം അംഗീകരിച്ചിട്ടുള്ള പണം എന്നാണ്. ഇതു നല്കിയാൽ ബാധ്യതയ്ക്കു പകരം അത് സ്വീകരിച്ച് ബാധ്യത ഒഴിഞ്ഞുകൊടുക്കണം. ഇന്ത്യൻ റിസർവ് ബാങ്ക് നിയമം-1934 ആണ് ബാങ്ക് നോട്ടുകൾ നല്കാൻ കേന്ദ്ര ബാങ്കിനെ പൂർണമായി അധികാരപ്പെടുത്തിയിരിക്കുന്നത്. അതു പ്രകാരം ഓരോ ബാങ്ക് നോട്ടും അതിൽ അടയാളപ്പെടുത്തിയിരിക്കുന്ന തുകയക്ക് പകരം ഇന്ത്യയിൽ എവിടെയും കൈമാറുന്നതിന് നിയമസാധുതയുള്ളതാണ്.

പണത്തിന്റെ നിയമപരമായ പദവി അംഗീകരിക്കലും അസാധുവാക്കലും പ്രധാനപ്പെട്ടതാണ്. കാരണം കടലാസ് പണത്തിന് അതിന്റെ എല്ലാ മൂല്യവും ലഭിക്കുന്നത് ഗവൺമെന്റ് അത് അംഗീകരിക്കുന്നതു കൊണ്ടു മാത്രമാണ്. ഒരു ചെറിയ കടലാസ് കഷണത്തെ കൈമാറ്റം ചെയ്യാനും നിശ്ചിതമായ മൂല്യശേഖരമെന്ന നിലയിൽ കൈവശം വയ്ക്കാനും വ്യക്തികൾക്കു സാധിക്കണമെങ്കിൽ അതിന് പൊതു സമൂഹത്തിൽ അനിഷേധ്യമായ സ്വീകാര്യത വേണം. ഈ ഉറപ്പിനായി കടലാസ് കറൻസി നോട്ട് കൈവശം വച്ചിരിക്കുന്ന ആൾ അത് നല്കിയാൽ തത്തുല്യമായ തുകയ്ക്ക് പകരമാകും എന്ന് ഇന്ത്യൻ റിസർവ് ബാങ്ക് ഓരോ നോട്ടിനും ഒപ്പം വാഗ്ദാനം നല്കുന്നുണ്ട്.

**നിയമസാധുത ഇല്ലാത്ത പണം:** ഇത് പൊതുവെ സ്വീകാര്യമാണ് പക്ഷെ, നിയമപരമായി അത് സ്വീകരിക്കണമെന്ന് ആരെയും നിർബന്ധിക്കാൻ ആവില്ല. ചെക്കുകൾ, ബാങ്ക് ഡ്രാഫ്റ്റുകൾ, പോസ്റ്റൽ ഓർഡർ തുടങ്ങിയവ നിയമപരമായി മൂല്യമുള്ളവയല്ല. പക്ഷെ കടക്കാരൻ, അല്ലെങ്കിൽ വായ്പയെടുത്തയാൾ, കച്ചവടക്കാരൻ തുടങ്ങിയ കക്ഷികൾ സ്വന്തം ഇഷ്ടപ്രകാരം ഇവ സ്വീകരിക്കുന്നു. ഇതിനെ ബദൽ പണം എന്നു വേണമെങ്കിൽ വിളിക്കാം. കാരണം അതിനു നിയമപരമായി മൂല്യമില്ല. അവയുടെ സ്വീകര്യതയും ഐശ്ചികമാണ്.



(കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയത്തിനു കീഴിലെ പ്രസിദ്ധീകരണ വിഭാഗം പുറത്തിറക്കിയ ഇന്ത്യയിലെ കോടതികളുടെ ചരിത്രവും പരിണാമവും സമഗ്രമായി വിശകലനം ചെയ്യുന്ന 'Courts of India: Past to Present' പുസ്തകത്തിന്റെ കവർ ചിത്രം. ഇന്ത്യൻ നീതിന്യായ വ്യവസ്ഥയുടെ ചരിത്രത്തിലെ പ്രഗത്ഭരായ ന്യായാധിപരുടേയും അഭിഭാഷകരുടേയും നിയമവിദഗ്ധരുടേയും രചനകൾ ക്രോഡീകരിച്ചതാണ് ഈ അപൂർവ സമാഹാരം)



(ന്യൂഡൽഹിയിലെ പ്രഗതി മൈതാനത്ത് ജനുവരി 7 മുതൽ 15 വരെ നടന്ന അന്താരാഷ്ട്ര പുസ്തകോത്സവത്തിൽ ഒരുങ്ങിയ കേന്ദ്ര ഗവൺമെന്റിന്റെ പ്രസിദ്ധീകരണ വിഭാഗം ഹാൾ. പുസ്തകാസ്വാദകരുടെ ബാഹുല്യം കൊണ്ട് ശ്രദ്ധേയമായ ഇത്തവണത്തെ പുസ്തകോത്സവത്തിൽ ഈ ഹാളിൽ നിന്നും 17 ലക്ഷത്തിൽപരം രൂപയുടെ പുസ്തകങ്ങളാണ് ഒൻപതു ദിവസത്തിനിടെ വിറ്റഴിഞ്ഞത്)

**Yojana (Malayalam) February, 2017 Price Rs.22/- RNI No.22588/72 Postal Regn.KL/TV(S)/29/2015-17**
Licensed to post without pre-payment : KL/TV(S)/WPP/172/2015-17
Published on 1st February 2017

www.neoias.com facebook.com/neoias

NEO IAS
Turning Dreams into Reality

# MALAYALAM LITERATURE

- Complete Coverage of Syllabus
- Printed study Material for every Topic
- Model Tests and Individual Guidance

For Model Classes and Sample Notes
Please refer to www.neoias.com

T.C. 26.859/2, Twinkle Plaza, Panavila Junction, Trivandrum - 695014
39/4078 [61/2810], Ravipuram Road, Ravipuram, Kochi-682016
Mobile: +91 9446331522, +91 9446334122

Watch our Latest Free Videos and Subscribe www.youtube.com/neoias

www.neoias.com | info@neoias.com 9947618139

ഇന്ത്യാ ഗവൺമെന്റിന്റെ പബ്ലിക്കേഷൻസ് ഡിവിഷനുവേണ്ടി **അഡീഷണൽ ഡയറക്ടർ ജനറൽ ഡോ. സാധനാ റാവുത്**
എസ്.ബി. പ്രസ്സ് (പ്രൈവറ്റ്) ലിമിറ്റഡിൽ അച്ചടിച്ച് തിരുവനന്തപുരത്തെ ഗവ. പ്രസ്സ് റോഡിലുള്ള യോജന ഓഫീസിൽ നിന്ന് പ്രസാധനം ചെയ്യുന്നത്.
**ചീഫ് എഡിറ്റർ - ദീപിക കച്ചൽ, സീനിയർ എഡിറ്റർ - ധന്യ സനൽ കെ.**